# ജീവദീപ്തി

jeevadeepthi@gmail.com

*March 2026 Book 03 Volume 16*



**വാടാനല്ല...**
**നേടാൻ ഞാനുമുണ്ട്**

# St. Joseph's Church & Shrine of St.Jude Thevara



## വ്യാഴാഴ്ചകളിലെ തിരുകർമ്മങ്ങൾ

രാവിലെ രാവിലെ 5.45 ന് നൊവേന 6 നും 7 നും 10.30 നും ഉച്ചകഴിഞ്ഞ് 3.45 നും 5.30 നും
ദിവ്യബലി, നൊവേന, ആരാധന, **7.15 pm Holy Mass, Novena Adoration (English)**

**മാസാദ്യ വ്യാഴം രോഗികൾക്കായുള്ള പ്രത്യേക ശുശ്രൂഷകൾ ഉണ്ടായിരിക്കും**

**ഞായർ രാവിലെ 6 നും 7 നും 8.30 നും ദിവ്യബലി**

വൈകിട്ട് 5.30 ന് **Holy Mass (English)**

ഇടദിവസങ്ങളിൽ രാവിലെ 6 നും 7 നും ഉച്ചകഴിഞ്ഞ് 5.30 നും ദിവ്യബലി

**ചൊവ്വാഴ്ച** വൈകിട്ട് 5.30 ന് സെന്റ് ആന്റണീസ് കപ്പേളയിൽ ദിവ്യബലി, നൊവേന

ബുധൻ രാവിലെ 7നും വൈകിട്ട് 5.30നും ദിവ്യബലി,
തുടർന്ന് **വി. യൗസേപ്പിതാവിന്റെ നൊവേന**


**ST JOSEPH CHURCH & ST JUDE SHRINE, THEVARA**

ARCHDIOCESE OF VERAPOLY, ROMAN CATHOLIC LATIN CHURCH, KOCHI - 682 013, KERALA,
PH : 0484 - 2663774, contact@stjudethevara.org, Web : www.stjudethevara.org



**ഫാ. ആന്റണി റാഫേൽ**
**കൊമരംചാത്ത്**

# Living Lent After Lent

നോമ്പുകാലത്തെ വിശുദ്ധമായ ദിനങ്ങളിലൂടെ നാം യാത്രചെയ്യുകയാണ്. ഈ യാത്ര പഴയതുപോലെയല്ല. പഴയതിൽ പതിരായത് പലതും മാറ്റി പുതുക്കാൻ വേണ്ടി ദൃഢനിശ്ചയത്തോടെയുള്ള യാത്രയാണ്. പക്ഷേ, ഈ തീരുമാനം നോമ്പ് ആരംഭിച്ച നാൾ മുതൽ ഈസ്റ്റർ വരെയാണ്. എങ്കിൽ നമ്മുടെ നോമ്പാചരണത്തിന് എന്താണ് പ്രസക്തി? നാല്പതുദിനങ്ങൾക്കപ്പുറത്തേക്കും നമ്മുടെ നോമ്പുകാലം വിശുദ്ധമായി തുടരുന്നിടത്താണ് ജീവിതം സുന്ദരമാകുന്നത്. ഈ നാല്പതു ദിനങ്ങളിലെ ആത്മീയ ചൈതന്യം ലിറ്റർജിക്കൽ കാലത്തിനപ്പുറം നമ്മുടെ അനുദിന ജീവിതത്തിന്റെ ഭാഗമായി മാറണം. കേവലം ഒരു കാലഘട്ടത്തിൽ ഒതുക്കിനിർത്താതെ ഹൃദയത്തിൽ നിരന്തരം നോമ്പ് കാത്തുസൂക്ഷിക്കാം എന്നത് ഒരു തീരുമാനമാകണം. അതിന് നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്തണം. നമ്മുടെ വിശ്വാസ സ്ഥിരതയിൽ നമുക്ക് ജീവിക്കാം.

ഒരു സാരോപദേശ കഥ ഇപ്രകാരം: ഒരു മനുഷ്യൻ യേശുവിനോടു ചോദിച്ചു.“യേശുവേ... വിശ്വാസം ഉണ്ടെങ്കിൽ അത്ഭുതം നടക്കും എന്നു പറഞ്ഞില്ലേ... എങ്കിൽ എല്ലാവർക്കും അത്ഭുതം സംഭവിക്കാത്തത് എന്തുകൊണ്ട്? ഇതൊരു പറ്റിക്കലല്ലേ?” ഗൗരവമായി മറുപടി പറഞ്ഞു ‘നീ വിശ്വാസത്തെ അത്ഭുതം ഉണ്ടാക്കുന്ന ഒരു ബട്ടൺ ആക്കിയിരിക്കുന്നു.” വിശ്വാസം എന്നത് ദൈവത്തെ നിയന്ത്രിക്കുന്ന ശക്തിയല്ല. ദൈവത്തിൽ ആശ്രയിക്കുന്ന ഹൃദയമാണ്.അവൻ തുടർന്നു ചിലപ്പോൾ അത്ഭുതം സംഭവിക്കും.കുരുടന് കാഴ്ച കിട്ടും. മുടന്തൻ നടക്കും.മരണവും തോൽക്കും.പക്ഷേ ചിലപ്പോൾ അത്ഭുതം സംഭവിക്കില്ല. നീ പൗലോസിനെ വായിച്ചിട്ടില്ലേ? അവൻ അവന്റെ വേദന നീങ്ങാൻ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു. അവന്റെ വേദനയുടെ മുള്ള് നീങ്ങിയില്ല.എങ്കിലും അവൻ തളർന്നില്ല.

വിശ്വാസം എന്നത് എല്ലാം എന്റെ ഇഷ്ടം പോലെ നടക്കണം എന്ന വാശിയല്ല. എന്ത് സംഭവിച്ചാലുംഞാൻ ദൈവത്തെ വിടില്ല എന്ന തീരുമാനം ആണ്.അവൻ പറഞ്ഞു ‘അല്ല. വിശ്വാസം ഉണ്ടെങ്കിൽ ദൈവം നിന്നെ കൈവിടില്ല അതാണു ഉറപ്പ്.” ചിലപ്പോൾ ദൈവം നിന്റെ പ്രശ്നം നീക്കും. ചിലപ്പോൾ നിന്നെ ശക്തനാക്കും.അത്ഭുതം എല്ലായ്പ്പോഴും എല്ലാ സാഹചര്യങ്ങളിലും നടക്കില്ല. ചിലപ്പോൾ അത്ഭുതം നിന്റെ ഉള്ളിലാണ് നടക്കുന്നത്. പുതിയ നിയമം പരിശോധിച്ചാൽ നിനക്ക് മനസ്സിലാകും അപ്പൊസ്തലന്മാരിൽ ഒരാൾക്ക് പോലും എല്ലാ പ്രാർത്ഥനക്കും അത്ഭുതപരമായ മറുപടി ലഭിച്ചില്ല. പക്ഷേ ആത്മീയ ശക്തി ലഭിച്ചു. —ഞാൻ എന്തോ ആലോചിച്ചു ഇരിക്കുന്നത് കണ്ടു അവൻ കുറച്ച് നിമിഷം എന്നെ നോക്കി മൗനമായി നിന്നു. എന്നിട്ട് ചോദിച്ചു — “നീ ഞാൻ പറഞ്ഞ മല നീങ്ങുന്ന അത്ഭുതത്തെ കുറിച്ചാണ് ചിന്തിക്കുന്നത്.” അല്ലേ? ‘കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മല നീങ്ങും...’(Gospel of Matthew 17:20)ആ മല എല്ലായ്പ്പോഴും പുറത്തുള്ള മല അല്ല. അസാധ്യമായ സാഹചര്യം എന്ന അർഥമാണ്. ചിലപ്പോൾ അത് നിന്റെ ഭയം.നിന്റെ അഹങ്കാരം.നിന്റെ സംശയം.ഗത്സേമനിയിൽ എന്റെ പ്രാർത്ഥനയും അതായിരുന്നു... “എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ.” (Gospel of Luke 22:42) ‘ക്രൂശ് ഒഴിവായില്ല. പക്ഷേ ലോകം രക്ഷിക്കപ്പെട്ടു.” വിശ്വാസം എന്നത് ക്രൂശ് ഇല്ലാതാക്കുക അല്ല. ക്രൂശ് വഹിക്കാൻ ശക്തി നൽകുന്നതാണ്. നീ ഹെബ്രായർ പുസ്തകം വായിച്ചിട്ടില്ലേ? “അവിടെ ചിലർ സിംഹങ്ങളുടെ വായ അടച്ചു. ചിലർ അഗ്നിയിൽ നിന്നും രക്ഷപ്പെട്ടു. പക്ഷേ ചിലർ കൊല്ലപ്പെട്ടു. പീഡിപ്പിക്കപ്പെട്ടു. എന്നിട്ടും എല്ലാവരും വിശ്വാസത്തിന്റെ വീരന്മാർ.” (Hebrews 11) അവൻ ഒടുവിൽ ചോദിച്ചു ‘നിനക്ക് വേണ്ടത് അത്ഭുതമോ... അല്ലെങ്കിൽ എന്നെയോ?” ഞാൻ ഒന്നും പറയാതെ അവനെ നോക്കി ചിരിച്ചു. ക്രൈസ്തവ വിശ്വാസത്തിൽ ഏറ്റവും വലിയ അത്ഭുതം രോഗശാന്തിയല്ല, ഏറ്റവും വലിയ അത്ഭുതം മനുഷ്യഹൃദയം മാറുന്നതാണ്, എന്ന് ഞാൻ മനസിലാക്കുകയായിരുന്നു. നോമ്പുകാലം യഥാർത്ഥത്തിൽ ഹൃദയത്തിന്റെ പരിവർത്തനമാണെന്നു നാം മനസ്സിലാക്കുക

# ജീവദീപ്തി
JEEVADEEPTHI

March  2026 Vol 16 Book 03

**രക്ഷാധികാരി**
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

**സഹരക്ഷാധികാരി**
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

**മാനേജിംഗ് എഡിറ്റർ**
ഫാ. യേശുദാസ് പഴമ്പിള്ളി

**പത്രാധിപർ**
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

**സഹപത്രാധിപർ**
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

**സർക്കുലേഷൻ മാനേജർമാർ**
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

**രൂപകല്പന**
ടാബി ജോർജ്ജ്

**ടൈപ്പ് സെറ്റ്**
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്


**ഓഫീസ് മാനേജർ**
മാനുവൽ പൊടുത്തോർ

**പത്രാധിപസമിതി**
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്

ഓഫീസ്
90720 26577
jeevadeepthi@gmail.com

04





01

## Living Lent After Lent

*നോമ്പുകാലത്തെ വിശുദ്ധമായ ദിനങ്ങളിലൂടെ നാം യാത്രചെയ്യുകയാണ്. ഈ യാത്ര പഴയതുപോലെയല്ല*



## നോമ്പിന്റെ ആത്മീയത നമ്മുടെ വിശുദ്ധീകരണം

ക്രിസ്തുനാഥന്റെ പീഢാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ ദിവ്യ രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉപവാ



06

## യൗസേപ്പിന്റെ പലായനങ്ങൾ

**'വ്യാകുലമാതാവ്'** എന്ന പേരിൽ തകഴി ഒരു നോവലെഴുതിയിട്ടുണ്ട്. ഇപ്പോൾ അതിന്റെ കോപ്പി കിട്ടാനില്ല






## വേദനയുടെ വഴികളിൽ കരുണയുടെ പ്രകാശമായ്

വർഷാരംഭത്തെ അടയാളപ്പെടുത്തുന്ന പുതുവത്സരാഘോഷങ്ങൾ ലോകമെമ്പാടുമുള്ള മനുഷ്യസമൂ

09


മഗ്ദലക്കാരി മറിയവും........08
അഗ്നി കനലുകളിലൂടെ........14
അവൻ........19
മാർച്ച് ടു മാർച്ച് ........20
800-ാം വർഷ ജൂബിലി ........21
ദൈവസ്നേഹത്തിന്റെ........23
കാത്തിരിപ്പിന്റെ മറുപേര് ........27
ജീവനും ജീവിതത്തിനും........28
കോന്നുള്ളി അച്ചൻ........30
നോ സ്മോക്കിംഗ്........33
വാർത്തകൾ........37
ബൈബിൾ വിചിന്തനം........38
പിൻമൊഴി........40

# നോമ്പിന്റെ ആത്മീയത നമ്മുടെ വിശുദ്ധീകരണം




**മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത




**2026** ഫെബ്രുവരി 18-ാം തീയതി വിഭൂതി ബുധനാഴ്ച നാം വിശുദ്ധ നോമ്പുകാലം ആരംഭിച്ചു. ക്രിസ്തുനാഥന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉപവാസം, പ്രാർഥന, ധർമ്മദാനം തുടങ്ങിയ വിശുദ്ധീകരണവഴികളിലൂടെ നാം യാത്രചെയ്യുന്ന പുണ്യകാലമാണ് നോമ്പുകാലം. പുണ്യങ്ങൾ അഭ്യസിച്ചും ഉപവി പ്രവൃത്തികളിലൂടെയും നമ്മുടെ ജീവിതം കുറെക്കൂടി സുന്ദരമാക്കാൻ നാം പരിശ്രമിക്കേണ്ട കാലമാണിത്. കുരിശിന്റെ തണലിലിരുന്ന് നമ്മുടെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് നോക്കാൻ നമുക്ക് ലഭിക്കുന്ന ഒരു സമയം. അതോടൊപ്പം തന്നെ നമ്മുടെ ചുറ്റുമുള്ള സഹോദരങ്ങളെ കണ്ടുമുട്ടാനും അവരെ മനസിലാക്കാനും അവരുടെ ദുഃഖങ്ങളിൽ ആശ്വാസമാകാനും, നാം പ്രത്യേകം സമയം കണ്ടെത്തേണ്ട ഒരു കാലമാണിത്. നോമ്പാചരണത്തിന്റെ കാതൽ നമ്മുടെ വിശുദ്ധീകരണവും നമ്മുടെ സഹോദരരെക്കുറിച്ചുള്ള കരുതലുമാണ് എന്ന സത്യം മറക്കാതെ വിശുദ്ധ നോമ്പു

കാലം ആചരിക്കാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

**വി. മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 35-ാം തിരുവചനത്തിൽ യേശു പറയുന്നു: "എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു" എന്ന്. വിശന്നുവലഞ്ഞവരോട് അനുകമ്പതോന്നിയ അതേ യേശുവിന്റെ വാക്കുകളാണിത്. ഈ നോമ്പുകാലത്ത് നാം ചോദിക്കേണ്ട ഒരു ചോദ്യമാണ് - "ഈശോയ്ക്ക് വിശന്നപ്പോൾ നാം ഭക്ഷണം കൊടുത്തുവോ?" എന്നത്. എപ്പോഴാണ് ഈശോയ്ക്ക് വിശന്നതെന്നും എങ്ങിനെയാണ് നാം ഈശോയ്ക്ക് ഭക്ഷണം കൊടുത്തതെന്നും അവിടുന്നുതന്നെ അരുൾചെയ്യുന്നുണ്ട്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്തായി 25:40). യേശുവിൽ സ്നേഹമുള്ളവരേ, ഈ നോമ്പുകാലത്ത് നാം ധ്യാനിക്കേണ്ട ഒരു ചോദ്യമാണിത്. യേശുവിന്റെ വിശപ്പടക്കാൻ, അവിടുത്തെ ഏറ്റവും എളിയ സഹോദരരിൽ ആർക്കെങ്കിലും ഒരു നേരത്തെ ആഹാരം നാം നൽകിയിട്ടുണ്ടോ?**

നമ്മുടെ രാജ്യത്ത് ദാരിദ്ര്യം അനുഭവിക്കുന്നവരുടെ സംഖ്യ കുറഞ്ഞു എന്നാണ് ഭരണാധികാരികൾ അവകാശപ്പെടുന്നത്. ദിവസവും വയറുനിറയെ നാം ഭക്ഷണം കഴിക്കുമ്പോഴും ഒരു നേരംപോലും വിശപ്പടക്കാൻ കഴിയാതെ പട്ടിണികിടക്കുന്ന എത്രയോ സഹോദരങ്ങൾ നമുക്ക് തൊട്ടടുത്ത് തന്നെയുണ്ട് എന്ന് നാം അറിയാതെ പോകുന്നുണ്ട്. ചില സാങ്കേതിക കണക്കുകളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യം തുടച്ചുനീക്കപ്പെടുന്നുണ്ട് എന്നുള്ള പ്രഖ്യാപനങ്ങൾക്കിടയിലും ഒട്ടിയ വയറുമായി കരയുന്ന നമ്മുടെ സഹോദരങ്ങളുടെ മുഖങ്ങൾ നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നു.

2025-ലെ കണക്ക് അനുസരിച്ച് ലോകജനസംഖ്യയിൽ 808 ദശലക്ഷം ജനങ്ങൾ അന്താരാഷ്ട്ര ദാരിദ്ര്യ രേഖയ്ക്ക് കീഴിൽ ജീവിക്കുന്നവരാണ്. ഭാരതത്തിൽ ജനസംഖ്യയുടെ 26 മുതൽ 28 ശതമാനം വരെയുള്ള ആളുകൾ ഇപ്പോഴും വ്യത്യസ്തങ്ങളായ ഉയർന്ന ദാരിദ്ര്യരേഖയ്ക്ക് കീഴിലാണെന്ന സത്യം നാം ഓർക്കണം. ഭാരതത്തിൽ പട്ടിണിമൂലം ദിനംപ്രതി ഏഴായിരം പേരെങ്കിലും മരിക്കുന്നുണ്ട് എന്നാണ് കണക്ക്. പോഷകാഹാരകുറവുമൂലം 5 വയസിൽ താഴെയുള്ള 3 ലക്ഷം കുട്ടികളെങ്കിലും വർഷംതോറും മരണമടയുന്നുണ്ട് എന്ന സത്യവും നാം വിസ്മരിക്കരുത്. ഇവർക്ക് വിശന്നപ്പോൾ എന്തേ നമുക്ക് ഭക്ഷണം കൊടുക്കാൻ കഴിഞ്ഞില്ല? ഈ അവസരത്തിൽ മറ്റൊരു കണക്കുകൂടി ഓർമ്മപ്പെടുത്തട്ടെ. ഭാരതത്തിൽ വർഷംതോറും 78.2 ദശലക്ഷം ടൺ ഭക്ഷണം പാഴാക്കപ്പെടുന്നുണ്ട് എന്നാണ് കണക്ക്. ദശലക്ഷക്കണക്കിന് പട്ടിണിപാവങ്ങളുടെ വിശപ്പടക്കാൻ ഇത് മതിയാകുമായിരുന്നു! നമ്മുടെ ഭവനങ്ങളിൽ നാം പാഴാക്കിക്കളയുന്ന ഭക്ഷണം നമ്മുടെ സമീപ പ്രദേശങ്ങളിലുള്ള എത്രയോ പേരുടെ വിശപ്പടക്കാൻ കഴിയുന്നതാണെന്ന് ഇടക്കിടെ നാം ചിന്തിക്കണം.


ഇന്നത്തെ നമ്മുടെ ഭക്ഷണസംസ്കാരവും, ഒരു പക്ഷേ ധാരാളം ഭക്ഷണം പാഴാക്കിക്കളയുന്ന രീതിയിലാണ് എന്നുള്ളതും നാം ചിന്താവിഷയമാക്കണം.
**വി. ബേസിലിന്റെ വാക്കുകളും ഈ അവസരത്തിൽ സ്മരണീയമാണ്. "നിങ്ങൾ ഉപയോഗിക്കാത്ത അപ്പം വിശക്കുന്നവർക്കുള്ളതാണ്; വെറുതെ സൂക്ഷിച്ചിരിക്കുന്ന നിങ്ങളുടെ വസ്ത്രം നഗ്നർക്കുള്ളതാണ്; നിങ്ങൾ ധരിക്കാത്ത ചെരിപ്പുകൾ നിഷ്പാദുകരുടെതാണ്; നിങ്ങൾ ചെയ്യാത്ത ഉപവിപ്രവൃത്തികൾ നിങ്ങൾ ചെയ്യുന്ന അനീതിയാണ്" ഈ വാക്കുകൾ ഈ നോമ്പുകാലത്ത് നമുക്ക് പ്രചോദനമാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.**

സ്നേഹമുള്ളവരെ, നമുക്ക് ചുറ്റുമുള്ള ദരിദ്രരുടെ നിലവിളി നാം കേൾക്കണം. അത് ഒരു വെല്ലുവിളിയാണെന്ന സത്യം തിരിച്ചറിയണം. അവരുടെ മുഖങ്ങൾ നാം കാണണം. അവരിൽ ക്രിസ്തുവിനെ ദർശിക്കണം. നമുക്ക് സാധ്യമായ രീതിയിൽ അവർക്ക് ഒരു നേരത്തെ ആഹാരം നൽകുമ്പോൾ യേശുനാഥൻ പറയും - "എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു" എന്ന്. വലിയ കടബാധ്യതകളാലും മറ്റും സാമ്പത്തികമായി തകർന്നു നിൽക്കുന്ന, നിത്യവൃത്തിക്ക് ക്ലേശമനുഭവിക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ഇടയിലുണ്ട്.


ആയതിനാൽ മറ്റുള്ളവരോട് കരുതലുള്ളവരാകാൻ മക്കളെ നമുക്ക് പരിശീലിപ്പിക്കാം. അനാവശ്യമായി ഭക്ഷണം പാഴാക്കിക്കളയാതിരിക്കാൻ അവരെ പഠിപ്പിക്കാം. ഈ നോമ്പുകാലത്ത് നമുക്ക് മിച്ചം വയ്ക്കാൻ സാധിക്കുന്നത് നാം അന്വേഷിച്ചു കണ്ടെത്തുന്ന പാവപ്പെട്ട സഹോദരങ്ങൾക്ക് വിശപ്പടക്കാൻ വേണ്ടി നൽകാൻ കഴിഞ്ഞാൽ യേശു തീർച്ചയായും നമ്മോടു പറയും - "എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" എന്ന്.

യേശുവിന്റെ എളിയ സഹോദരന്മാരുടെ മുഖം പ്രകാശിക്കത്തക്ക രീതിയിൽ അവരുടെ വിശപ്പടക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. കുരിശിന്റെ വഴിയിലൂടെ, അനുകമ്പാർദ്രമായ ഹൃദയത്തോടെ നടന്ന് നമ്മുടെ വിശ്വാസത്തിന്റെ പരമോന്നതസത്യമായ ഉത്ഥാനത്തിന്റെ ആഘോഷത്തിലേക്ക് നമ്മുക്ക് പ്രവേശിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# യൗസേപ്പിന്റെ പലായനങ്ങൾ



ഫാ. സേവ്യർ
കുടിയാംശേരി



**‘വ്യാ**കുലമാതാവ്’ എന്ന പേരിൽ തകഴി ഒരു നോവലെഴുതിയിട്ടുണ്ട്. ഇപ്പോൾ അതിന്റെ കോപ്പി കിട്ടാനില്ല. കാർമ്മൽഗിരി സെമിനാരിയിൽ നിന്ന് ഞാനൊരു കോപ്പി സംഘടിപ്പിച്ചു. ‘വ്യാകുലമാതാവ്’ എന്ന തലക്കെട്ട് ഇഷ്ടം തോന്നിയില്ല എന്നു തകഴി ആമുഖത്തിൽ പറയുന്നുണ്ട്. കാരണം മറിയം പ്രത്യേകമായി തിരഞ്ഞെടുക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തവളാണ്. മറിയത്തെ വ്യാകുലമാതാവ് എന്നു വിളിക്കുന്നതിൽ ഔചിത്യക്കുറവുണ്ടെന്നാണ് തകഴി പറയുന്നത്. പിന്നെന്തിന് ഇങ്ങനെ പേരിട്ടു. നോവൽ ഞാൻ വായിച്ചു. എനിക്കു തോന്നിയത് ഈ നോവലിന് വ്യാകുലമാതാവ് എന്നല്ല വ്യാകുലപിതാവ് എന്നാണ് പേരിടേണ്ടത്. മറിയത്തെക്കുറിച്ച് എന്നതോടൊപ്പമോ അതേക്കാളുപരിയായോ യൗസേപ്പിതാവ് ഈ നോവലിൽ മികവോടെയുണ്ട്. നോവൽ തുടങ്ങുന്നതുതന്നെ യൗസേപ്പിനെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. യൗസേപ്പിതാവിന്റെ നോട്ടം നീക്ഷ്ണമായിരുന്നില്ല. അതു തണുത്തതുമായിരുന്നില്ല. തീപോലെ ചൂടുള്ളതും മഞ്ഞുപോലെ തണുപ്പുള്ളതുമായ നോട്ടം ഒരുപോലെയാണ്. സമാധാനപ്രിയനായ യൗസേപ്പിന്റെ ആ നോട്ടം എന്തോ ഒരു രഹസ്യത്തെ തേടിപ്പിടിക്കാനുള്ളതായിരുന്നു. പിന്നീട് അന്വേഷിക്കുന്ന രഹസ്യവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ അനാവരണവുമാണുള്ളത്. ഈ നോവൽ അവസാനിക്കുന്നത് മറിയം ഒരു വാക്ക് ഉച്ചരിക്കുന്നതോടെയാണ്. മറിയം പറഞ്ഞു ഭാഗ്യവാൻ. മറിയത്തെ ഭാഗ്യവതി എന്നു മാലാഖ അഭിസംബോധന ചെയ്തിട്ടുണ്ടല്ലോ. ഇവിടെ മറിയം യൗസേപ്പിനെയാണ് ഭാഗ്യവാൻ എന്നു വിളിക്കുന്നത്. മറിയം എപ്രകാരമാണോ ഭാഗ്യവതിയായിരുന്നത് അപ്രകാരം തന്നെയാണ് യൗസേപ്പും ഭാഗ്യവാനാകുന്നത്.

ഒരു മകൻ ജനിക്കുമ്പോൾ പിതാവിനുണ്ടാകുന്ന എല്ലാ വികാരവിചാരങ്ങളും അനുഭവിക്കാൻ പിതാവായ ദൈവം യൗസേപ്പിനവസരം നൽകി. അതല്ലേ യൗസേപ്പിന്റെ

ഭാഗ്യം. മറിയത്തിനു ചാരി നടക്കാൻ, തോളുകൊടുക്കാൻ കഴിഞ്ഞത് യൗസേപ്പിനു ലഭിച്ച ഭാഗ്യമായിരുന്നില്ലേ. വചനം മാംസം ധരിച്ചു വളർന്നതു യൗസേപ്പിന്റെ സാന്നിധ്യത്തിലും സംരക്ഷണയിലുമായിരുന്നു എന്നതു തന്നെയാണ് ഏറ്റവും വലിയ സൗഭാഗ്യം. യൗസേപ്പ് ചരിത്രത്തിന്റെ ഭാഗമാകുകയായിരുന്നു.

**ചരിത്രത്തിന്റെ ഭാഗമാകാൻ എല്ലാവർക്കും സാധിക്കും, എന്നാൽ ചരിത്രത്തിന്റെ ഭാഗമാകാൻ യൗസേപ്പിനാണ് കഴിഞ്ഞത്. ഭാഗ്യമാകാൻ യൗസേപ്പിന്റെ മറിയവുമായുള്ള യാത്ര അതികഠിനമായിരുന്നു. കൂടെയുള്ളവരുടെ കുത്തുവാക്കുകൾ വേദനിപ്പിച്ചത് യൗസേപ്പിനെയായിരുന്നു. മറിയത്തിനു പ്രസവ സമയമായി. വേദനിച്ചത് മറിയമായിരുന്നില്ല യൗസേപ്പായിരുന്നു. മനുഷ്യപുത്രനു പിറക്കാനൊരിടം തേടി അലഞ്ഞത് യൗസേപ്പായിരുന്നു. മറിയം സ്വന്തം ശരീരത്തിൽ അനുഭവിച്ച വേദനയോടൊപ്പമായിരുന്നു ഇടം തേടിയുള്ള യൗസേപ്പിന്റെ വേദന നിറഞ്ഞ യാത്ര. യേശുവിന്റെ മനുഷ്യാവതാരത്തിനായുള്ള വേദന അങ്ങനെ മറിയവും യൗസേപ്പും ഒന്നിച്ചാണ് അനുഭവിച്ചത്.** ഒടുവിൽ ഒരു ഗുഹ കണ്ടെത്തി. മറിയത്തിന്റെ സഞ്ചിയിൽ നിറയെ കുറച്ചു പഴംതുണി കരുതിയിരുന്നു. അങ്ങനെ പഴന്തുണിയിൽ പിറന്നുവീണു ദൈവപുത്രൻ. ഗർഭിണിയായ ഭാര്യയ്ക്കു ഒന്നു കയറി ഇരിക്കാൻ പറ്റുന്ന ഒരിടംപോലും കൊടുക്കാൻ കഴിയാത്ത ആളാണല്ലോ താൻ എന്ന് യൗസേപ്പ് വ്യാകുലപ്പെടുന്നു. ഗുഹയിൽ ഉണ്ടായ വേദന മറ്റൊന്നാണ്. ഉണ്ണിയെ ഒന്നു കാണാൻ പറ്റുന്നില്ല.

വെളിച്ചം പകരാൻപോലും കഴിയാത്ത എന്നെ എന്തിന് ദൈവമേ നിന്റെ പുത്രനെ ഏല്പിച്ചു. അദ്ഭുതം ആരോ ഒരാൾ ഒരു വിളക്കുമായി ആ ഗുഹയിലെത്തി. അങ്ങനെ രണ്ടുപേരും ഉണ്ണിയെക്കണ്ടു. ദൈവം നൽകിയ വെളിച്ചത്താലായിരുന്നു. ബൈബിളിൽ യൗസേപ്പ് ഒന്നുംതന്നെ മിണ്ടുന്നില്ല. യൗസേപ്പിനെക്കുറിച്ചും ബൈബിളിൽ ഒന്നുംതന്നെ പറയാതെ പോയി. ആശാരിപ്പണിക്കാരനായ യൗസേപ്പ് കണക്കനുംകൂടി ആയിരിക്കും. തന്റെ കണക്കുകൂട്ടലുകളൊക്കെ പിഴയ്ക്കുന്നു. ഒരു മകൻ പിറക്കുമ്പോൾ ഒരു പിതാവിനുണ്ടാകുന്ന അസ്വസ്ഥതയും വേദനയും അതിന്റെ തീവ്രതയിൽ അനുഭവിക്കാനുള്ള ഭാഗ്യം ദൈവം യൗസേപ്പിനു നൽകിയിരുന്നു എന്നുവേണം മനസ്സിലാക്കാൻ.

യൗസേപ്പിതാവിനു ഉണ്ണിയെക്കണ്ടു മതിവരുന്നതിനു മുമ്പേ വീണ്ടും മറ്റൊരു പലായനത്തിനു വഴിയൊരുങ്ങുന്നു. മനുഷ്യാസ്തിത്വം പലായനങ്ങളുടേതു കൂടിയാണ്. യഥാർത്ഥത്തിൽ നമ്മളാരും ഇവിടെ സ്ഥിരതാമസക്കാരല്ല. നമ്മൾ ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.  പലായനങ്ങളൊന്നും വിട്ടുപോകലല്ല. തിരിച്ചുവരവുതന്നെയാണ്, വിട്ടുപേക്ഷിക്കലല്ല, കണ്ടെത്തലാണ്. പലായനവഴികളിലാണു യാത്രികൻ ഭൂമിയുടെ പ്രകാശമായി മാറുന്നത്. യൗസേപ്പിന്റെ ജീവിതവും പലായനത്തിന്റേതാണ്. പലായനത്തെ പുതുജന്മ നേട്ടമാക്കിയതാണ് യൗസേപ്പിന്റെ നേട്ടം. വീണ്ടെടുക്കലിന്റേയും രക്ഷയുടേയും പുതുയുഗപ്പിറവിക്കും പലായനം വഴി ഇടയാക്കി. ആദ്യം ഗർഭിണിയായ മറിയത്തോടൊപ്പമുള്ള പലായനം. അതു പക്ഷേ സ്വന്തം നാട്ടിലേക്ക്.

യൗസേപ്പിന്റെ പലായനങ്ങളെല്ലാം ദൈവേഷ്ടപ്രകാരമാണ്. യൗസേപ്പിനു കടന്നുപോകണമായിരുന്നു മറിയത്തോടൊത്ത്, രക്ഷകന്റെ അരികിലൂടെ. ഈ സഞ്ചാരം കഠിനപാതകളിലൂടെ ദൈവത്തിനു കൂട്ടുപോകലാണ്. ഒരു കരുതലുമില്ലാത്ത യാത്ര. യാത്രയ്ക്കൊടുവിൽ എല്ലാം നേടുന്നുണ്ട്. പക്ഷേ അപ്പോഴും എന്തൊക്കെയോ നഷ്ടപ്പെടുന്നുണ്ട്. **ആനന്ദ് അഭയാർത്ഥികളിൽ എഴുതി: "അക്കരയോടടുക്കുമ്പോൾ ഓരോ ശിൽപിക്കും മനസ്സിലാകുന്നു ഇക്കരെതന്നെയാണ് അക്കരയെന്ന്."**

### ചിന്താകവിത; കവിതാ ചിന്ത

*ഹ്രസ്വദൃഷ്ടി*

മേയർ
ഏർപ്പെടുത്തിയതനുസരിച്ച്,
ടൗൺ ഹാളിന്റെ മുകളിലെ
ക്ലോക്ക് ടവറിൽ കയറി,
ക്ലോക്ക് റിപ്പയർ
ചെയ്യുകയായിരുന്നു
പ്രഗല്ഭനായ ജോസ്ചേട്ടൻ.
താഴെക്കൂടെ കടന്നുപോയ
ഒരു പച്ച പരിഷ്കാരി
മാഡം അയാളെ
കളിയാക്കാൻ വേണ്ടി
ചോദിച്ചു: സമയം
നോക്കാൻ ഇവിടെ
താഴത്തു നിന്നു
നോക്കിയാൽ പോരേ?
താനെന്തിനാടോ,
ഈ അഞ്ചുനില
കെട്ടിടത്തിന്റെ മുകളിൽ
വലിഞ്ഞു കേറിയത്?
ദാ വ്ടെനിന്നെങ്ങാനും
പെടഞ്ഞു താഴെ വീണാൽ
ആംബുലൻസ് വിളിക്കേണ്ടി
വരില്ലേ,
കോർപ്പറേഷൻകാർക്ക്!

വയറ്റിപ്പിഴപ്പിനുവേണ്ടി
അധ്വാനിക്കുന്ന തന്നെ ഒന്നു
കൊച്ചാക്കാൻ വേണ്ടിയാണീ
ചോദ്യം. ജോസ്ചേട്ടൻ
അതു മനസ്സിലാക്കി
തിരിച്ചടിച്ചു:

അതേയ് മാഡം,
എനിക്ക് ഷോർട്ട്
സൈറ്റിന്റെ അസുഖമാണേ.
താഴെ നിന്നു നോക്കീട്ട്
സമയമറിയാൻ
പറ്റണില്ല. അതാ,
മൊകളീൽ പെടച്ചു
കേറിയത്.
പിന്നെ മാഡത്തിന്റെ
പൊടിപോലും
അവിടെങ്ങും കണ്ടില്ല!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# മഗ്ദലക്കാരി മറിയവും യോവന്നായും



**ഫാ. ബോബി ജോസ് കട്ടിക്കാട്**

'മഗ്ദലക്കാരി മറിയമും യോവന്നായും യാക്കോബിന്റെ അമ്മയായ മറിയമും അവരോടുകൂടെയുണ്ടായിരുന്ന മറ്റു സ്ത്രീകളുമാണ് അപ്പസ്തോലന്മാരോട് ഇക്കാര്യം പറഞ്ഞത്. ഈ വാക്കുകൾ ഒരു കെട്ടുകഥയായിട്ടേ അവർക്കു തോന്നിയുള്ളു. ഇത് അവർ വിശ്വസിച്ചില്ല' (ലൂക്ക് 24:10-11).

ആരോ നിരീക്ഷിക്കുന്നതുപോലെ അവിശ്വസനീയമായ ഒരു കഥയായിരുന്നു യേശു. ആത്മമിത്രത്താൽ ഒറ്റുകൊടുക്കപ്പെടുക, ഉറ്റവരാൽ ഉപേക്ഷിക്കപ്പെടുക, ആരോപണം ഉന്നയിക്കുന്നവരുടെ മുന്നിൽ നിശബ്ദനാവുക, ഘാതകർക്കു മാപ്പു കൊടുക്കുക, മുദ്ര ചെയ്യപ്പെട്ട കബറിൽ പള്ളികൊള്ളുക, പിന്നെ ആ കല്ലറ ശൂന്യമായി കാണുക... നട്ടാൽ മുളയ്ക്കാത്ത ഈ കഥയ്ക്ക് തപ്പുകൊട്ടി പാണരാവുകയായിരുന്നു ആ സ്ത്രീകളുടെ നിയോഗം. പൊതുവേ സ്ത്രീകളുടെ സാക്ഷ്യത്തെ കണക്കിലെടുക്കാത്ത കാലമായിരുന്നു അത്. ബാബിലോണിയയിലും ഈജിപ്തിലും, കാനനൈറ്റിലും സ്ത്രീ കൾക്ക് ഒരു വ്യവഹാരത്തിൽ സാക്ഷ്യം പറയാനുള്ള അവകാശം പോലുമില്ലായിരുന്നു. ഗ്രീസിലും കഥ മറ്റൊന്നായിരുന്നില്ല. റോമൻ സമ്പ്രദായത്തിൽ സ്ത്രീകളുടെ സാക്ഷ്യത്തിനു നേരിയ പരിഗണന കൊടുത്തിരുന്നെങ്കിൽപ്പോലും ഒരു ഉടമ്പടിയിലോ വില്പത്രത്തിലോ അവരുടെ സാന്നിദ്ധ്യത്തിന് ഒരു മൂല്യവുമുണ്ടായിരന്നില്ല. സ്ത്രീകൾ സങ്കല്പജീവികളായി ഭാവനയുടെ ചരടുകളാൽ നിയന്ത്രിക്കപ്പെട്ടവർ എന്നായിരുന്നു അക്കാലത്തിന്റെ സാമൂഹ്യബോധം. ചുരുക്കത്തിൽ, അവിശ്വസനീയമായ ഒരു കഥ 'ചഞ്ചലചിത്തരായ' ചിലരിൽനിന്ന് വന്നു എന്നതുതന്നെയായിരുന്നു അപ്പസ്തോലന്മാരുടെ പ്രശ്നം.

അവളുടെ കഥകളെ വിശ്വസിക്കൂ എന്നാണ് ഉത്ഥിതനായ യേശു ഭൂമിയോട് മന്ത്രിക്കുന്ന മറ്റൊരു പാഠം. കഥ കാര്യം തന്നെയാണ്. കരുത്തുള്ള ഒരു സ്ത്രീയെ കേൾക്കൂ. നിശ്ചയമായും നമ്മൾ വിചാരിക്കുന്നതിനേക്കാൾ കഠിനമായ ഒറ്റപ്പെടലിലൂടെയും അവഗണനയിലൂടെയും അവളുടെ ബാല്യകൗമാരങ്ങൾ കടന്നുപോയിട്ടുണ്ടാവും. കേൾക്കാൻ സന്മനസുണ്ടെങ്കിൽ അവളുടെ യഥാർത്ഥ സ്വത്വം കഥകളുടെ തുണ്ടുകളായി നിങ്ങളെ തേടിയെത്തും.

കഥകളെ അവിശ്വസിക്കാൻ അവരുടെ ഭൂതകാലവും ഒരു കടമ്പയാവുന്നുണ്ട്. മഗ്ദലക്കാരി മറിയത്തെ മാർക്ക് വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: ഇവളിൽ നിന്നാണ് അവിടുന്ന് ഏഴു പിശാചുക്കളെ പുറത്താക്കിയത്. മാനസിക പ്രതിസന്ധികളിലൂടെ കടന്നുപോയവർക്ക് ഇതിനെക്കുറിച്ച് നല്ല ധാരണയുണ്ടാവും. ഒരിക്കൽ ചില ദൗർബല്യങ്ങളിലൂടെ തുഴഞ്ഞുപോയി എന്നതുകൊണ്ടു മാത്രം കടവത്ത് സ്വീകരിക്കപ്പെടാതെ നനഞ്ഞൊലിച്ച് നിൽക്കേണ്ടിവരുന്നവർ. കൊടിയ കൈപ്പിഴകളിലൂടെ കടന്നുപോയവർക്കും കാലം ക്രെഡിബിലിറ്റി കല്പിച്ചുകൊടുക്കുന്നില്ല. അതിനെയാണ് നെറ്റി ചുളിച്ചും പുരികമുയർത്തിയും ചുമലു വെട്ടിച്ചും കൈമലർത്തിയുമൊക്കെ നമ്മൾ അടച്ചുകളയുന്നത്. വിഭജിതവ്യക്തിത്വം എന്നൊക്കെ ഏഴു പിശാചുക്കളുടെ കഥ മനഃശാസ്ത്രത്തിൽ ഇന്ന് വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ശരീരത്തിന്റെ രോഗാതുരതയെ കുറുകെ കടന്ന ഒരാൾക്കു ലഭിക്കുന്ന സ്വീകാര്യത ഉന്മാദങ്ങളിലൂടെ കടന്നുപോയവർക്ക് ഉറപ്പില്ല.

**ആ സ്ത്രീയെ ഞാൻ മറന്നിട്ടില്ല. ആദ്യത്തെ കുട്ടിക്ക് ജന്മം കൊടുത്തതിനു ശേഷം കഠിനമായ വിഷാദത്തിൽ –** postpartum depression **പെട്ടുപോയവൾ. കുട്ടി കരയുമ്പോൾ മുലയൂട്ടാനാവുന്നില്ല, കഞ്ഞിക്കലം പതഞ്ഞുമറിയുമ്പോൾ സ്റ്റൗ അണയ്ക്കാനാവുന്നില്ല... അങ്ങനെയങ്ങനെ. സ്വന്തം ഇച്ഛാശക്തി കൊണ്ടും ആ അപൂർവവൈദ്യന്റെ കരുണ കൊണ്ടും സാധാരണ ഗതിയിലായിട്ടുണ്ട് ഇപ്പോൾ അവരുടെ ജീവിതം. എന്നിട്ടും ബുദ്ധിമതിയായ ആ സ്ത്രീ തെല്ലു വേറിട്ട അഭിപ്രായങ്ങൾ അവർ പാർക്കുന്ന കൂട്ടുകുടുംബത്തിൽ പറയുമ്പോൾ ബന്ധുക്കൾ പരസ്പരം പാളിനോക്കുന്നു, 'പഴയ വട്ടുകേസാണ്, ശ്രദ്ധിക്കേണ്ട' എന്ന മട്ടിൽ.**

കഠിനമായ കാലത്തിന് ജീവിതാന്ത്യം വരെ കപ്പം ചുമത്തുന്നു നമ്മൾ. നമ്മളാണ് അവരെ ഏതോ കാലത്തിൽ തളച്ച് ഉപ്പുതൂണുകളാക്കുന്നത്.

# വേദനയുടെ വഴികളിൽ കരുണയുടെ പ്രകാശമായ്



സിബി ജോയ്

*മനുഷ്യജീവിതത്തിന്റെ ഏറ്റവും നിസ്സഹായ നിമിഷങ്ങൾ ആശുപത്രി മുറികളിലാണ് പതിയിരിക്കുന്നത്. വേദനയുടെ നിലവിളികളും പ്രതീക്ഷയുടെ നിശ്ശബ്ദ പ്രാർത്ഥനകളും തമ്മിൽ ഒരു മൃദുസാന്നിധ്യമായി എത്തിച്ചേരുന്നവരാണ് ആതുരശുശ്രൂഷ രംഗത്ത് സേവനം ചെയ്യുന്ന കന്യാസ്ത്രീകൾ. അവരുടെ വെള്ളവസ്ത്രം ഒരു യൂണിഫോം മാത്രമല്ല  അത് സമർപ്പണത്തിന്റെ പ്രതീകമാണ്. അവരുടെ ഓരോ സ്പർശവും മരുന്നിനെക്കാൾ ശക്തിയുള്ളതാണ്; ഓരോ പുഞ്ചിരിയും നിരാശയുടെ ഇരുളിൽ തെളിയുന്ന ഒരു ദീപശിഖയാണ്. കരുണയുടെ കൈകൾ നീട്ടി മനുഷ്യനെ ഹൃദയത്തോട് ചേർക്കുന്ന ഈ സമർപ്പിതർ അവരുടെ ജീവിതം പങ്കുവെയ്ക്കുന്നു.*

**ഒരു** കത്തോലിക്ക സന്ന്യാസിനിയായിരുന്നു കൊണ്ട് വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിക്കാൻ സാധിക്കുന്നത് വലിയൊരു ദൈവാനുഗ്രഹമായിട്ടാണ് കരുതുന്നതെന്ന് സാക്ഷ്യപ്പെടുത്തുകയാണ് ഹോമിയോ ഡോക്ടറായി സേവനം

# ദൈവം നയിക്കുന്ന ആതുരശുശ്രൂഷ



**സിസ്റ്റർ ഡോ. റോസ് എയ്ഞ്ചൽ സി.റ്റി.സി.**

ചെയ്യുന്ന കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ് സഭാംഗം സിസ്റ്റർ ഡോ. റോസ് എയ്ഞ്ചൽ സി.റ്റി.സി. 19 വർഷമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റർ റോസ് എയ്ഞ്ചൽ ഇപ്പോൾ കൂനമ്മാവ് ഏലീശ്വഭവൻ ഹോമിയോ ക്ലിനിക്കിലാണ് സേവനം ചെയ്യുന്നത്. സിടിസി സഭാസ്ഥാപിക വാഴ്ത്തപ്പെട്ട മദർ ഏലീശ്വായുടെ പാദസ്പർശമേറ്റ പുണ്യഭൂമിയിലാണ് സേവനം ചെയ്യാനായി ദൈവം നിയോഗിച്ചിരിക്കുന്നത് എന്നത് ഒരു അനുഗ്രഹമായാണ് സിസ്റ്റർ കരുതുന്നത്.

കൂനമ്മാവ് വിശുദ്ധ ഫിലോമിനയുടെയും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേയും ദേവാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരു ക്ലിനിക്കാണിത്. 2007 ലാണ് സിസ്റ്റർ റോസ് എയ്ഞ്ചൽ മെഡിക്കൽപഠനം പൂർത്തിയാക്കിയത്. കണ്ണൂർ കോളയാടാണ് ആദ്യം സേവനം ചെയ്യുന്നത്. അവിടെ പത്തുവർഷം പൂർത്തിയാക്കിയ ശേഷമാണ് കൂനമ്മാവിലേക്ക് വരുന്നത്. ഒൻപത് വർഷമായി ഇവിടെ സേവനം ചെയ്യുന്നു. ആതുര ശുശ്രൂഷാ രംഗത്ത് ദൈവിക ഇടപെടലുകൾ വളരെ പ്രധാനപ്പെട്ടതാണെന്ന് സിസ്റ്റർ പങ്കുവയ്ക്കുന്നു. എത്ര പ്രഗത്ഭരാണെങ്കിലും ഡോക്ടർമാരിലൂടെ ദൈവമാണ് ശുശ്രൂഷ ചെയ്യുന്നത്.

കുഞ്ഞുനാളിൽ തന്നെ രോഗികളോടും പ്രായമായവരോടുമൊത്ത് ധാരാളം സമയം ചെലവഴിക്കാൻ എനിക്ക് വലിയ ഇഷ്ടമായിരുന്നു. മാതാപിതാക്കളാണ് ഈ മാതൃക പകർന്നു നൽകിയത്. ആഴ്ചയിലൊരു ദിവസമെങ്കിലും ഞങ്ങളുടെ പരിസരത്തെ വീടുകളിലെ പ്രായമായവരെയും രോഗികളെയും സന്ദർശിക്കാൻ അവർ സമയം കണ്ടെത്തുമായിരുന്നു. കൈയിലുള്ള ചെറിയ പൈസ കൊടുത്തു സഹായിക്കുന്ന പതിവും ഉണ്ടായിരുന്നു. അതൊക്കെയാണ് എനിക്ക് ഈ രംഗത്തേക്ക് വരാൻ ഒരു പ്രചോദനമായത്.

സന്ന്യാസ വ്രത വാഗ്ദാനത്തിന് ശേഷം സഭയുടെ സുപ്പീരിയർ ജനറൽ ഓരോരുത്തരോടും ചോദിക്കും, ഏത് മേഖലയിൽ പ്രവർത്തിക്കാനാണ് താല്പര്യമെന്ന്. എന്നോട് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത് ആരോഗ്യ ശ്രുശ്രൂഷാ രംഗത്ത് പ്രവർത്തിക്കാനാണ് താല്പര്യം എന്നാണ്. അത് എന്റെ സഭയും അധികാരികളും അംഗീകരിക്കുകയും എന്നെ അതിന് നിയോഗിക്കുകയും ചെയ്തു. ഹോമിയോ ഡോക്ടർ ആകാനൊന്നും പ്രത്യേകിച്ച് ആഗ്രഹമുണ്ടായിരുന്നില്ല. ദൈവം ഇതാണ് മദറിലൂടെ എനിക്ക് തിരഞ്ഞെടുത്തു തന്നത്.

വാഴ്ത്തപ്പെട്ട ഏലീശ്വാമ്മയുടെ മകൾ എന്നതിനൊപ്പം തന്നെ ഒരു ഡോക്ടറായി പ്രവർത്തിക്കാൻ സാധിക്കുന്നതിലും ഞാൻ ഒരുപോലെ അഭിമാനിക്കുകയാണ്. ഞങ്ങൾ സിസ്റ്റേഴ്സിന് ഏറ്റവും ചേർന്ന് പോകുന്ന ഒരു പ്രേഷിത മേഖലയാണിത്. പാവപ്പെട്ടവരിലേക്ക് ഇറങ്ങിച്ചെല്ലാനും അവരുടെ ഹൃദയത്തിന്റെ തുടിപ്പുകൾ

ഉൾക്കൊണ്ട് അവരെ ചികിത്സിക്കാൻ കഴിയുന്ന, കേൾക്കാൻ കഴിയുന്ന, ഏറ്റവും നല്ല ഒരു സേവനമാർഗമാണിത്.

ഹോമിയോ ചികിത്സയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ശാരീരിക രോഗങ്ങളേക്കാൾ മാനസികമായിട്ടുള്ള രോഗങ്ങൾക്കാണ്. ഇന്ന് നമ്മൾ ഈ ലോകത്ത് ജീവിക്കുമ്പോൾ എല്ലാ മനുഷ്യരും വിവിധതരത്തിലുള്ള മാനസിക സംഘർഷങ്ങളിലൂടെ കടന്നുപോവുകയാണ്. അതിന് ഏറ്റവും ഉപകാരപ്പെടുന്ന ഒരു ചികിത്സാരീതിയാണ് ഹോമിയോ.

ഈ കാലഘട്ടത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളിയാണ് ആരോഗ്യ പരമായ ഒരു കുടുംബജീവിതം നയിക്കുക എന്നുള്ളത്. ആധുനികലോകത്ത് വളരെ ശ്രമകരമായിട്ടുള്ള ഒരു കാര്യമാണിത്. ഇപ്പോഴത്തെ കുട്ടികൾക്ക് വിവാഹിതരാകാൻ ഒട്ടും തന്നെ താല്പര്യമില്ല. മറ്റു പലതരത്തിലുള്ള സംവിധാന ങ്ങളിലൂടെ ജീവിക്കാനാണ് അവർക്ക് താൽപര്യം. കുടുംബ ജീവിതത്തിന്റെ ഉത്തരവാദി ത്തങ്ങൾ ഏറ്റെടുക്കുവാൻ സന്നദ്ധരല്ലാത്ത ഒരു യുവതലമുറയാണ് ഇന്നുള്ളത്.

നമ്മുടെ സമൂഹം നേരിടുന്ന വലിയൊരു വെല്ലുവിളി തന്നെയാണിത്. നമ്മുടെ യുവജനങ്ങളെ ആരോഗ്യപരമായ കുടുംബജീവിതം നയിക്കുവാനായി പ്രാപ്തരാക്കുക എന്നുള്ളത് സഭയുടെയും സമൂഹത്തിന്റെയും ദൗത്യമാണ്. സ്ത്രീകളെ സംബന്ധിച്ച് അവർ വിവാഹിതരായി മറ്റൊരു വീട്ടിലേക്ക് കയറിചെല്ലുമ്പോൾ അവിടെയുള്ള ചുറ്റുപാടുകളെ അംഗീകരിക്കാനും അതിനെ സ്നേഹിക്കാനും അവർക്ക് സാധിക്കാതെ വരുന്നു. കൂടുതൽ സ്വാതന്ത്ര്യം സ്ത്രീകൾ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ആ സ്വാതന്ത്ര്യം അവിടെ

*കുഞ്ഞുനാളിൽ തന്നെ രോഗികളോടും പ്രായമായവരോടുമൊ ത്ത് ധാരാളം സമയം ചെലവഴിക്കാൻ എനിക്ക് വലിയ ഇഷ്ടമായിരുന്നു. മാതാപിതാക്കളാണ് ഈ മാതൃക പകർന്നു നൽകി യത്. ആഴ്ചയിലൊരു ദിവസമെങ്കിലും ഞങ്ങളുടെ പരിസരത്തെ വീടുകളിലെ പ്രായമായ വരെയും രോഗികളെയും സന്ദർശിക്കാൻ അവർ സമയം കണ്ടെത്തു മായിരുന്നു. കൈയിലു ള്ള ചെറിയ പൈസ കൊടുത്തു സഹായി ക്കുന്ന പതിവും ഉണ്ടാ യിരുന്നു. അതൊക്കെ യാണ് എനിക്ക് ഈ രംഗത്തേക്ക് വരാൻ ഒരു പ്രചോദനമായത്.*

കൂച്ചുവിലങ്ങിടുങ്ങുകയാണ്. അത്തരം കാരണങ്ങൾ കൊണ്ടാണ് യുവതികൾ വിവാഹജീവിത ത്തിലേക്ക് വരാത്തത്.

നമ്മുടെ പല വീട്ടമ്മമാരും മുതിർന്ന സ്ത്രീകളും സ്വന്തം ആരോഗ്യത്തെപറ്റി ഒട്ടും തന്നെ ശ്രദ്ധിക്കാറില്ല എന്നത് പരിതാപ കരമായ ഒരു വസ്തുതയാണ്. മാതാപിതാക്കളുടെയും ഭർത്താക്ക ന്മാരുടെയും കുട്ടികളുടെയൊക്കെ ആരോഗ്യപ്രശ്നങ്ങൾക്ക് അവർ മുൻഗണന നൽകുമെങ്കിലും സ്വന്തം ആരോഗ്യത്തിന് ഒരു ശ്രദ്ധയും കാണിക്കുന്നില്ല. കുടുംബത്തിന്റെ സന്തോഷ ങ്ങളൊക്കെ നോക്കുന്നതിനിടയിൽ പല സ്ത്രീകളും തങ്ങളുടെ ആരോഗ്യത്തെ അവഗണിച്ചു കളയാറുണ്ട്.

തലേദിവസം പാചകം ചെയ്ത് ബാക്കിവന്ന ഭക്ഷണസാധനങ്ങൾ പിറ്റേദിവസം കഴിക്കുന്ന അമ്മമാർ നമ്മുടെ ഇടയിലുണ്ട്. ഭക്ഷണം പാഴാക്കി കളയണ്ട എന്ന ചിന്തയായിരിക്കാം അവർ അങ്ങനെ ചെയ്യുന്നതിന് പിന്നിൽ. പക്ഷേ അത് അവരുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്.

നല്ല രീതിയിലുള്ള ശാരീരികവും മാനസികവുമായ ആരോഗ്യമുണ്ടെങ്കിൽ കുറെ കാര്യങ്ങൾ സത്രീകൾക്ക് തരണം ചെയ്തു കൊണ്ടുപോകാൻ പറ്റും. വീട്ടിൽ ഉണ്ടാകുന്ന പിരിമുറുക്കങ്ങളും പങ്കാളിയുടെയും മക്കളുടെയും മദ്യപാനവും മാനസിക സംഘർഷങ്ങളുമൊക്കെ സ്ത്രീകളുടെ മാനസിക ആരോഗ്യത്തെ ബാധിക്കുന്നതാണ്.

അനാരോഗ്യപരമായ പശ്ചാത്തലം സ്ത്രീകളുടെ ആത്മവിശ്വാസത്തെയും സമൂഹത്തിൽ മുന്നോട്ടുവരാനുള്ള പരിശ്രമങ്ങളെയും പിന്നോട്ട് വലിക്കുന്നു. സ്ത്രീകളുടെ ഉന്നമനത്തിനായി കുടുംബത്തിലുള്ള മറ്റുള്ളവർ മക്കളും ഭർത്താക്കന്മാരും എല്ലാവരും പിന്തുണ നൽകുക തന്നെ വേണം.

**ഒരു സ്ത്രീയായിരിക്കുക എന്നത് ഏറ്റവും മഹനീയമായ ഒരു കാര്യമാണ്. സ്ത്രീകൾക്ക് മാത്രമേ ഒരു മകളായും സഹോദരിയും ഭാര്യയായും അമ്മയായും സന്ന്യാസിനിയായും അമ്മൂമ്മ യായുമൊക്കെ ജീവിക്കാൻ പറ്റൂ. അത് ദൈവം സ്ത്രീകൾക്ക് നൽകുന്ന വലിയൊരു കൃപയാണ്. ദൈവം തന്ന വലിയ അനുഗ്രഹങ്ങളായ സ്ത്രൈണ ഭാവങ്ങൾ നഷ്ടപ്പെടുത്താതെ ഉചിതമായ സമയത്ത് നമ്മുടെ സമൂഹത്തിന് നൽകാൻ സ്ത്രീകൾക്ക് ആവണം.** എളിമ, വിനയം, ശാന്തത, കരുതൽ, തലോടൽ തുടങ്ങി ദൈവം നൽകിയ കൃപകൾ നഷ്ടപ്പെടുത്തി കളയാതെ മറ്റുള്ളവരെ കേൾക്കുവാനും, കാണുവാനും, കരുതുവാനും അവർക്കുവേണ്ടി ത്യാഗം ചെയ്യുവാനും സ്ത്രീകൾ ശ്രമിക്കുമ്പോൾ സമൂഹത്തിൽ ഒത്തിരിയേറെ മാറ്റങ്ങൾ ഉണ്ടാകുമെന്ന് സിസ്റ്റർ പറയുന്നു.

# *ദൈവവിളിയുടെ ആതുരമേഖലയിൽ.*


റവ.സിസ്റ്റർ ഡോ.  റോമിയ റോഡ്രിഗസ്

**ദൈ**വവിളിക്കായി തന്നെ തിരഞ്ഞെടുത്ത ദൈവത്തിന് നൽകിയ റെസ്പോൺസാണ് ഈ രണ്ട് ഉത്തരവാദിത്തങ്ങളു മെന്നാണ് വരാപ്പുഴ അതിരൂപതയുടെ ലൂർദ് ഹോസ്പിറ്റലിൽ കൺസൽട്ടന്റ് ഫിസിഷ്യനായി കഴിഞ്ഞ ഏഴ് വർഷമായി സേവനം ചെയ്യുന്ന ഡോ. സിസ്റ്റർ  റോമിയ റോഡ്രിഗസ് പറയുന്നത്.

ദൈവപരിപാലനയുടെ കൊച്ചു സഹോദരിമാർ (Little Sisters of Divine Providence) സഭാംഗമായ സിസ്റ്റർ പഠനം പൂർത്തിയാക്കി ലൂർദ് ഹോസ്പിറ്റലിലാണ് ജോയിൻ ചെയ്തത്. മാനവരാശിയെ നടുക്കിയ കോവിഡ് കാലഘട്ടത്തിൽ ജനങ്ങൾക്ക് അവശ്യസേവനം നൽകാൻ ലൂർദ് ആശുപത്രിയിൽ സിസ്റ്ററിന് സാധിച്ചു.

ഒരു ഡോക്ടറായി മാറിയതിനു പിന്നിൽ പഠനകാലയളവിൽ സയൻസ് ഗ്രൂപ്പ് എടുത്ത് പഠിക്കാൻ സാധിച്ചതും സന്ന്യാസ സഭാവസ്ത്ര സ്വീകരണത്തിനു ശേഷം മെഡിക്കൽ എൻട്രൻസ് എക്സാമിന് വേണ്ടി ട്രൈ ചെയ്തു. ഈശോയിൽ സർവം സമർപ്പിച്ച് നന്നായി പഠിക്കാൻ സാധിച്ചതും അതുവഴി മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടുകയും, തുടർന്ന് ഉപരിപഠനത്തിന് അവസരം ലഭിക്കുകയും ചെയ്തതൊക്കെ വലിയ ദൈവാനുഗ്രഹങ്ങളയി സിസ്റ്റർ കാണുന്നു. സേവനം സിദ്ധിയായിട്ടുള്ള ദൈവപരിപാലനയുടെ കൊച്ചു സഹോദരിമാരുടെ സ്ഥാപക വിശുദ്ധ തെരേസ മിഷേൽ പകർന്നു നൽകിയ സിദ്ധിയുടെയും അപ്പോസ്തോലിക ദൗത്യത്തിന്റെയും സമർപ്പണത്തിന്റെയും ആത്യന്തിക ലക്ഷ്യം വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക സേവനങ്ങൾക്കൊപ്പം ആതുരശുശ്രൂഷയിലൂടെ സമൂഹത്തിൽ ആവശ്യമായ ഇടങ്ങളിൽ സമർപ്പിതയായി പ്രവർത്തിക്കുക എന്നതാണെന്നും സിസ്റ്റർ പങ്കുവയ്ക്കുന്നു.

**അനേകരെ അത്ഭുത പ്രവർത്തനത്താൽ സുഖപ്പെടുത്തിയ ഈശോയാണ് സിസ്റ്ററിന്റെ ഗുരുവും പ്രചോദനവും മാർഗദർശിയും. കൂടാതെ മാതാപിതാക്കളുടെയും കുടുംബങ്ങളുടെയും പിന്തുണയും പ്രചോദനമായിട്ടുണ്ട്. ആരോഗ്യ ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നതിലൂടെ സമൂഹത്തിലെ പാവങ്ങൾക്കും രോഗികൾക്കും സാമ്പത്തികമായി ഒരുപാട് കഷ്ടപ്പെടുന്നവർക്കും ഒരുപാട് നന്മകൾ ചെയ്യാൻ സാധിക്കുമെന്ന വിശ്വാസമാണ് ഈ രംഗത്ത് തുടരാനുള്ള സിസ്റ്ററിന്റെ സെൽഫ് മോട്ടിവേ ഷൻ. കന്യാസ്ത്രീയായും ഡോക്ടറായും, സേവനം ചെയ്യുമ്പോൾ രണ്ട് ദൈവവിളിയായി കാണാൻ സാധിക്കുകയില്ല. രണ്ടു വിളികളല്ല, ഒരു വിളിയേ ഉള്ളൂ. പക്ഷേ വ്യത്യസ്ത മേഖലകളാണ് എന്ന് മാത്രം എന്ന് സിസ്റ്റർ പറഞ്ഞുവയ്ക്കുന്നു.**

തന്റെ പ്രവർത്തന മേഖലയെ

തന്റെ ജീവിതാന്തസിന്റെ ഭാഗമായ ശുശ്രൂഷയായി കണക്കാക്കാതെ ഒരു കരിയർ ആയി മാത്രം കണക്കാക്കുകയാണെങ്കിൽ അത് വലിയൊരു വെല്ലുവിളിയായി മാറും. ഏത് പ്രവർത്തന മേഖലയായാലും മെഡിക്കൽ പ്രൊഫഷണൽ രംഗത്ത് അതിന്റെ പ്രൊഫഷണലിസം അപ്ഡേറ്റ് ചെയ്യാനും അപ്ഗ്രേഡ് ചെയ്യാനും അഡാപ്റ്റ് ചെയ്യുവാനും സാധിക്കണം.

പ്രാർത്ഥന എന്ന ഒരു അടിസ്ഥാനമുണ്ടെങ്കിൽ എല്ലാം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നും സഭാ സ്ഥാപകയായ മദർ മിഷേലിന്റെ ആത്മീയ അരൂപിയിൽ നിറഞ്ഞ് ദൈവ പരിപാലനയിൽ ആശ്രയിച്ച് ബലഹീനരായവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കും ദൈവപരിപാലനയുടെ ശക്തമായ അനുഭവം പകർന്നുകൊടുക്കുകയാണ് താൻ ചെയ്യുന്നത്. തന്റെ വളർച്ചയിൽ തന്റെ സന്ന്യാസ സമൂഹം നൽകുന്ന പിന്തുണയും എടുത്തുപറയേണ്ടതാണ്. സ്ത്രീകൾക്ക് വളരാനും സ്വയംപര്യാപ്തത കൈവരിക്കാനും സ്വസ്ഥമായി ജീവിക്കാനും ഉള്ള എല്ലാ സാഹചര്യവും ഇന്നത്തെ ലോകത്തിൽ ഉണ്ട്. അത് കണ്ടെത്തുവാനും ധൈര്യത്തോടെ നേടിയെടുത്ത്, അവസരങ്ങൾ ഉപയോഗിച്ച് മുന്നോട്ടു നീങ്ങാനും സ്ത്രീകൾക്ക് ധൈര്യമില്ലാത്തതും, മുന്നോട്ടു വരുന്ന സ്ത്രീകൾക്ക് സ്ത്രീകൾ തന്നെ അടങ്ങുന്ന ഒരു ചെറിയ സമൂഹം  ഇന്നും തടസ്സമാകുന്നു എന്നതുമാണ് ഏറ്റവും വലിയ വെല്ലുവിളി.

ഇന്നത്തെ സ്ത്രീകൾക്ക് നല്ല വിദ്യാഭ്യാസ യോഗ്യതയും നേതൃഗുണവുമൊക്കെ ഉണ്ടെങ്കിലും നേതൃസ്ഥാനത്തേക്കു വരുന്നവർ ചുരുക്കമാണ്. 100% സാക്ഷരതയുള്ള കേരളത്തിൽ സ്ത്രീ സുരക്ഷ, ഇനിയും ചിന്തിക്കേണ്ട മറ്റൊരു കാര്യം

*അനേകരെ അത്ഭുത പ്രവർത്തനത്താൽ സുഖപ്പെടുത്തിയ ഈശോയാണ്  സിസ്റ്ററിന്റെ ഗുരുവും പ്രചോദനവും മാർഗദർശിയും. കൂടാതെ മാതാപിതാക്കളുടെയും കുടുംബങ്ങളുടെയും പിന്തുണയും പ്രചോദനമായിട്ടുണ്ട്. ആരോഗ്യ ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നതിലൂടെ സമൂഹത്തിലെ പാവങ്ങൾക്കും രോഗികൾക്കും സാമ്പത്തികമായി ഒരുപാട് കഷ്ടപ്പെടുന്നവർക്കും ഒരുപാട് നന്മകൾ ചെയ്യാൻ സാധിക്കുമെന്ന വിശ്വാസമാണ് ഈ രംഗത്ത് തുടരാനുള്ള സിസ്റ്ററിന്റെ സെൽഫ് മോട്ടിവേഷൻ.*


കൂടിയാണ്. ആരോഗ്യകരമായ ഭക്ഷണശീലം, കൃത്യമായ വ്യായാമം, കൃത്യമായ ഇടവേളകളിലെ ശാസ്ത്രീയമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആരോഗ്യ പരിശോധനകൾ, അപായ രോഗലക്ഷണങ്ങൾ കണ്ടാൽ ആവശ്യമായ പരിശോധന, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവയിലൂടെ സ്ത്രീ ശരീരം കാത്തുസൂക്ഷിക്കേണ്ടതിന്റെ അനിവാര്യത സമൂഹം മനസിലാക്കണമെന്നും ഡോക്ടർ ചൂണ്ടിക്കാട്ടുന്നു.

കുടുബശ്രീ പോലെ ഉള്ള കൂട്ടായ്മകളിലൂടെ അവർക്കു നല്ല ബോധവത്കരണം നൽകണം. ജോലി-ജീവിത സന്തുലിതാവസ്ഥ (Work-life balance) നിലനിർത്താൻ കഴിയാത്തത് മൂലം ഉത്കണ്ഠ, വിഷാദം (Depression), മാനസിക പിരിമുറുക്കം (Stress) എന്നിവ വർദ്ധിക്കുന്നു എന്നും കേരളത്തിൽ 100-ൽ 10 സ്ത്രീകളും വിഷാദരോഗത്തിന് അടിമകളാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നതെന്നും സിസ്റ്റർ മുന്നറിയിപ്പ് നൽകുന്നു.

പോളിസിസ്റ്റിക് ഓവേറിയൻ സിൻഡ്രോം (PCOS), അമിതമായ രക്തസ്രാവം, വേദനയേറിയ ആർത്തവം, ജോലിസ്ഥലത്തെ അമിത അധ്വാനംമൂലമുള്ള പേശീവേദന, സന്ധിവേദന എന്നിവ സാധാരണമാണ്. വ്യായാമക്കുറവും തെറ്റായ ഭക്ഷണരീതിയും കാരണം പ്രമേഹം, അമിതഭാരം, ഹൃദ്രോഗങ്ങൾ (Cardiovascular Diseases) എന്നിവ സ്ത്രീകളിൽ കൂടിവരുകയാണ്. പോഷകാഹാരക്കുറവ്, വിളർച്ച (Anemia) എന്നിവ സ്ത്രീകളിൽ, പ്രത്യേകിച്ച് ഗർഭിണികളിലും കൗമാരപ്രായക്കാരിലും കണ്ടുവരുന്നു. സ്തനാർബുദം (Breast cancer), ഗർഭാശയഗള ക്യാൻസർ (Cervical cancer) എന്നിവ സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന ഭീഷണികളാണ്. പ്രായമായ സ്ത്രീകളിൽ അസ്ഥികളുടെ ബലം കുറയുന്ന അവസ്ഥ സാധാരണമാണ്. സിസ്റ്റർ തന്റെ അനുഭവത്തിൽ നിന്നും അറിവിൽ നിന്നും വ്യക്തമാക്കുകയാണ്.

കുടുംബ ഉത്തരവാദിത്തങ്ങളും ജോലി സമ്മർദ്ദവും കാരണം പല സ്ത്രീകൾക്കും കൃത്യമായ ഉറക്കം ലഭിക്കുന്നില്ല. കഴിവുകൾക്കതീതമായ കാര്യങ്ങളിൽ നമ്മുടെ ആശ്രയം നമ്മെ രക്ഷിക്കനും സഹായിക്കാനും കഴിയുന്ന ദൈവത്തിൽ മാത്രമാണ്.  അവിടെ ദൈവവിശ്വാസത്തിനും പ്രാർത്ഥനയ്ക്കും വലിയ സ്ഥാനമുണ്ട്. ഡോക്ടർമാരുടെയും രോഗികളുടെയും ധൈര്യംപോലും ആ ദൈവ പരിപാലന തന്നെ ആണ്. അതുകൊണ്ട് ജപമാല, പേഴ്സണൽ പ്രയർ എന്നിവ ഞാൻ ഒരിക്കലും മുടക്കാറില്ല. സ്ത്രീകൾക്ക് അവകാശപ്പെട്ട അവസരങ്ങളും, വിദ്യാഭ്യാസവും, സുരക്ഷയും, സ്നേഹവും, കരുതലും കൊടുത്താൽ സമൂഹത്തിനു അവർ നേട്ടമായി മാറുമെന്ന് സിസ്റ്റർ കൂട്ടിച്ചേർക്കുന്നു.

# ജീവിതത്തിലെ അഗ്നി കനലുകളിലൂടെ...



ലൂയിസ് തണ്ണിക്കോട്ട്

*സ്ത്രീ ശാക്തീകരണ പാതയിൽ വനിതകൾ നേടിയ വിജയത്തിൻറെ ഓർമ്മദിനം മാർച്ച് 8, അന്താരാഷ്ട്ര വനിതാ ദിനം.ജീവിത സമരഭൂമിയിൽ എരിഞ്ഞടങ്ങാതെ ജീവിത പ്രതിസന്ധികളുടെ,ആഴവും അലകളും നീന്തിക്കടന്ന്,അതിജീവനത്തിന്റെ വിജയഗാഥ രചിച്ച രണ്ടു സ്ത്രീ സംരംഭകർ.*

## *ചേച്ചിമാരുടെ അടുക്കള രുചിയിലേക്ക്.....*

അയല പൊരിച്ചതുണ്ട്... കരിമീൻ വറുത്തതുണ്ട്... കൊടം പുളി ഇട്ടുവെച്ച, നല്ല ചെമ്മീൻ കറിയുണ്ട്.... തുമ്പപ്പൂനിറമുള്ള ചെറുമണി ചോറുണ്ട്, ഉപ്പിലിട്ട മാങ്ങയുണ്ട്........ സ്വാദിഷ്ടമായ ഭക്ഷണത്തിന്റെ കൊതിയൂറും രുചി നാവിലെ രസമുകുളങ്ങളിലെ ആസ്വാദനത്തിന്റെ ഓർമ്മ യുണർത്തുന്ന വരികളാണ് ഈ ഗാനം. ഈ ഗാനത്തിലെ വരികളിലേതു പോലെ രുചിയിടങ്ങൾ തേടുന്നവർ ഭക്ഷണത്തിന്റെ രുചിയും സ്വാദും അന്വേഷിച്ചു ചെല്ലുന്ന ഒരു ഭക്ഷണശാല പാലാരിവട്ടത്തുണ്ട്. കുഞ്ഞുമോൾ എന്ന വീട്ടമ്മയാണ് ഈ സംരംഭക. ***ഒന്നര പതിറ്റാണ്ട് മുൻപ് ജീവിതത്തിന്റെ വറുതിയുടെ നാളുകളിൽ ഒരു പൊതി ചോറിൽ തുടങ്ങിയ സംരംഭം ഇന്ന് 'ചേച്ചിമാരുടെ കട'യിൽ എത്തിനിൽക്കുന്നു.***

***കുഞ്ഞുമോൾ ജോസ് മോന്റെ ഇന്നത്തെ ജീവിത രുചിയുടെ അടുക്കള രഹസ്യം തുടങ്ങുന്ന തിങ്ങനെ.***

കറുത്തേടം ഇടവകയിൽ ജനിച്ച കുഞ്ഞുമോളുടെ ജീവിതം സന്തോഷത്തിന്റെ വസന്ത കാല ത്തിലൂടെയാണ് കടന്നുപോന്നത്. ഒൻപതു മക്കളുള്ള കുടുംബ ത്തിലെ ഇളയ മകൾ, ജീവിത ത്തിൽ അല്ലലില്ലാതെ വളർന്നവളായിരുന്നു. കുഞ്ഞുമോളുടെ ജീവിതത്തിന്റെ രണ്ടാംഘട്ടം 1990– കളിൽ പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക പൈങ്ങാത്തറ ജോസ് മോനുമായി വിവാഹമായിരുന്നു. സ്വന്തമായി ടാങ്കർ ലോറികൾ ഉണ്ടായിരുന്ന ജോസ് മോനും ഒത്തുള്ള കുടുംബം, ജീവിതത്തിന്റെ രുചിഭേദങ്ങൾ അറിഞ്ഞ് മുന്നോട്ട് നീങ്ങി. അങ്ങനെയിരിക്കയാണ് ജോസ് മോന്റെ ജീവിതത്തിൽ അറിയാതെ വന്നു വീണ ഉപ്പുപോലെ, ജീവിതത്തിൽ കയ്പ് അനുഭവപ്പെട്ടു തുടങ്ങി യത്. കൃത്യമായ വരുമാനം നിലച്ചപ്പോൾ ലോൺ എടുക്കുകയായിരുന്നു പ്രതിവിധി. തുടർ നാളുകളിൽ താമസിച്ചിരുന്ന സ്വന്തം വീട് വിറ്റ് വാടക വീട്ടിലേക്ക്.

ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെട്ടിരുന്നു കുഞ്ഞുമോൾ, വീടിന്റെ അടുത്ത് ജോലി ചെയ്തിരുന്ന പണിക്കാർക്ക് വീട്ടിലെ പാചകത്തിൽ നിന്നും ഉച്ചയ്ക്ക് ഒരു ചോറു കൊടുത്തു. തുടർന്ന് തൊട്ടടുത്ത ഫ്ളാറ്റ് നിർമ്മാണ തൊഴിലാളികൾക്ക് ഭർത്താവ് അറിയാതെ പൊതി ച്ചോറ് കൊടുത്തു തുടങ്ങി. വീടിന ടുത്ത് ഒരു സ്റ്റുഡിയോ ആരംഭിച്ച പ്പോൾ ഏതാണ്ട് ഇരുപതോളം പേർക്ക് കൂടി സ്ഥിരമായി ഉച്ചയ്ക്ക് ഭക്ഷണം കൊടുത്തു. ജീവിതം ഒരു ചോദ്യചിഹ്നമായി മുന്നിൽ നിന്നപ്പോൾ, തന്റെ പഴയ ഓർമ്മകളിൽ നിന്നും വിട്ടിറങ്ങി, ഉച്ചയ്ക്ക് ഊണ് എന്ന ആശയത്തോട് ഭർത്താവ് ജോസ് മോൻ കൂടുതലായി സഹകരിച്ചു തുടങ്ങി. ഇതിനിടയിൽ തൊട്ടടുത്ത പൈപ്പ് ലൈൻ ജംഗ്ഷനിൽ ഒരു ഹോട്ടൽ വാടകയ്ക്ക് എടുത്ത് നടത്തിവന്നു. അന്ന് വിദ്യാർത്ഥിയായിരുന്ന മകൻ ഹോട്ടൽ ജോലിയും പഠനവും ഒരുമിപ്പിച്ചു മുന്നേറി. മകൾ വീട്ടിലെ പണികളിലും സഹായിച്ചു. ഒപ്പം ഒരാളെ



സഹായത്തിനായി ജോലിക്കു നിർത്തി.

അങ്ങനെയിരിക്കെ മറ്റൊരു ദുരന്തം ഒരു വാഹനാപകടത്തിന്റെ വേഷത്തിൽ എത്തി. പാചകത്തിനുള്ള മീൻ വാങ്ങി വരുന്ന വഴി ഭർത്താവ് ജോസ് മോൻ ഒരു അപകടത്തിൽ പെട്ടു. നാളുകൾ നീണ്ട ചികിത്സ. മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ കിടത്തി ചികിത്സ തുടർന്നു. പാചകത്തിനിടിയിൽ പാത്രത്തിൽ കരിഞ്ഞു പിടിച്ചത് പോലെ, ജീവിതം കറുത്തിരുണ്ടു. നടത്തി വന്ന ഭക്ഷണശാല നോക്കാൻ ആളില്ലാതെ പൂട്ടേണ്ടി വന്നു. ഒരു വശത്ത് ഭർത്താവിന്റെ ചികിത്സാ ചെലവ്, മറുവശത്ത് ജീവിതം മുന്നോട്ട് കൊണ്ടുപോകാനുള്ള തന്ത്രപ്പാട്. വറച്ചട്ടിയിൽ നിന്നും എരിതീയിലേക്ക് എന്ന പോലെയായിരുന്നു ജീവിതാവസ്ഥ.

**2015-ൽ ഭർത്താവ് ജോസ് മോൻ മരണപ്പെടുന്നു. ആശുപത്രിയിലെ ബില്ലിനു മുൻപിൽ, നീന്തൽ അറിയാത്തവൻ വെള്ളത്തിൽ വീണതു പോലെയുള്ള നിസ്സഹായ അവസ്ഥ. അപ്പോൾ ഒരു ദൈവദൂതനെ പോലെ അന്നത്തെ ഇടവക വികാരിയായിരുന്ന, ഇപ്പോൾ ആലുവ തോട്ടക്കാട്ടുകര പള്ളി വികാരി ഫാദർ തോമസ് പുളിക്കൽ രക്ഷകനായി. ഇന്നും ആ നിസ്സഹായവസ്ഥ പറയുമ്പോൾ കുഞ്ഞുമോളുടെ കണ്ണുകളിൽ നനവ്.**

കൈവിട്ടുപോയ ജീവിതം തിരിച്ചുപിടിക്കുക എന്നതായിരുന്നു കുഞ്ഞുമോളുടെ ലക്ഷ്യം. മക്കളുടെ വിദ്യാഭ്യാസം നടക്കണം. അവരെ സ്വയം പര്യാപ്തതയിൽ എത്തിക്കണം. അതിന് ദുരന്തങ്ങൾക്കു മുന്നിൽ പകച്ചു നിൽക്കുകയല്ല, പിടിച്ചു കയറുകയാണ് പ്രതിവിധി.

താമസ സ്ഥലത്ത് ഒരു പ്ലാസ്റ്റിക് ഷീറ്റ് വലിച്ചു കെട്ടി ഭക്ഷണശാല ആരംഭിച്ചു. അടുത്തുണ്ടായിരുന്ന സ്റ്റുഡിയോയിലെ കുട്ടികൾ വളരെയധികം പ്രോത്സാഹിപ്പിച്ചു. പലിശയ്ക്ക് എടുത്ത പണവും കഠിനാധ്വാനവും മൂലധനം ആക്കി ഉച്ച ഭക്ഷണം ആരംഭിച്ചു. രാവിലെ നാലുമണിക്ക് എഴുന്നേൽക്കും. കുറെയേറെ പണികൾ തീർത്തതിനു ശേഷം വിശുദ്ധ കുർബാനയ്ക്കായി ദേവാലയത്തിലേക്ക്. മടങ്ങിവന്നു അടുക്കളയിലെ ചൂടിലേക്ക്.

തന്റെ ഭർത്താവിൻറെ അമ്മയായ ലില്ലി അമ്മയിൽ നിന്നും പാചകം നോക്കി നിന്ന് പഠിച്ചത് ആപത്തുനാളിൽ കുഞ്ഞുമോൾക്ക് തുണയായി. ഒപ്പം കുഞ്ഞുമോളുടെ കൈപ്പുണ്യം കൂടി ചേർന്നപ്പോൾ, ഭക്ഷണം കഴിക്കാൻ എത്തുന്നവരുടെ നാവിൽ കൊതിയൂറും രുചിയും മനസ്സിൽ നിറഞ്ഞ സംതൃപ്തിയും. ബ്ലോഗർമാരും യൂട്യൂബർമാരും 'ചേച്ചിമാരുടെ കട' കൂടുതൽ പ്രശസ്തിയിലേക്ക് ഉയർത്തി. പിന്നീട് ഇന്നുവരെ കുഞ്ഞുമോൾ ജോസ്മോന് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല.

ചേച്ചിമാരുടെ കട വളർച്ചയുടെ പടവുകളിലൂടെ അനുസ്യൂതം മുന്നോട്ട്. ഇതിനിടയിൽ വൈകിട്ടും ഭക്ഷണം ആരംഭിച്ചു. ഇറച്ചിയും പുട്ടും, പിടിയും കോഴിക്കറിയും, പാൽക്കപ്പയും മീൻകറിയും. 2023 മെയ് മാസത്തിൽ ആരംഭിച്ച ഈ കച്ചവടം, പിറ്റേദിവസം ഉള്ള ഉച്ചയൂണിനെ ബാധിച്ചതു കൊണ്ട് കൂടുതൽ നാൾ നിലനിന്നില്ല. എന്നാൽ ഒരു പാചകക്കാരനെ വച്ചുകൂടെ എന്ന് ചോദിച്ചേക്കാം,

പുറത്തുനിന്നും ആരെയും പാചകക്കാരായി വയ്ക്കാനും കുഞ്ഞുമോൾ ഒട്ടും ഇഷ്ടപ്പെടുന്നില്ല. സ്വന്തം കൈകൊണ്ട് ഉണ്ടാക്കുന്ന, താൻ കഴിക്കുന്ന അതേ ഭക്ഷണം വീട്ടിൽ ഭക്ഷണം കഴിക്കാൻ വരുന്നവർക്കും കൊടുക്കണം

അതാണ് കുഞ്ഞുമോളുടെ സംതൃപ്തിയും കരുതലും. ഇതൊരു ഹോട്ടൽ ആക്കിക്കൂടെ എന്നതിനും ഇതുതന്നെയാ യിരുന്നു മറുപടി.

മാത്രമല്ല പാചകത്തിനുള്ള എല്ലാ ചേരുവ പൊടികളും കുഞ്ഞുമോളുടെ മേൽനോട്ടത്തിൽ തന്നെ പൊടിച്ചെടുക്കുന്നതുമാണ്. ഉച്ചയ്ക്ക് വിളമ്പുന്ന പ്രത്യേക രുചിയുള്ള പച്ചമോര് വരെ കുഞ്ഞുമോളുടെ കൈപ്പുണ്യം ആണ്. ആ വിശ്വാസവും രുചിയും സ്വാദും ആണ് കൂടുതൽ കൂടുതൽ പേർ ചേച്ചിമാരുടെ താറാവും പോർക്കും മീനും ഫിഷ് മോളിയും, വെള്ളേപ്പവും, എല്ലാം എല്ലാം തേടി വരുന്നതും ആസ്വദിക്കുന്നതും.

സമൂഹത്തിന്റെ പല മേഖലക ളിൽനിന്ന് ചേച്ചിമാരുടെ കടയിലെ രുചി ആസ്വദിക്കാൻ നിരവധി പേർ എത്തിച്ചേരുന്നുണ്ട്. സംവിധായകൻ സത്യൻ അന്തിക്കാടിന്റെ മകൻ, വിനീത് ശ്രീനിവാസൻ, ശരത്ത്, മധു ബാലകൃഷ്ണൻ, ഇങ്ങനെ നിരവധി പേരുകൾ നിരനിരയായി നീളുന്നു.

രാവിലെ നാലുമണിക്ക് ഉറക്കമുണരുന്ന കുഞ്ഞുമോൾ മുടക്കമില്ലാതെ പ്രഭാത ദിവ്യബലിയിൽ സംബന്ധിക്കും. തുടർന്ന് അടുക്കളയിലേക്ക്. പതിനൊന്നര മണിക്ക് ഊണ് റെഡി. 12 മുതൽ നാലര വരെ ഉച്ചഭക്ഷണം ഉണ്ടാകും. ആരെയും നിരാശരാക്കില്ല. ഉള്ള ചോറും കറിയും കൊണ്ട് അവസാനം വരെ വിളമ്പും. കുഞ്ഞുമോളുടെ ജീവിതത്തിൽ വിശ്രമത്തിന് അതിർവരമ്പുകൾ ഉണ്ട്. ഇതിനിടയിലും ആവശ്യക്കാർക്ക്, 100 പേർക്ക് വരെ കാറ്ററിംഗ് നടത്തുന്നുണ്ട്. ബിരിയാണിയും, ചില്ലി ചിക്കനും ഫ്രൈഡ് റൈസും. കുഞ്ഞുമോളുടെ സ്ഥിരം വിഭവങ്ങളോടൊപ്പം വേറിട്ട സ്വാദ് നല്കും.

ജീവിത തീയുടെ ചൂടും ചൂരും അറിഞ്ഞ കുഞ്ഞുമോൾ ശനിയാഴ്ചകളിൽ, ഒരു മാസം 200 പേർക്ക് വഴിയോരത്ത് ഭക്ഷണം കൊടുക്കുന്നുണ്ട്. ഒൻപത് കുടുംബങ്ങളെ സഹായിക്കുന്നു മുണ്ട്.



ഏതൊരു ലക്ഷ്യബോധത്തിലേ ക്കാണ് കുഞ്ഞുമോൾ നടന്നു കയറിയത്, ആ വഴിയിൽ ഇന്നും അടുപ്പിന്റെ തീച്ചൂടിൽ കഠിനാധ്വാ നം ചെയ്യുന്നു. കുഞ്ഞുമോളുടെ ഇരട്ട പ്രസവിച്ച രണ്ടു മക്കളും ഒരാണും പെണ്ണും വിദേശത്താണ്. അവർ ഇപ്പോൾ കുടുംബസമേതം അവിടെ സുഖമായി ജീവിക്കുന്നു. മകനുവേണ്ടി ഒരു വീട് കുഞ്ഞു മോൾ ഇപ്പോഴേ സമീപദേശത്ത് കരുതിവച്ചിരിക്കുന്നു. ഇപ്പോൾ ഭക്ഷണം വിളമ്പുന്ന വീട് മകൾക്കും. ഒരു ജേതാവിന്റെ മനസ്സോടെ തന്റെ സഹോദരങ്ങളുടെ തണലിൽ 14 ചേച്ചിമാരോട് ഒപ്പം കുഞ്ഞുമോൾ, 'ചേച്ചിമാരുടെ കടയിലും.'

**നിരവധി അവാർഡുകൾ കുഞ്ഞു മോളെ തേടി എത്തിയിട്ടുണ്ട്. ഓൾ കേരള ഹോട്ടൽ അസോസി യേഷൻ സ്വയം സംരംഭക അവാർഡ്, ഫാദർ ഫിർമൂസ് ഫൗണ്ടേഷൻ വനിത പുരസ്കാ രം. ഇടവക കെ.എൽ.സി. ഡബ്ലിയുഎ സംരംഭക അവാർ ഡ്... തുടങ്ങിയവ ചിലതുമാത്രം.**

ഒരു ജീവിത പാഠമാണ് കുഞ്ഞുമോൾ. പഠിക്കാനും പകർത്താനും ഏറെയുള്ള ഒരു പുസ്തകം. കഠിനാദ്ധ്വാനവും അർപ്പണബോധവും ലക്ഷ്യവും വിശ്വാസ്യതയും കൈമുതലായുണ്ടെങ്കിൽ വിജയ പീഠം നമുക്കുള്ളതാണ്. കരച്ചിലല്ല കരളുറപ്പാണ് ജീവിത വിജയത്തി ന്റെ യഥാർത്ഥ ചേരുവകൾ. പുതിയ വനിതാ സംരംഭകരോട് കുഞ്ഞുമോൾ ജോസ്മോന്റെ കാഴ്ചപ്പാട്. കുഞ്ഞുമോൾ പുതിയ സംരംഭകരോട് പറയുന്നതും മറ്റൊന്നല്ല. വെന്തുതീർന്ന് വിള മ്പാൻ എടുക്കുന്ന ചോറിനു താഴെ, കത്തി എരിഞ്ഞുകൊണ്ടിരുന്ന കനലുകൾ ഉണ്ടായിരിക്കും.

ചായക്കട നടത്തിയിരുന്ന അപ്പൻ മത്തായി - മേരിമാരുടെ രുചിക്കൂട്ട് തന്റെ കൈപ്പിടിയിൽ ഒതുക്കാൻ ആയില്ലെങ്കിലും, ഇന്നും സ്വന്തം പിതാവിനെ പോലെ കരുതലും തുണയുമുള്ള സഹോദരൻ ജോർജ് (ഹോട്ടൽ കെൻടകി ഞാറക്കൽ) തന്റെ എല്ലാ ഉയർച്ചയിലും വളർച്ചയിലും താങ്ങായി തണലായി നിൽക്കുന്നു. കഠിനാധ്വാനത്തിന്റെയും ദുരിതങ്ങളുടെയും കനൽവഴികളിലൂടെ നടന്നു കയറിയ കുഞ്ഞുമോൾ, തന്റെ ഉയർച്ചയും താഴ്ചയും സർവ്വശക്തനായ ദൈവത്തിൽ സമർപ്പിച്ചു കൊണ്ട് ദിവസവും സന്ധ്യാപ്രാർത്ഥനയിൽ കൂടുതൽ ശക്തിക്കായി കൈകൂപ്പി നിൽക്കുന്നു.

ചേച്ചിമാരുടെ കട കൂടുതൽ രുചികളിലൂടെ പാചക കൂട്ടുകളുടെ നിറഞ്ഞ സംതൃപ്തി വിളമ്പി കൊണ്ട്....

# ഒറ്റ നൂലിഴയിൽ നിന്നും, ഊടും പാവും നെയ്തെടുത്ത കാഞ്ചീപുരം പട്ടിലേക്ക്..!



**കാ**ർത്തിക എന്ന ചലച്ചിത്രത്തിൽ യേശുദാസ് ആലപിച്ച, ഒരു സ്ത്രീയുടെ ജീവിതചക്രം കൃത്യമായി അടയാളപ്പെടുത്തുന്ന ഒരു മനോഹര ഗാനമാണ് 'പാവാട പ്രായത്തിൽ നിന്നെ ഞാൻ കണ്ടപ്പോൾ ...' എന്ന് തുടങ്ങുന്ന ഗാനം. ഇവിടെ ഒരു പത്താം ക്ലാസുകാരിയായ പാവാടക്കാരി, പാവാട വിൽക്കാൻ ഇറങ്ങിയ കഥയിലെ നായികയുടെ പേരാണ് ഉഷ. ചിറ്റൂർ ഹോളി ഫാമിലി ഇടവകാംഗമായ ഉഷ തന്റെ പതിനഞ്ചാമത്തെ വയസ്സിലാണ് ഒരു ചെറിയ തയ്യൽ സംരംഭം ആരംഭിക്കുന്നത്. തന്റെ മനസ്സിൽ ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ചിട്ടുള്ള സ്വന്തം പിതാവിന്റെ പ്രചോദനവും പ്രോത്സാഹനവുമാണ് സംരംഭക വഴിയിൽ കരുത്തായി നിന്നത്.

തന്റെ പ്രായത്തിലുള്ള കൂട്ടുകാർ കളിച്ചും പഠിച്ചും നടന്നപ്പോൾ ജീവിതത്തിന്റെ ദൂരകാഴ്ചയിൽ താൻ നേതൃത്വം കൊടുത്ത തയ്യൽ യൂണിറ്റിൽ പാവാടകൾ തയിച്ച് കടകളിൽ എത്തിച്ചുകൊണ്ട് ചെറിയൊരു സംരംഭകയായി മാറുകയായിരുന്നു ഉഷ. പ്രീ ഡിഗ്രിക്ക് പഠിക്കുന്ന സമയത്ത് പഠനവും സംരംഭവും ഒന്നിച്ചു കൊണ്ടുപോകുന്നതായിരുന്നു ജീവിതശൈലി. ബിസിനസ്സിൽ പരിചയമുള്ള അപ്പച്ചനോടൊപ്പവും, ഒറ്റയ്ക്കും കടകളിൽ കയറിയിറങ്ങി ഓർഡർ മേടിക്കുകയും ലഭിച്ച ഓർഡർ കൃത്യസമയത്ത് എത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. വിവാഹം വരെ ഈ സംരംഭകത്വം ഇടമുറിയാതെ തുടർന്നു. അന്നാളുകളിൽ പത്തിൽ താഴെ വീടുകളിൽ ആയിരുന്നു പാവാടയുടെ ഓർഡറുകൾ തയ്ച്ചുകൊണ്ടിരുന്നത്. വിശ്വസിക്കാൻ പ്രയാസമാണെങ്കിലും സത്യത്തിൽ ഈ ചെറിയ പ്രായത്തിൽ പത്തോളം പേർക്ക് തൊഴിൽ നൽകുന്ന സംരംഭക ആകുക എന്ന ഒരു സാഹസിക മനോഭാവത്തിനുടമയായിരുന്നു ഉഷ. ഈ സമയത്താണ് വിവാഹ ആലോചനകൾ വരുന്നതും പാലാരിവട്ടത്തേക്ക് വിവാഹിതയായി കടന്നുവരുന്നതും.

വിവാഹശേഷം ഒരു ബ്രേക്ക് എന്നു പറയാവുന്ന സാഹചര്യം സംജാതമായി. അപ്പോഴും, 15-ാമത്തെ വയസ്സിൽ തന്റെ മനസ്സിൽ മുളപൊട്ടിയ സംരംഭക എന്ന വിത്ത് സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മൂടപ്പെട്ടു കിടക്കുന്നുണ്ടായിരുന്നു. വേനലിൽ പെയ്ത മഴയിൽ എന്നപോലെ ഒരു ദിനം അത് നാമ്പിട്ടു. സ്വന്തം സ്വർണം വിറ്റ പതിനായിരം രൂപയുടെ മൂലധനത്തിൽ ആയിരുന്നു രണ്ടാം പകുതിയിലെ ആരംഭത്തിന്റെ കൈമുതൽ. ഒരു വശത്ത് കുട്ടികളുടെ ചെറുപ്രായവും മറുവശത്ത്

ജീവിതത്തിന്റെ ഏറെ സമ്മർദ്ദങ്ങളും ഉണ്ടായിരുന്നെങ്കിലും ബിസിനസ് പുനരാരംഭിച്ചു. കഠിനപരിശ്രമം മാത്രം കൈമുതലാക്കി പ്രതിബന്ധങ്ങളെ തരണം ചെയ്തു മുന്നോട്ടു നീങ്ങി. ഒരു കൈയിൽ ഇളയ മകനെയും മറുകൈയിൽ യൂണിറ്റിൽ തയ്ച്ച പാവാടകളുമായി അങ്കമാലി വരെ യാത്ര ചെയ്ത നാളുകൾ. ജില്ലയിലെ വിവിധ കടകളിൽ തന്റെ ഉൽപ്പന്നത്തിന് വിപണി കണ്ടെത്തി. 50-100-150-ഇങ്ങനെ തയിച്ച പാവാടകളുടെ എണ്ണം കൂടിക്കൊണ്ടിരുന്നത് ഈ രംഗത്ത് ഉറച്ചു നിൽക്കാനുള്ള ആത്മവിശ്വാസം കൈവന്നു. ഇതുമായി ബന്ധപ്പെട്ട് തയ്യൽ യൂണിറ്റിൽ തൊഴിലെ ടുക്കുന്നവരുടെ എണ്ണവും ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരുന്നു.

ബിസിനസിന്റെ ഒരു ഘട്ടത്തിൽ പാവാടയും നൈറ്റിയും ഉൾപ്പെടെ മാർക്കറ്റിൽ ആവശ്യക്കാർ ഏറി വന്നപ്പോൾ സ്വന്തമായി ഒരു വണ്ടി ആവശ്യമായി വന്നു. സംരംഭം കൂടുതൽ വളർച്ചയിലേക്ക് എന്നത് മനസ്സിന് എറെ സംതൃപ്തി നല്കി. കൂടുതൽ കഠിനാധ്വാനം ചെയ്യാനുള്ള പ്രചോദനവുമായി. അതുവരെ പലയിടങ്ങളിലായി തയ്ച്ച് ശേഖരിച്ചിരുന്നതിനോടൊപ്പം പാലാരിവട്ടത്തെ വീട്ടിൽ ഒരു യൂണിറ്റ് തുടങ്ങി. ലോണെടുത്ത് ഓടിട്ട വീട് വാർക്ക കെട്ടിടമാക്കുകയും മുകളിൽ താമസവും താഴെ യൂണിറ്റും വിപുലീകരിച്ചു.

വളർച്ചയുടെ പടവുകളിലേക്ക് മാതാ ഗാർമെൻറ്സ് നടന്നു കയറിയപ്പോൾ ഭർത്താവ് മാനുവൽ സ്റ്റാൻലി, തന്റെ ഭേദപ്പെട്ട ജോലി ഉപേക്ഷിച്ച് മുഴുവൻ സമയവും മാതാ ഗാർമെന്റ്സിന്റെ തേരാളി യായി. വാറ്റ് രജിസ്ട്രേഷൻ കൂടി എടുത്തതോടുകൂടി കേരളത്തിലെ വൻകിട സ്ഥാപനങ്ങളിൽ നിന്നും കൂടുതലായി ഓർഡർ ലഭിച്ചു തുടങ്ങി. കൂടിവരുന്ന ഓർഡറുകൾക്കനുസരിച്ച് തൊഴിലാളികളുടെയും അതുവഴി മാതാ ഗാർമെന്റ്സുമായി ചേർന്ന് ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെയും എണ്ണവും കൂടിക്കൊണ്ടിരുന്നു. വളർച്ചയുടെ അടുത്ത ഘട്ടത്തിൽ തറവാടിന് തൊട്ടടുത്ത്, ഭേദപ്പെട്ട നിലയിൽ ഒരു കെട്ടിടം പൂർത്തിയാക്കി. പുതിയ കെട്ടിടത്തിന്റെ രണ്ടു നിലകളിൽ യൂണിറ്റും ഒരു നിലയിൽ താമസവും ആയി ക്രമീകരിച്ചു. പാവാട, പലതരത്തിലുള്ള നൈറ്റി, വിവിധ ഇനങ്ങളിൽ ഉള്ള സ്ത്രീകളുടെ പാന്റുകൾ തുടങ്ങി കേരളത്തിനകത്തും പുറത്തുമായി ഏതാണ്ട് 500 ഓളം കുടുംബങ്ങൾക്ക് ജീവിതമാർഗം തെളിച്ചു കൊടുക്കുന്നുണ്ട് ഉഷാ സ്റ്റാൻലിയുടെ മാതാ ഗാർമെന്റ്സ് ഇപ്പോൾ. തുടർ നാളുകളിൽ വിദേശത്തേക്ക് കയറ്റുമതി ഉൾപ്പെടെ മാതാ ഗാർമന്റ്സ് വിപുലീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് ഉഷയും ഭർത്താവ് മാനുവൽ സ്റ്റാൻലിയും കുടുംബവും.

കേവലം ഒരു പത്താം ക്ലാസുകാരിയുടെ നിശ്ചയ ദാർഢ്യത്തിൽ ആരംഭിച്ച പാവാട വിപണനം, ഇന്ന് നിരവധി കുടുംബങ്ങൾക്കും, കൂട്ടായ്മകൾക്കും ജീവിതമാർഗത്തിന്റെ അന്നവും അഭയവും ആകുന്നു. ഒരുകാലത്ത് ബിഗ് ഷോപ്പറിൽ പാവാടകൾ കൊണ്ടുനടന്ന് കച്ചവടം നടത്തിയ നാളുകളിൽ നിന്ന്, വിശ്വസ്തതയും കൃത്യനിഷ്ഠതയും മുഖമുദ്രയാക്കിയ മാതാ ഗാർമന്റ്സിനെ ഉപഭോക്താവ് തേടിയെത്തുന്നു എന്നത് ദൈവാനുഗ്രഹവും കഠിനാദ്ധ്വാനത്തിന്റെ തെളിവുമാണ്.

**തന്നോടൊപ്പം തൊഴിലെടുക്കുന്ന തൊഴിലാളികളെ സഹോദര മനുഷ്യരായി കാണുന്ന ഉഷ സ്റ്റാൻലിയുടെ ഒരു ദിവസം ആരംഭിക്കുന്നത്, ദിവസവും രാവിലെ ഇടവക ദേവാലയത്തിലെ ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ടാണ്. ദിവസവും രാവിലെഎട്ടര മണിക്ക് തയ്യൽ യൂണിറ്റിൽ പ്രവേശിക്കുന്ന ഉഷ സ്റ്റാലിൻ രാത്രി ഏതാണ്ട് 9 മണിവരെ യൂണിറ്റിൽ സജീവമാണ്. കമ്പോളത്തിലെ ആവശ്യക്കാർക്ക് അനുസരിച്ച് തന്റെ ഉൽപ്പന്നത്തിൽ രൂപമാറ്റം വരുത്തുന്ന ഉഷ സ്റ്റാൻലി പക്ഷേ,ഒരു ദിവസം 12 മണിക്കൂറിൽ കൂടുതൽ തയ്യൽ യൂണിറ്റിലും മറ്റു പ്രൊഡക്ഷനിലുമായി സമയം ചെലവഴിക്കുന്നതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഏതാണ്ട് നാല് പതിറ്റാണ്ടോളമായി തൊഴിലെടുത്തും തൊഴിൽ കൊടുത്തും ആ യാത്ര തുടരുകയാണ്.**

തന്റെ ജീവിത വിജയത്തിന്റെ വഴികളെ പറ്റി ഉഷ സ്റ്റാൻലി ഇങ്ങനെ പറഞ്ഞു തുടങ്ങുന്നു. ഇന്നത്തെ കാലഘട്ടത്തിൽ സാധാരണ കുടുംബങ്ങളിലെ ദാരിദ്ര്യം മാറാൻ സ്ത്രീകൾ തന്നെ പുറ ത്തേക്ക് ഇറങ്ങണം, സ്ത്രീകൾ തന്നെ മുന്നിട്ട് നിന്ന് ഒരു വരുമാനമാർഗ്ഗം കണ്ടെത്തണം. അത് ഭർത്താവിനും കുടുംബത്തിനും സഹായകമാകും. ഞാനെന്തു ചെയ്യാനാണ് എന്ന് മടിയൻ സ്വഭാവം മാറ്റിവച്ച് ആരെയും ആശ്രയിക്കാതെ ജീവിക്കാൻ സ്ത്രീകൾ തയ്യാറായാൽ കുടുംബങ്ങൾക്ക് മാറ്റം ഉണ്ടാവും.

**ഏതൊരു സംരംഭത്തിന്റെയും വിജയത്തിന് പ്രാർത്ഥന അനിവാര്യമാണ്. പക്ഷേ പ്രാർത്ഥന മാത്രം പോരാ, അക്ഷീണ പ്രവൃത്തിയും, അതോടൊപ്പം ലക്ഷ്യബോധവും ഉണ്ടാവണം. കൂടെയുള്ളവരോട് സ്നേഹവും കരുണയും ഉള്ളവരാകണം. കൊന്ത സദാസമയവും കയ്യിൽ സൂക്ഷിക്കുന്ന, തിരുക്കുടുംബത്തിൽ, പ്രത്യേകമായി പരിശുദ്ധ മാതാവിൽ തന്റെ എല്ലാ നേട്ടങ്ങളും സമർപ്പിക്കുന്ന ഉഷാ സ്റ്റാൻലി തന്റെ വിജയമന്ത്രം പങ്കുവച്ചു. 'അലസമായ കരം ദാരിദ്ര്യം വരുത്തി വെക്കുന്നു, സ്ഥിരോത്സാഹിയുടെ കൈ സമ്പത്ത് നേടുന്നു. (104) എന്ന സുഭാഷിതങ്ങളിലെ ബൈബിൾ**

**വാക്യത്തിന് ഉഷ സ്റ്റാലിയും കുടുംബവും നേർസാക്ഷ്യവുമാകുന്നു.**

നിരവധി അംഗീകാരങ്ങൾ ഉഷ സ്റ്റാൻലിയെ തേടി എത്തിയിട്ടുണ്ട്. Women icon of the year 2024, Shining Star Award 2024, Kerala Textile & Garment Association Award 2024, ഇടവക ഗഘഇണഅ സംരംഭക അവാർഡ്, തുടങ്ങി നിരവധി അവാർഡുകളിൽ ഇവ ചിലതുമാത്രം.

പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക അംഗമായ ഉഷാ സ്റ്റാൻലി കഠിനാധ്വാന ത്തിലൂടെ കരഗതമാക്കിയ വിജയവഴിയിൽ നിൽക്കുമ്പോൾ, ഭർത്താവ് വലിയപാടത്ത് മാനുവൽ സ്റ്റാൻലിയും മൂന്നുമക്കളും മുഴുവൻ കുടുംബവും ഈ മുന്നേറ്റത്തിൽ സജീവപങ്കാളികളാണ്. സാമ്പത്തിക കാര്യങ്ങൾ ഭർത്താവ് മാനുവൽ സ്റ്റാലിയും, പ്രൊഡക്ഷനും - സ്റ്റാഫുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉഷാ സ്റ്റാൻലിയുടെയും കൈകളിൽ സുരക്ഷിതമാണ്. തൊഴിലാളികളെയും, മറ്റു കൂട്ടായ്മ കളെയും ചേർത്തുപിടിച്ചുകൊണ്ട് വലിയ പാടത്ത് മാനുവൽ സ്റ്റാൻലിയും ഉഷ സ്റ്റാൻലിയും മക്കളും മരുമക്കളും പേരമക്കളും അടങ്ങിയ മാതാ ഗാർമന്റ്സ് കുടുംബം ദൈവാനുഗ്രഹത്തോടൊപ്പം, കൂടുതലായി വിജയവഴിയിലേക്ക് കുതിക്കുന്നു. ഈ മുന്നേറ്റം സ്ത്രീ സംരംഭകർക്ക് ഒരു പാഠശാല ആകട്ടെ.

# അവൻ



**ഫാ. എബിജിൻ അറക്കൽ**

***അവൻ ഒരു വീടുപണിതു കാത്തിരുന്നു.***
***ഒരു തൊട്ടിൽ പണിതു മാറ്റി വച്ചു കുറെ ലില്ലിച്ചെടികൾ***
***നട്ടൊരു തോട്ടം തീർത്തു***
***ലില്ലിപ്പൂവിതളുപോൽ പവിത്രമായ് ജീവിച്ചു!***
***മനസമ്മതം കഴിഞ്ഞ രാത്രിയിൽ ഒരു സ്വപ്നം കണ്ടു***
***എത്ര മനോഹരമായ ഒരു ജീവിതം! മരക്കഷണങ്ങൾ***
***ആ കരവിരുതിൽ മോഹന വസ്തുക്കളാകുമ്പോഴും***
***ഉള്ളിലെ കണ്ണാടിയിൽ പുതുകുടുംബം തെളിഞ്ഞു.***

***ഒരു വാർത്ത ഞെട്ടലായ് തേടിയെത്തി!***
***അവൾ ഗർഭിണി! കൈകാൽ വിറച്ചു പോയ്!***
***നീതിമാന്റെ ഹൃദയം ധീരമായ് തുടിച്ചു-***
***പരിശുദ്ധയായവൾ അവമാനിതയാകരുതൊരിക്കലും!***
***പിന്നെയവൻ മുകളിലേക്ക് മാത്രം നോക്കി നടന്നു!***
***സ്വപ്നങ്ങളിൽ മാലാഖ വഴികാട്ടിയായി -***
***അവൾ സ്വന്തമായി, പിന്നെ ദൈവകുമാരനും!***
***അവർക്കവൻ കാവലായ്, തണലായ്, നാഥനായ്!***
***ലില്ലിപ്പൂവിതളുപോൽ പവിത്രമായവന്റെയുള്ളിൽ***
***കണ്ണാടിയിൽ തെളിഞ്ഞ***
***തിരുക്കുംബനാഥനായ്***
***ഇന്നും വീടുകൾ പണിയുന്നു ജോസഫ്!***



# മാർച്ച് ടു മാർച്ച്



**ഫാ. വിപിൻ**
**ചൂതംപറമ്പിൽ**

എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു
നിങ്ങളിൽ രൂപപ്പെടുന്നതുവരെ
വീണ്ടും ഞാൻ
നിങ്ങൾക്കുവേണ്ടി ഈറ്റുനോവ്
അനുഭവിക്കുന്നു.
ഗലാ 4 : 19

മാറ്റാൻ എളുപ്പമാണ്;
മാറാൻ എളുപ്പമല്ല.

എന്നിലെ
'എന്തൊക്കെയോ
മാറ്റുന്നതിനെ
കുറിച്ചോ മാറ്റിവെക്കുന്നതിനെ
കുറിച്ചോ ആണ് എല്ലാ
നോമ്പുകാലത്തും ഏതാണ്ട്
ഇന്നുവരെയും ഞാൻ
ചിന്തിച്ചിട്ടുള്ളത്.



അത് അത്ര വലിയ
ബുദ്ധിമുട്ടുള്ള കാര്യമായി
തോന്നിയിട്ടുമില്ല.
തൊലിപ്പുറത്തുള്ള ചില കളികൾ
മാത്രമാണത്.

എന്നാൽ
'ഞാൻ മാറുക;
ക്രിസ്തുവായി മാറുക.'
ഈ കളി തീക്കളിയാണ്.

ഞാനും നീയും
ഈ ഒരാളിലേക്ക്
കൂടുതൽ പ്രവേശിക്കുന്നതോറും
കൂടുതൽ കൂടുതൽ പൊള്ളും.

വി.പൗലോസിന്റെയൊക്കെ
ഈറ്റുനോവ് ഇതായിരുന്നു.
അതുകൊണ്ടാണ് അയാൾ
പ്രാർത്ഥിച്ചത്.


'എല്ലാ വിശുദ്ധരോടുമൊപ്പം
ക്രിസ്തുവിന്റെ സ്നേഹത്തിന്റെ
നീളവും വീതിയും ഉയരവും
ആഴവും ഗ്രഹിക്കാൻ നിങ്ങൾക്കു
ശക്തി ലഭിക്കട്ടെ.'(എഫേ 3 : 18)

ഫെബ്രുവരിയിലായിരുന്നു
വിഭൂതി.
ഏപ്രിലിൽ ഈസ്റ്റർ.
ഇത് മാർച്ച്.
നോമ്പുകാലത്തിലെ നീളമുള്ള
ഈ മാർച്ചിലേക്കുള്ള നമ്മുടെ
മാർച്ച് ആരംഭിക്കുമ്പോൾ
ഈ തീക്കളിക്കുള്ള തീയതി
ദയവായി
കുറിച്ചിടുക.

ക്രിസ്തു നിങ്ങളിൽ
രൂപപ്പെടുന്ന തീക്കളി.
March to Christ

# വി. ഫ്രാൻസീസിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ 800-ാം വർഷ ജൂബിലി





**ഫാ. റോബിൻ ഡാനിയൽ**
OFM, Cap

"രണ്ടാം ക്രിസ്തു" എന്നറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ എട്ടാം ശതാബ്ദി ഒരു ജൂബിലിയായി കത്തോലിക്കാസഭയിൽ ആഘോഷിക്കുകയാണല്ലോ. 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെയാണ് ദാരിദ്ര്യത്തെ പ്രണയിച്ച ഈ വിശുദ്ധന്റെ ജൂബിലിയാഘോഷം നടക്കുകയെന്ന് ലെയോ പതിന്നാലാം മാർപാപ്പ ഏതാനും ദിവസങ്ങൾക്കു മുൻപ് പ്രഖ്യാപിച്ചു. ഇത്തരുണത്തിൽ ഈ വിശുദ്ധന്റെ ജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടമാണ് ഈ ലേഖനം. ഈ ജൂബിലിയുടെ പ്രസക്തി

പ്രകൃതിയെ സ്നേഹിച്ച വി. ഫ്രാൻസീസിനെ അനുകരിച്ചു പ്രകൃതിയെ സ്നേഹിച്ചു പരിപാലിക്കാനും, ലോകമെങ്ങും സമാധാനം നിലനിൽക്കാൻ യത്നിക്കാനും, ഈ വിശുദ്ധന്റെ ആദ്ധ്യാത്മികത ആഴത്തിൽ പഠിച്ച് അതിന്റെ സ്വാധീനം ജീവിതത്തിൽ പകർത്താനും ലോകമെങ്ങുമുള്ള സഭാതനയതെ ഈ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് ക്ഷണിക്കുകയാണ്. 2026 ഫെബ്രുവരി 22 മുതൽ മാർച്ച് 22 ഭൗതിക ശരീരം അസ്സീസിയിലെ ബസിലിക്കയിൽ പരസ്യവണക്കത്തിനായി പ്രദർശിപ്പിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ ജൂബിലിയാഘോഷവേളയിൽ നിബന്ധനകൾ പൂർത്തിയാക്കുന്ന വിശ്വാസികൾക്കു പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

കുമ്പസാരത്തിൽ ക്ഷമിക്കപ്പെടുന്ന പാപങ്ങളുടെ 'ബാക്കി നിൽക്കുന്ന കടം' (remaining debt) അഥവാ ഓരോ വ്യക്തിക്കും ആവശ്യമായ ശുദ്ധീകരണമാണ് ഈ ദണ്ഡവിമോചനത്തിലൂടെ ലഭിക്കുന്നത്. ഇതു ലഭിക്കാൻ ചില നിബന്ധനകൾ പാലിക്കണം: 1) കുമ്പസാരിച്ച് കൃപയുടെ (grace) അവസ്ഥയിൽ ആയിരിക്കണം. 2) പാപത്തെ വെറുത്തുപേക്ഷിക്കണം. 3) വി. കുർബാന സ്വീകരിക്കുകയും മാർപാപ്പയുടെ നിയോഗത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണം. 4) ഒരു ഫ്രാൻസിസ്കൻ ദൈവാലയമോ തീർത്ഥാടന കേന്ദ്രമോ സന്ദർശിച്ചു പ്രാർത്ഥിക്കണം. ഇപ്പോൾ അവസാനിച്ച ജൂബിലിയുടെ തുടർച്ചയായിട്ട് ഈ ഫ്രാൻസിസ്കൻ ജൂബിലിയെ കണ്ട് വിശ്വാസികൾ ജീവിതനവീകരണത്തിന് ശ്രമിക്കണമെന്ന് മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

**വിശുദ്ധന്റെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം**

1181 ൽ ഇറ്റലിയിലെ അസ്സീസി ഗ്രാമത്തിലാണ് ഫ്രാൻസിസ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് പീയെത്രോ (Peter) ധനവാനായ ഒരു വസ്ത്ര വ്യാപാരിയായിരുന്നു. അന്നത്തെ മറ്റ് ചെറുപ്പക്കാരെപ്പോലെ വീരകൃത്യങ്ങൾ ചെയ്യാനുള്ള അഭിവാഞ്ചയോടെ ഫ്രാൻസിസ് പട്ടാളത്തിൽ ചേർന്നു. അവിടെ വച്ച് 1202 ൽ അദ്ദേഹത്തെ പെറൂജിയൻ പട്ടാളം പിടിക്കുകയും ഒരു വർഷം ജയിലിൽ അടയ്ക്കുകയും ചെയ്തു. ജയിൽ വാസവും അദ്ദേഹത്തിനു പിടിപെട്ട രോഗങ്ങളും ഫ്രാൻസീസിന്റെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തി. 1205-06

വർഷങ്ങളിൽ അദ്ദേഹത്തിനു ലഭിച്ച ദൈവിക ദർശനങ്ങൾ എല്ലാ ലൗകികതാൽപര്യങ്ങളും ഉപേക്ഷിച്ച് ദാരിദ്ര്യത്തെ പരിണയിക്കാൻ അദ്ദേഹത്തിനിടയാക്കി. തന്റെ വസ്ത്രങ്ങൾ പരസ്യമായി തന്റെ പിതാവിന്റെ മുമ്പിൽ ഉരിഞ്ഞുവെച്ച ശേഷം എല്ലാം ഉപേക്ഷിച്ച് യേശുവിനെ സ്വന്തമാക്കാനായി ആ ചെറുപ്പക്കാരൻ ഇറങ്ങിത്തിരിച്ചു. ഒരു ഭിക്ഷക്കാരന്റെ വസ്ത്രം ധരിച്ച് ഭിക്ഷയാചിച്ചുകൊണ്ട് പൂർണ്ണ ദാരിദ്ര്യത്തിലും എളിമയിലും ജീവിച്ച് യേശുവിനെ അനുകരിക്കാൻ അദ്ദേഹം തീരുമാനമെടുത്തു. അദ്ദേഹത്തിന്റെ ജീവിതരീതിയിൽ ആകൃഷ്ടരായ മറ്റു പതിനൊന്നു ചെറുപ്പക്കാർ അദ്ദേഹത്തോടൊപ്പം ചേർന്നു. ആ 12 പേർക്കായി ഫ്രാൻസീസ് നിയമാവലി എഴുതി തയ്യാറാക്കുകയും അതുമായി റോമിൽ പോയി ഒരു സന്ന്യാസസമൂഹം സ്ഥാപിക്കാനുള്ള അനുവാദം ഇന്നസെന്റ് മൂന്നാമൻ പാപ്പായിൽനിന്നു 1209 -ൽ കരസ്ഥമാക്കുകയും ചെയ്തു. ആ നിയമമാണ് Regula Primitive എന്ന് ഇന്നറിയപ്പെടുന്നത്. കഴിയുന്നിടത്തെല്ലാം പോയി അനുതാപം പ്രസംഗിക്കാൻ മാർപാപ്പ അവരെ ചുമതലപ്പെടുത്തി.

ഒണേരിയൂസ് മൂന്നാമൻ പാപ്പ 1223 ലാണ് Rule of Friars Minor എന്ന പേരിൽ ഈ നിയമാവലിക്ക് അന്തിമ അനുമതി നൽകിയത്. ദൈവത്തിന്റെ അനന്തമായ സ്നേഹവും അതിരറ്റ ക്ഷമയും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയും അവർ ജനങ്ങളോട് പങ്കുവച്ചും ദിവസവും ഭിക്ഷ യാചിച്ചുകൊണ്ട് ജീവിതം നയിക്കുകയും ചെയ്തു. ക്ലാരയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായി ഒരു സന്ന്യാസിനീ സമൂഹവും ഫ്രാൻസീസ് ആഗ്രഹിച്ചു. 1212-ൽ വിശുദ്ധനാട്ടിൽ പോകാൻ ശ്രമിച്ചെങ്കിലും കപ്പലപകടം മൂലം അദ്ദേഹം തിരിച്ചുപോന്നു. മുസ്ലീം രാജ്യങ്ങളിൽ പോയി സുവിശേഷം പ്രസംഗിക്കാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു.

**സുൽത്താനുമായുള്ള കണ്ടുമുട്ടൽ**



അഞ്ചാമത്തെ കുരിശു യുദ്ധത്തിന്റെ സമയത്ത് 1219-ൽ ഫ്രാൻസിസ് ഈജിപ്തിലേക്കു യാത്രചെയ്ത് സുൽത്താൻ അൽ മാലിക്കുമായി കണ്ടുമുട്ടി സംഭാഷണത്തിൽ ഏർപ്പെട്ടു. ആ കൂടിക്കാഴ്ചയാണ് പിന്നീട് വിശുദ്ധനാടിന്റെ പരിപാലനം തന്റെ സന്ന്യാസസമൂഹം ഏറ്റെടുക്കാൻ നിമിത്തമായത്. ഈ സംഭാഷണത്തിനുശേഷം ഫ്രാൻസീസ് വിശുദ്ധ നാട്ടിലേക്കു യാത്ര ചെയ്തു.

**ആദ്യത്തെ ക്രിസ്മസ് പുൽക്കൂട് നിർമ്മാണം**

1223-ലാണ് സഭാചരിത്രത്തിൽ ആദ്യമായി ഫ്രാൻസീസ് ഒരു ക്രിസ്തുമസ് പുൽക്കൂട് ഉണ്ടാക്കിയത്. ജീവനുള്ള മൃഗത്തെയും മനുഷ്യരെയും ഉപയോഗിച്ചാണ് അദ്ദേഹം ആദ്യത്തെ പുൽക്കൂട് തയ്യാറാക്കിയത്. അതിനുശേഷം ലോകമെങ്ങുമുള്ള ക്രിസ്മസ് ആഘോഷങ്ങളിൽ പുൽക്കൂട് നിർമ്മാണം ഒരു പ്രധാന ഭാഗമായി മാറി.

**പഞ്ചക്ഷതം സ്വശരീരത്തിൽ**

1224 സെപ്റ്റംബർ 17-ാം തീയതി യാണ് വെർനാ മൗണ്ടിൽ 40 ദിവസത്തെ ഉപവാസ പ്രാർത്ഥനയുടെ വേളയിൽ ഫ്രാൻസീസിന്റെ ശരീരത്തിൽ അഞ്ചു മുറിവുകളെ അനുസ്മരിപ്പിക്കുന്ന പഞ്ചക്ഷതമുണ്ടായത്. തന്റെ കൈകാലുകളിലും പാർശ്വത്തും അദ്ദേഹത്തിനു മുറിവുകളുണ്ടായി. തന്റെ മരണംവരെ ഈ മുറിവുകളിൽ നിന്നുള്ള വേദന അദ്ദേഹം സഹിച്ചുകൊണ്ട് യേശുവിനോട് ഒന്നായിത്തീരാൻ ശ്രമിച്ചുകൊണ്ടിരുന്നു. ചരിത്രത്തിൽ ആദ്യമായിട്ടാണ് മനുഷ്യരിൽ ഒരാൾക്കു പഞ്ചക്ഷതമുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നത്.

**ഫ്രാൻസീസിന്റെ സ്വർഗ്ഗപ്രവേശം**


1226 ഒക്ടോബർ 3-ാം തീയതി ഫ്രാൻസീസിനു 44/45 വയസ്സു പ്രായമുള്ളപ്പോൾ അദ്ദേഹം തന്റെ സ്വർഗ്ഗപ്രവേശനത്തിനായി വിളിക്കപ്പെട്ടു. ശരീരക്ഷീണം കൊണ്ടും പലവിധ രോഗങ്ങൾകൊണ്ടുമാണ് ഫ്രാൻസീസ് തന്റെ യുവത്വത്തിൽതന്നെ ഇഹലോകം വെടിഞ്ഞത്. തന്റെ അവസാന മണിക്കൂറുകളിൽ തന്റെ വസ്ത്രങ്ങളെല്ലാം മാറ്റി പൂർണ്ണ നഗ്നനായി തറയിൽ കിടത്തണമെന്ന് ഫ്രാൻസിസ് ആവശ്യപ്പെട്ടിരുന്നു. ദാരിദ്ര്യത്തെ സ്നേഹിച്ച അദ്ദേഹത്തിന്റെ പൂർണ്ണ വിരക്തി (detachment) യുടെ ബാഹ്യ അടയാളമായിട്ടായിരുന്നു ഇത്. മരണശേഷമാണ് അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന പഞ്ചക്ഷതങ്ങളെപ്പറ്റി ലോകം അറിഞ്ഞത്.

ഫ്രാൻസീസിന്റെ മരണത്തിന്റെ വെറും രണ്ടു വർഷത്തിനുശേഷം 1228 ജൂലൈ 16 ന് ഗ്രിഗറി 9-ാം മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. അദ്ദേഹത്തെ സംസ്കരിച്ച പള്ളി ഇന്നറിയപ്പെടുന്നത് വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ ബസലിക്ക എന്നാണ്. ഇവിടെയാണ് ഫെബ്രുവരി 22 മുതൽ ഒരു മാസത്തേക്ക് അദ്ദേഹത്തിന്റെ ഭൗതികശരീരം പൊതുവണക്കത്തിനായി പ്രദർശിപ്പിക്കുന്നത്.

യേശുവിനെ ഏറ്റവും അടുത്ത് അനുകരിക്കുവാൻ ശ്രമിച്ച ഈ വിശുദ്ധൻ നമുക്കെല്ലാം മാതൃകയും പ്രചോദനവുമാണ്. പ്രകൃതിയെയും എല്ലാ സൃഷ്ടവസ്തുക്കളെയും മനുഷ്യരെയും ഈ വിശുദ്ധൻ സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നമുക്ക് കഴിയട്ടെ!

# ദൈവസ്നേഹത്തിന്റെ ഉപാസകൻ

## ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ്





ജെയിംസ് മരയ്ക്കാംവീട്ടിൽ

*.2026 മാർച്ച് 20. ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് ദിവംഗതനായിട്ട് 20 വർഷം പൂർത്തിയാകുന്നു. അദ്ദേഹത്തോടൊപ്പം ദീർഘകാലം വരാപ്പുഴ അതിരൂപത കച്ചേരിയിൽ ഒരുമിച്ച് ജോലി ചെയ്ത ലേഖകൻ ശ്രീ. ജെയിംസ് മരയ്ക്കാംവീട്ടിൽ തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു*

**വ**രാപ്പുഴ അതിരൂപത കച്ചേരിയിൽ 39 വർഷം സേവനമനുഷ്ഠിച്ച നാളുകളിൽ മോൺ. ഇമ്മാനുവൽ ലോപ്പസുമായുണ്ടായ അഭേദ്യമായ ഹൃദയ ഐക്യത്തിലൂടെ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ ഓർമ്മകളെ മങ്ങാതെ തെളിച്ചുവയ്ക്കുകയാണ്.

2004 മാർച്ച് 20 ശനി, പുലർച്ചേ നാല് മണി. കിഴക്കൻ ചക്രവാളം ചുവന്നു തുടുക്കുന്നതിനു മുമ്പ്, വരാപ്പുഴ അതിരൂപതയിൽ 70 വർഷക്കാലം ജ്വലിച്ചു നിന്ന പൊൻദീപം അണഞ്ഞു. പ്രോട്ടോനോട്ടറി അപ്പസ്തോലിക് മോൺ. ഇമ്മാനുവൽ ലോപ്പസ് ദിവംഗതനായി.

ജീവിതകാലത്തു തന്നെ ആർസിലെ വിശുദ്ധ ജോൺ മരിയ വിയാനിക്കു സദൃശ്യനായി ജീവിച്ച മോൺ. ഇമ്മാനുവൽ ലോപ്പസ് നിശ്ശബ്ദനായി കഠിനാധ്വാനം ചെയ്ത് മറ്റുള്ളവർക്കായി പ്രകാശം ചൊരിഞ്ഞ് കത്തിത്തീർന്നൊരു സ്വർണനാളമാണ്.

### *ഞാൻ കണ്ട ലോപ്പസച്ചൻ*

ആർച്ച് ബിഷപ് ജോസഫ് അട്ടിപ്പേറ്റി വരാപ്പുഴ മെത്രാപ്പോലീത്തയും മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ വികാരി ജനറലുമായിരിക്കേയാണ് ഞാൻ അതിരൂപത കച്ചേരിയിൽ ടൈപ്പിസ്റ്റായി പ്രവേശിക്കുന്നത്. ലോപ്പസച്ചൻ അരമനയോട് ചേർന്നുള്ള സെന്റ് ജോസഫ്സ് പെറ്റി സെമിനാരിയിലെ ആധ്യാത്മികോപദേഷ്ടാവും അതിരൂപത മതബോധന ഡയറക്ടറുമായിരുന്നു. സെമിനാരിയുടെ പടിഞ്ഞാറു ഭാഗത്തുള്ള ഒരു ചെറിയ മുറിയിലായിരുന്നു താമസം.

മുറിക്കു മുന്നിൽ മുകൾത്തട്ടു മുട്ടേ മതബോധന പുസ്തകങ്ങളും മിഷൻ കലണ്ടറുകളും കവർ പെട്ടികളുംകൊണ്ട് നിറഞ്ഞിരിക്കും. കഷ്ടിച്ച് ഇതിനിടയിലൂടെ മുറിക്കുള്ളിലേക്ക് ഒരാൾക്കേ കയറാനാവൂ. മുറിക്കുള്ളിൽ കട്ടിലിനടിയിലും സ്ഥിതി വ്യത്യസ്തമല്ല. പള്ളികളിലേക്ക് എത്തിക്കാനുള്ള കലണ്ടറുകളും മിഷൻ കവറുകളും അതിനൊക്കെ ലേബലൊട്ടിക്കാനുള്ള വലിയ പശക്കുപ്പിയും മരക്കൊമ്പിന്റെ അറ്റത്ത് തുണികെട്ടി തയ്യാറാക്കിയ ബ്രഷുമൊക്കെ കാണാനാകും. മേശപ്പുറത്താണെങ്കിൽ അദ്ദേഹത്തിനു വന്ന കത്തുകളുടെ കവറുകൾ വെട്ടിക്കൂട്ടി വച്ചിരിക്കുന്നതു കാണാം.

ഇരിപ്പിടത്തിനടുത്ത് കയ്യെത്തും ദൂരത്ത് കറങ്ങുന്ന തരത്തിലുള്ള, ഒരു ഫയൽ റാക്കുണ്ടായിരുന്നു. അതിൽ നിറച്ചു വച്ചിരിക്കുന്ന ഫയലുകൾക്കോരോന്നിനും നമ്പറിട്ട് കട്ടികൂടിയ ഒരു കടലാസിൽ പേരുകളെഴുതി തൂക്കിയിട്ടുണ്ടാവും. എളുപ്പത്തിൽ ഫയൽ കണ്ടെത്താൻ വേണ്ടിയായിരുന്നിത്. കട്ടിലിൽ കിടന്നുകൊണ്ടുതന്നെ മുറിയിലെ ലൈറ്റ് തെളിക്കാനും ഓഫാക്കാനും തക്കവിധത്തിൽ ചരടുകൊണ്ട് സജ്ജമാക്കിയിരുന്ന ഒരു സ്വിച്ച് സംവിധാനവും ആ കുടുസുമുറിയിൽ കണ്ടിട്ടുണ്ട്. കട്ടിലിൽപോലും പുസ്തകങ്ങളുടെ ശേഖരം കണ്ടെത്താനാകുമായിരുന്നു.

പരസഹായമില്ലാതെ, ആരെയും ബുദ്ധിട്ടിക്കാതെ കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്ന നിർബന്ധക്കാരനായിരുന്നു ലോപ്പസച്ചൻ. അതിനാൽ എല്ലാ സജ്ജീകരണങ്ങളും സ്വയംകൃതമായി ആവിഷ്കരിച്ചിരുന്നു. ഫ്യൂസ്പോയി കറണ്ടില്ലാതായാൽ അതിനായി ഇലക്ട്രീഷ്യനെ അന്വേഷിച്ചു നടക്കാറില്ല. സ്വയം ഫ്യൂസ് കെട്ടാനുള്ള എല്ലാ സജ്ജീകരണങ്ങളും തന്റെ വിശാലമായ കൊച്ചുമുറിയിൽ ക്രമീകരിച്ചിരുന്നു. കട്ടിലിനടിയിൽ സൂക്ഷിച്ചിരുന്ന മരപ്പെട്ടിയിൽ ടെസ്റ്റർ, വയറുകൾ, ഫ്യൂസ് കെട്ടാനുള്ള ചെമ്പുനാരുകൾ, കമ്പികൾ, ചുറ്റിക, ഉളി, കൊട്ടുവടി, കൊലശ്ശേരി, തൂക്കുകട്ട, വലിയ സ്കെയിൽ എന്നിവയൊക്കെ ഉണ്ടായിരുന്നു.

1976-ൽ പ്രോ വികാരി ജനറലായി അരമനയ്ക്കുള്ളിലെത്തിയപ്പോൾ ഞങ്ങളുടെ അടുപ്പം വർദ്ധിച്ചു. 1984-ൽ വികാരി ജനറലുമായി. കൃത്യനിഷ്ഠ മോൺ. ലോപ്പസിന്റെ മുഖമുദ്രയായിരുന്നു. രാവിലെ 9 മണിക്കുതന്നെ മോൺ. ലോപ്പസ് കച്ചേരിയിലെത്തി (കൂരിയ) ജോലികളിൽ വ്യാപൃതനായിരിക്കും. ഔദ്യോഗിക സന്ദർശനങ്ങളോ യാത്രകളോ ഉണ്ടെങ്കിൽ സമയത്തിന് 5 മിനിറ്റ് മുമ്പേ എത്തിച്ചേരുന്നവിധം യാത്രകളും മറ്റും ക്രമീകരിക്കാൻ ശ്രദ്ധാലുവായിരുന്നു. ലൈൻബസിൽ കയറിയുള്ള യാത്രകളാണ് കൂടുതലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതും നടത്തിയിരുന്നതും. എല്ലാവർക്കും ഏറ്റവും വിലപ്പെട്ടത് സമയമാണെന്ന ബോധ്യം കൂടെക്കൂടെ മറ്റുള്ളവരെ ഓർമ്മിപ്പിക്കുമായിരുന്നു. കാര്യങ്ങൾ വളച്ചുകെട്ടി നീട്ടി പരത്തി പറഞ്ഞിരുന്ന 'സമയംകൊല്ലി'കളെ മോൺ. ലോപ്പസ് ഇഷ്ടപ്പെടുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിരുന്നില്ല. അത് അല്മായരായാലും വൈദികരായാലും.

അരമന കോടതി മുമ്പാകെ വരുന്ന അപേക്ഷകളും പരാതികളും പരിശോധനയ്ക്കും തീർപ്പു കൽപിക്കുന്നതിനുമായി അനാവശ്യമായി മാറ്റിവയ്ക്കുന്ന സ്വഭാവം ലോപ്പസച്ചനുണ്ടായിരുന്നില്ല. ചെയ്തുതീർക്കേണ്ടവ അതിന്റെ ഗൗരവത്തോടെ ഉൾക്കൊണ്ട് ഉടനടി തീർപ്പു കൽപ്പിക്കുകയും പ്രശ്നം സങ്കീർണ്ണമാണെങ്കിൽ അതിനുള്ള തുടർ പ്രക്രിയകൾക്കായി ക്രമീകരണമേർപ്പെടുത്തുകയും ചെയ്യുമായിരുന്നു. തപാൽവഴി അയക്കേണ്ട കാര്യങ്ങൾ നിത്യവും രാവിലെ 10 മണിക്ക് മുമ്പേ കവറുകളിലാക്കി സ്വയം സ്റ്റാമ്പ് ഒട്ടിച്ച് ഡസ്പാച്ചിംഗിലേൽപ്പിച്ചിരിക്കും. തപാൽ എടുക്കാനും അയക്കാനും പോകുമായിരുന്ന വർക്കിച്ചേട്ടന് ഒരിക്കൽപോലും മോൺ. ലോപ്പസിനു മുന്നിൽ കാത്തുനിൽക്കേണ്ടി വന്നിട്ടില്ല.

### *അതിരൂപതാ ഭരണത്തിലെ സൗമ്യഭാവം*

എല്ലാ കാര്യങ്ങളും സൗമ്യഭാവത്തോടും സുസ്മേരവദനനായും നിർവ്വഹിക്കുന്ന അജപാലകനും ഭരണാധികാരിയുമായിരുന്നു മോൺ. ലോപ്പസ് പ്രോ-വികാർ ജനറലായിരിക്കുമ്പോഴും വികാരി ജനറലായിരിക്കുമ്പോഴും ആർച്ച് ബിഷപ് ജോസഫ് കേളന്തറയുടെ അകാലവിയോഗത്തിൽ അതിരൂപതാ അഡ്മിനിസ്ട്രേറ്ററായിരുന്നപ്പോഴും അതിരൂപതാ ഭരണനിർവ്വഹണത്തിലെ സൗമ്യഭാവമായിരുന്നു. എത്രയോ ചരിത്രസംഭവങ്ങൾക്ക് നേതൃത്വം നൽകാൻ ഈ പുഞ്ചിരിക്കുന്ന അച്ചനു സാധിച്ചു. അതിരൂപതാ ചരിത്രത്തിലെ മഹാനാഴികക്കല്ലായ മരിയൻ കോൺഗ്രസ്, വിശുദ്ധ തോമ്മാശ്ലീഹായുടെ ഭാരതപ്രവേശന ജൂബിലി, അതിരൂപത ശതാബ്ദി ആഘോഷം, വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ കേരളസന്ദർശനം ഇവയുടെയൊക്കെ സംഘാടക സമിതിയുടെ നേതൃനിരയിൽ മോൺ. ലോപ്പസുണ്ടായിരുന്നു.

***അതിരൂപതാ വിവാഹക്കോടതിയുടെ പ്രധാന ജഡ്ജിയായിരിക്കുമ്പോൾ വെളിച്ചം കിട്ടാനായി കച്ചേരിയുടെ വടക്കുവശത്തുള്ള മേശയ്ക്കരികിൽ കസേരയിട്ട്***

***ഫയലുകൾ പരിശോധിച്ച് നിർദ്ദേശങ്ങളും പരിഹാരങ്ങളുമൊക്കെ കുറിക്കുമ്പോൾ അദൃശ്യമായ ഒരു ശക്തി അദ്ദേഹത്തിന്റെ ചിന്തകളിലൂടെയും കരങ്ങളിലൂടെയും പ്രവർത്തിക്കുന്നതായി തോന്നിയിട്ടുണ്ട്. കാരണം, ആ സമയത്ത് ലോപ്പസച്ചന്റെ മുഖം ഒരു പ്രത്യേക പ്രകാശവലയത്തിൽ നിറയുന്നതായി കാണാം. വാർധക്യത്താൽ കാഴ്ചക്കുറവും കേൾവിക്കുറവും ഉണ്ടായിട്ടും ഉത്തരവാദിത്വത്തിൽനിന്ന് പിൻമാറിയില്ല. ഫയലുകളിലെ അപേക്ഷകളും സാക്ഷിമൊഴികളുമൊക്കെ ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. എല്ലാം സശ്രദ്ധം ശ്രവിച്ച് രേഖപ്പെടുത്തുന്ന വിധിന്യായങ്ങൾ ഒന്നുപോലും അസ്ഥാനത്തായിട്ടില്ല. പിശകുകളുടെ യാതൊരു പഴുതുകളുമില്ലാത്ത വിധി പ്രസ്താവനകളായിരിക്കും ഓരോന്നും. സഭാനിയമത്തിൽ ഡോക്ടറേറ്റ് സമ്പാദിച്ചിട്ടുള്ള പ്രഗല്ഭർപോലും ബിരുദങ്ങളുടെ കെട്ടുകാഴ്ചകളില്ലാത്ത ലോപ്പസച്ചന്റെ മുന്നിൽ അമ്പരന്നു നിൽക്കുന്നതു കാണാമായിരുന്നു.***

ദാമ്പത്യബന്ധങ്ങൾ വേർപെടുത്തപ്പെടേണ്ടി വരുന്ന അവസരങ്ങളിൽ മോൺ. ലോപ്പസിന്റെ കണ്ഠം മിടറുന്നതും അധരങ്ങൾ വിറയ്ക്കുന്നതും കണ്ടിട്ടുണ്ട്. ഒരു ദീർഘനിശ്വാസത്തോടെ അപ്പോൾ അദ്ദേഹം പറയുമായിരുന്നു. "എത്രമാത്രം സമയമുണ്ടായിരുന്നിട്ടും വേണ്ടവിധം അന്വേഷിക്കാതെയും വിളിച്ചു ചൊല്ലലുകൾപോലും ധൃതിപിടിച്ച് ഒഴിവാക്കിയും നടത്തുന്ന വിവാഹബന്ധങ്ങളല്ലേ തകർച്ചയിലേക്കെത്തുന്നത്." തന്നോടൊപ്പവും തനിക്കു ചുറ്റും പ്രവർത്തിക്കുന്നവരുടേയും വേദനകളും പ്രയാസങ്ങളും മനുഷ്യത്വത്തോടെ ഉൾക്കൊള്ളുകയും അതിന് പ്രതിവിധി ഉണ്ടാക്കുകയും ചെയ്തിരുന്ന നല്ലൊരു മനസ്സ് ഈ വൈദികന്റെ കൈമുതലായിരുന്നു. ക്രിസ്മസ്, ഈസ്റ്റർ, തിരുനാളുകൾ ഇവയൊക്കെ ആസന്നമാകുമ്പോൾ ശമ്പളം തുച്ഛമായ ജീവനക്കാരെ വിളിച്ച് അവർക്കൊക്കെ സാമ്പത്തിക സഹായം കവറിലിട്ട് മുൻകൂട്ടി കൊടുക്കുമായിരുന്നു. മനുഷ്യന്റെ വേദനകളെ തിരിച്ചറിയുന്ന ഒരാർദ്രമനസ്സുണ്ടായിരുന്നു അദ്ദേഹത്തിന്.

### *വല്ലാർപാടത്തമ്മയുടെ ഭക്തൻ*

മോൺ. ഇമ്മാനുവൽ ലോപ്പസ് വല്ലാർപാടത്തമ്മയുടെ ഉത്തമഭക്തനായിരുന്നു. സാധിക്കുന്ന അവസരങ്ങളിലൊക്കെ വല്ലാർപാടത്തെത്തി പരിശുദ്ധ കുർബാനയർപ്പിക്കുമായിരുന്നു. അതുപോലെ വേളാങ്കണ്ണി മാതാവിന്റെയും തികഞ്ഞ ഭക്തനായിരുന്നു. പരിശുദ്ധ അമ്മയോടുള്ള അദമ്യമായ സ്നേഹം ഈ മരിയഭക്തനിൽ മൂന്നു വലിയ ആഗ്രഹങ്ങളാണ് ജനിപ്പിച്ചിരുന്നത്.

1. ജലമാർഗ്ഗം മാത്രം എത്തിച്ചേരാൻ സാധിച്ചിരുന്ന വല്ലാർപാടത്ത് എന്നെങ്കിലും കരമാർഗ്ഗം എത്തിച്ചേരുക.

2. വേളാങ്കണ്ണി ബസലിക്കയ്ക്ക് അടുത്തുവരെ റെയിൽവേ സ്റ്റേഷൻ ഉണ്ടായി ട്രെയിൻമാർഗ്ഗം അവിടെ എത്തിച്ചേരുക.

3. 'വേളാങ്കണ്ണി മാതാ' എന്ന സിനിമപോലെ വല്ലാർപാടത്തമ്മയെക്കുറിച്ച് ഒരു ചലച്ചിത്രം നിർമ്മിക്കുക.

കാലത്തിന്റെ തികവിൽ വല്ലാർപാടത്തേക്ക് കരമാർഗവും വേളാങ്കണ്ണിയിൽ റെയിൽവേസ്റ്റേഷനും ഉണ്ടായെങ്കിലും ചലിച്ചിത്ര സ്വപ്നം സാക്ഷാത്കരിക്കപ്പെടാതെ ബാക്കിയായി. അക്കാലത്ത് പല കലാകാരന്മാരുമായി ലോപ്പസച്ചൻ വല്ലാർപാടത്തമ്മയെക്കുറിച്ചുള്ള സിനിമയെടുക്കുന്നതിന് ചർച്ചകൾ നടത്തിയെങ്കിലും അത് പൂവണിഞ്ഞില്ല. ഇതുമായി ബന്ധപ്പെട്ട് ഒരു നല്ല തിരക്കഥ തയ്യാറാക്കാൻ തോമസ് രാജന് (ഫാ. തോമസ് ചിങ്ങന്തറ) സാധിച്ചു. പക്ഷേ സീനിയർ വൈദികർ പലരും ഇതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ ആ മോഹവും മോഹഭംഗമായിത്തീർന്നു. മോൺസിഞ്ഞോർ ലോപ്പസിന്റെ മാധ്യസ്ഥ്യസഹായത്താൽ പൂർത്തീകരിക്കപ്പെടാത്ത ആ ഒരു മോഹവും കാലാന്തരത്തിൽ ആരെങ്കിലും വഴി പൂവണിയിക്കുമെന്ന് പ്രതീക്ഷിക്കാം; അതിനായി പ്രാർത്ഥിക്കാം.

### *വൈദികർ ളോഹ ധരിക്കണം*

ഉത്കൃഷ്ടമായ പൗരോഹിത്യ ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന ലോപ്പസച്ചന് ളോഹധാരണം നിർബന്ധമായിരുന്നു. ളോഹ ധരിക്കുന്നതിന്റെ നന്മയെക്കുറിച്ചും മേന്മയെക്കുറിച്ചും അതു ധരിക്കാതെ നടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും വൈദികവിദ്യാർത്ഥികളെയും പ്രത്യേകിച്ച് കൊച്ചച്ചന്മാരെയും അദ്ദേഹം ഉപദേശിക്കുമായിരുന്നു. ളോഹ ധരിക്കാത്ത വൈദികരെ കണ്ടാൽ അദ്ദേഹത്തിന് വൈമുഖ്യമായിരുന്നു. അതിൽ ഒരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറാകുമായിരുന്നില്ല. ജീൻസും ഷർട്ടും ധരിച്ച് മോൺസിഞ്ഞോറിനെ കാണാനെത്തിയ ഒരു വൈദികനോട് പരുഷമായി സംസാരിക്കുന്നത് കേൾക്കാൻ എനിക്കിടയായിട്ടുണ്ട്. ളോഹ ധരിക്കാൻ അച്ചന് ബുദ്ധിമുട്ടാണെങ്കിൽ കുരിശു ചുമക്കുന്നതിനെക്കുറിച്ച് പ്രസംഗിക്കാൻ അച്ചന് ഒരർഹതയുമില്ലെന്ന് പറയാനും ലോപ്പസച്ചൻ മടിച്ചില്ല.

മോൺ. ഇമ്മാനുവൽ ലോപ്പസിനെ ളോഹ ധരിക്കാതെ അന്ത്യനാൾവരെ കണ്ടിട്ടില്ല. എത്ര കഠിനമായ കാലാവസ്ഥയാണെങ്കിലും എത്ര വിദൂരത്തേക്കുള്ള യാത്രയാണെങ്കിലും അദ്ദേഹം ളോഹ മാറ്റാറില്ലായിരുന്നു. 1967 കളിൽ ചാലക്കുടി പള്ളിയുടെ (ഇപ്പോൾ കോട്ടപ്പുറം രൂപതയുടെ ഭാഗം) കുരിശുപള്ളികളായിരുന്ന വെറ്റിലപ്പാറ, പെരിങ്ങൽക്കുത്ത് പള്ളികളിൽ ഞായറാഴ്ച കുർബാന അർപ്പിക്കാൻ പോയിരുന്നത് ആന്റണി കൂമ്പേലച്ചനും, ജോസഫ് പയ്യപ്പിള്ളി അച്ചനും, ലോപ്പസച്ചനും കൂടിയായിരുന്നു. ശനിയാഴ്ച ഉച്ചയ്ക്കുശേഷം എറണാകുളത്തു നിന്നു യാത്രയാകും. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്നതിനാൽ വല്ലപ്പോഴും

ഓടിയെത്തുന്ന ബസോ അതല്ലെങ്കിൽ തടി കയറ്റിപ്പോകുന്ന ലോറികളോ ആയിരുന്നു യാത്രാമാർഗ്ഗം. സന്ധ്യകഴിഞ്ഞാൽ കാട്ടുമൃഗങ്ങളുടെ ശല്യവും. പ്രത്യേകിച്ച് കാട്ടുപന്നിയും ആനയും സൈര്യവിഹാരം നടത്തുന്ന സ്ഥലം. പുറത്തു നടന്നാൽ അട്ടയുടെ കടി ഉറപ്പ്. ജീവൻ പണയംവച്ച് കുർബാനയർപ്പിച്ച് ഞായറാഴ്ച തിരിച്ചെത്തുന്ന ഈ മൂവർസംഘത്തിന്റെ രക്ഷാകവചം ളോഹതന്നെയായിരുന്നുവെന്ന് മോൺസിഞ്ഞോർ പറയുമായിരുന്നു.

### അമിതാഘോഷങ്ങളിലെ ആകുലൻ

ലത്തീൻ സമുദായത്തിന്റെയും വിശിഷ്യാ ആംഗ്ലോ ഇന്ത്യൻ സമുദായാംഗങ്ങളുടെയും ഇടയിൽ വർധിച്ചുകൊണ്ടിരുന്ന അമിതാഘോഷങ്ങളോട് ലോപ്പസച്ചന് എതിർപ്പായിരുന്നു. ഇതിൽ അദ്ദേഹം വളരെയധികം ആകുലപ്പെട്ടിരുന്നു. കാരണം കടം വാങ്ങി ആഘോഷങ്ങളെ പൊലിപ്പിക്കുന്ന (ബൗത്തിസ്) ജ്ഞാനസ്നാനം, ആദ്യകുർബാന സ്വീകരണം, സ്ഥൈര്യലേപനം, അച്ചാരക്കല്യാണം, മനസ്സമ്മതം, വിവാഹം എന്നിവയിലെ അമിതമായ ആഡംബരങ്ങൾക്കെതിരെ ശക്തമായ താക്കീത് അദ്ദേഹം നൽകുമായിരുന്നു. "കൂട്ടിവച്ചാൽ കുന്നാകും. കോരിയെടുത്താൽ കുഴിയാകും." അച്ചൻ ഓർമ്മപ്പെടുത്തുമായിരുന്നു. കൈവശം 100 രൂപയുള്ളവൻ 99 ചെലവാക്കി ഒരു രൂപ മിച്ചംവച്ചാൽ അവന് കരുതലുണ്ടാകും. 100 രൂപയുള്ളവൻ 101 രൂപയ്ക്ക് ചെലവു ചെയ്താൽ അവൻ കടക്കാരനായി മാറുമെന്ന ബോധവൽകരണം ലോപ്പസച്ചൻ എല്ലാവരോടുമായി പറയുമായിരുന്നു. ജീവിതത്തിൽ മിതവ്യയം ശീലിക്കാനും ചെറിയ തോതിലെങ്കിലും നിക്ഷേപം നടത്താനും നിരന്തരം അരമനയിലെ ജീവനക്കാരോട് സ്നേഹപൂർവ്വം പറയുമായിരുന്നു.

***പ്രപഞ്ചത്തിലെ സകല പക്ഷിമൃഗാദികളെയും തന്റെ സഹോദരീസഹോദരന്മാരെപ്പോലെ സ്നേഹിച്ച അസ്സീസിയിലെ സ്നേഹഗായകന്റെ മറ്റൊരു പതിപ്പായിരുന്നു മോൺ. ഇമ്മാനുവൽ ലോപ്പസും. വളർത്തു പൂച്ചകളെയും, നായകളെയും, കിളികളെയും പ്രത്യേകിച്ച് പ്രാവുകളെയും എലികളെപ്പോലും അദ്ദേഹം സ്നേഹിച്ചിരുന്നു. ഒരു വെളുത്ത എലിയെ അദ്ദേഹം വളർത്തിയിരുന്നു. മാടപ്രാവിനെപ്പോലെ നിഷ്കളങ്കനായി ജീവിച്ചു മരിച്ച ലോപ്പസച്ചന് പ്രാവുകളെ അതിരറ്റ സ്നേഹമായിരുന്നു. ദിവസവും പ്രാവുകളെ തീറ്റുകയെന്നത് അച്ചന്റെ ദിനചര്യയുടെ ഭാഗമായിരുന്നു. അരമനയുടെ തെക്കുഭാഗത്ത് മോൺസിഞ്ഞോറെത്തിയെന്ന് മനസ്സിലാക്കിയാൽ പ്രാവുകൾ കൂട്ടംകൂടി അദ്ദേഹത്തിനു ചുറ്റും അദ്ദേഹത്തിന്റെ ചുമലിലുമായി വന്നു കൂടുന്നത് പതിവ് കാഴ്ചയായിരുന്നു.***

കണക്കെടുത്തിട്ടെന്നോണം അച്ചൻ പ്രാവുകളെയൊക്കെ നോക്കും. എല്ലാവരും എത്തിയോ എന്നതാണ് ആ നോട്ടത്തിന്റെ കാതൽ. തുടർന്ന് കയ്യിലെ പൊതിയഴിച്ച് കടലയും കപ്പലണ്ടിയും ധാന്യങ്ങളും വീശിയെറിയുന്ന മോൺ. ലോപ്പസിന്റെ ചിത്രം ഒരിക്കൽ കണ്ട ആരുടെയും മനസ്സിൽ നിന്നും നാളേറെ കഴിഞ്ഞാലും കൂടൊഴിയുകയില്ല. ഞാൻ വർഷങ്ങളോളം രാവിലെയും വൈകുന്നേരവും ഈ കാഴ്ചകളുടെ ദൃക്സാക്ഷിയായിരുന്നു.

CARTOON **DEEPTHI** John Kakkanad



ചിന്താജാലകം

# കാത്തിരിപ്പിന്റെ മറുപേര്: അമ്മ





ഡോമിനിക്ക് ഷൈജു

**അ**മ്മയെന്നാൽ കാത്തിരിപ്പിന്റെ മറ്റൊരു പേരാണ്. ജന്മം നൽകുന്നതിന് മുൻപേ തുടങ്ങുന്ന ആ കാത്തിരിപ്പ് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നു. സ്നേഹവും ആശങ്കയും ഒരേ പോലെ കലർന്ന ആ ഹൃദയമിടിപ്പുകളെക്കുറിച്ച് പറയുന്ന മനോഹരമായ ഒരു കുറിപ്പാണിത്.

**'കാത്തിരിക്കുക എന്നതാണ് ഒരു അമ്മയുടെ നിയോഗം. നിന്നെ ഉദരത്തിൽ പേറുമ്പോൾ മുതൽ, നിന്നെ ഒന്ന് നെഞ്ചോടു ചേർക്കാൻ അവൾ ദിവസങ്ങൾ എണ്ണി കാത്തിരിക്കുന്നു. നീ ആദ്യമായി ചുവടുവെക്കുമ്പോൾ, വീണു പോകുമോ എന്ന് ഭയക്കുമ്പോഴും നിന്നെ പ്രോത്സാഹിപ്പിച്ചു കൊണ്ട് അവൾ കാത്തിരിക്കുന്നു. സ്കൂൾ ഗേറ്റിൽ, ആൾക്കൂട്ടത്തിനിടയിൽ നിന്റെ കുഞ്ഞു മുഖത്തിനായി അവൾ കാത്തിരിക്കുന്നു. ആദ്യ മായി നീ പുറത്തുപോയി രാത്രി വൈകി വരുമ്പോൾ, ഉറങ്ങുകയാണെന്ന് നടിച്ചു കൊണ്ട് വാതിൽ തുറക്കുന്ന ശബ്ദത്തിനായി അവൾ കാത്തിരിക്കുന്നു.**

നീ ദൂരേക്ക് മാറിതാമസിക്കുമ്പോൾ, ആരും കാണാതെ ഫോണിലേക്ക് നോക്കി നിന്റെ വിളിക്കായി അവൾ കാത്തിരിക്കുന്നു. നിന്റെ സന്ദർശനങ്ങൾക്കായി, ഇടനാഴിയിലെ നിന്റെ കാൽപ്പെരുമാറ്റത്തിനായി, അവൾ കൊതിക്കുന്ന ആ കെട്ടിപ്പിടിത്തത്തിനായി അവൾ കാത്തിരിക്കുന്നു.

ക്ഷമയേക്കാൾ ഉപരി സ്നേഹമാണ് ഒരു അമ്മയുടെ ജീവിതത്തെ ഈ കാത്തിരിപ്പുകളാൽ നിറയ്ക്കുന്നത്. സന്തോഷത്തോ ടെയും ആകുലതയോടെയും അഭിമാനത്തോടെയും അവൾ കാത്തിരിക്കുന്നു; നിന്നെ കാണുന്ന നിമിഷം മാഞ്ഞുപോകുന്ന ചെറിയൊരു സങ്കടവും ആ ഉള്ളിലുണ്ടാകാം. കാരണം നിനക്ക് എത്ര വയസ്സായെന്നു പറഞ്ഞാലും, നീ എന്നും അവളുടെ കുഞ്ഞാണ്.

അതുകൊണ്ട്, അവളെ ഒരുപാട് കാത്തിരിപ്പിക്കരുത്. അവളെ വിളിക്കൂ. പോയി കാണൂ. അവൾക്കരികിൽ ഇരുന്ന് അവളുടെ സംസാരത്തിന് കാതോർക്കൂ. കേട്ട കഥകൾ തന്നെ നൂറാം തവണയും അവൾ പറയുമ്പോൾ അത് കേട്ടിരിക്കൂ; നിന്നെ ചേർത്തുപിടിക്കാനുള്ള അവളുടെ വഴിയാണത്. അവൾ ഉണ്ടാക്കിയ ഭക്ഷണം കഴിക്കൂ, അതിൽ ഉപ്പ് അല്പം കൂടിയാൽ പോലും. വിറയ്ക്കുന്ന ആ കൈകൾ ചേർത്തുപിടിക്കൂ. അവളെ ഇടയ്ക്കിടെ കെട്ടിപ്പിടിക്കൂ, കാരണം ഒരുനാൾ ഇതൊക്കെ ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് നീ തീർച്ചയായും ആഗ്രഹിക്കും.

കാലം എല്ലാം മാറ്റിയേക്കാം, പക്ഷേ ഒരമ്മയുടെ ഹൃദയം മാത്രം മാറില്ല. അവളുടെ ശരീരം തളർന്നേക്കാം, ഓർമ്മകൾ മങ്ങിയേക്കാം, പക്ഷേ നിന്നോടുള്ള സ്നേഹം ഒരിക്കലും കുറയില്ല. നിന്നെ കാണുന്നതിന് മുൻപേ നിന്നെ സ്നേഹിച്ച ഒരേയൊരു വ്യക്തി അവളാണ്; അവസാന യാത്രയ്ക്ക് ശേഷവും ആ സ്നേഹം നിന്നോടൊപ്പ മുണ്ടാകും.

ആ സ്നേഹത്തിനായി അവളെ ഇനി കാത്തിരിപ്പിക്കരുത്. അവൾ അവളുടെ ജീവിതകാലം മുഴുവൻ കാത്തിരുന്നത് നിനക്ക് വേണ്ടിയാണ്.'

ഈ വരികൾ ഓർമ്മിപ്പിക്കുന്നത് ഒന്നുമാത്രം; കാലം ആർക്കും വേണ്ടി കാത്തുനിൽക്കില്ല. അമ്മയുടെ സ്നേഹം എന്നും അവിടെയുണ്ടാകുമെന്ന് നാം കരുതാറുണ്ടെങ്കിലും, ആ സ്നേഹത്തെ ചേർത്തുപിടിക്കാൻ നമുക്ക് ലഭിക്കുന്ന ഓരോ നിമിഷവും വിലപ്പെട്ടതാണ്. ലോകം എത്ര മാറിയാലും മാറാത്ത അമ്മമനസ്സിനെ നന്ദിയോടെയും സ്നേഹത്തോടെയും നമുക്ക് ചേർത്തുപിടിക്കാം.

# ജലം വേണം ജീവനും ജീവിതത്തിനും...

*മാർച്ച് 22 ഞായറാഴ്ച . ലോക ജലദിനമായി ആചരിക്കുന്നു.ജലമെന്ന അമൂല്യദാനത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചും പ്രതിപാദിക്കുന്ന ലേഖനമാണ് ഇത് .*



**മുരളി തുമ്മാരുകുടി**
UNO

United Nations Convention to Combat Desertification (UNCCD) ജി20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവ് ഡയറക്ടർ എന്ന നിലയിൽ, ഭൂമിയും ജലവും നമ്മുടെ ഗ്രഹത്തിലെ ജീവന്റെ അവി ഭാജ്യമായ കണ്ണികളാണെന്ന തിരിച്ചറിവിലാണ് എന്റെ പ്രവർത്തനങ്ങൾ അധിഷ്ഠിതമായിരിക്കുന്നത്. ലോക ജലദിനത്തിൽ, ഈ അടിസ്ഥാന വിഭവത്തിലേക്കാണ് നമ്മുടെ ശ്രദ്ധ തിരിയുന്നത്. ഇത് വെറുമൊരു പരിസ്ഥിതി പ്രശ്നമല്ല, മറിച്ച് മാനുഷിക അന്തസ്സിന്റെയും സമത്വത്തിന്റെയും പുരോഗതിയുടെയും ആണിക്കല്ലാണ്. ആഗോള ചട്ടക്കൂടുകളെക്കുറിച്ചും മരുഭൂവൽകരണത്തിന്റെ അളവുകോലുകളെക്കുറിച്ചും നമ്മൾ ചർച്ച ചെയ്യുമ്പോഴും, ജലത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ പാഠം എനിക്ക് ലഭിച്ചത് ഒരു യുഎൻ റിപ്പോർട്ടിൽ നിന്നല്ല, മറിച്ച് എന്റെ സ്വന്തം വീട്ടിൽ നിന്ന്, എന്റെ അമ്മയുടെ കഥയിലൂടെയാണ്.

അമ്മയുടെ കുട്ടിക്കാലം വെള്ളം കോരിയെടുക്കുക എന്ന ആവർത്തിച്ചുള്ളതും കഠിനവുമായ ജോലിയാൽ അടയാളപ്പെടുത്തപ്പെട്ടതായിരുന്നു. വീട്ടിലോ പരിസരത്തോ പൈപ്പ് വെള്ളം ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ആ നിത്യേനയുള്ള യാത്രകൾക്കിടയിൽ അമ്മയുടെ വിദ്യാഭ്യാസം നഷ്ടമായി. കിണറ്റിലേക്ക് വെള്ളം തേടി നടക്കാനും ഭാരമേറിയ പാത്രങ്ങൾ ചുമക്കാനും ചെലവഴിച്ച മണിക്കൂറുകൾ ക്ലാസ് മുറിയിൽ നിന്ന് മോഷ്ടിക്കപ്പെട്ടവയായിരുന്നു. ഒടുവിൽ, വീട്ടുജോലികളും പഠനവും ഒരുമിച്ച് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ വന്നപ്പോൾ, മുൻപും പിൻപും അനേകം പെൺകുട്ടികൾക്ക് സംഭവിച്ചതുപോലെ അമ്മയ്ക്കും പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. ഈ കഥ കഴിഞ്ഞകാലത്തിന്റെ ഒരു അവശേഷിപ്പല്ല; മറിച്ച് ദശലക്ഷക്കണക്കിന് ആളുകളുടെ ഇന്നത്തെ യാഥാർത്ഥ്യമാണ്. വെള്ളം ശേഖരിക്കുന്നതിനായി ലോകമെമ്പാടുമുള്ള സ്ത്രീകളും പെൺകുട്ടികളും പ്രതിദിനം 200 ദശലക്ഷത്തിലധികം മണിക്കൂറുകളാണ് ചെലവഴിക്കുന്നത് പഠനത്തിനോ ജോലിക്കോ നേതൃത്വപരമായ കാര്യങ്ങൾക്കോ വേണ്ടി ഉപയോഗിക്കാമായിരുന്ന വിലപ്പെട്ട സമയമാണിത്. ഇതാണ് ജലദാരിദ്ര്യത്തിന്റെ നിശ്ശബ്ദവും നടുക്കുന്നതുമായ സാമ്പത്തിക വശം.

ആഗോള ജലപ്രതിസന്ധിയുടെ രൂക്ഷതയെ എന്റെ അമ്മയുടെ അനുഭവം വ്യക്തിവൽകരിക്കുന്നു. സുരക്ഷിതമായ ജലവും ശുചിത്വവും ഇല്ലാത്തിടത്ത് അസമത്വങ്ങൾ തഴച്ചുവളരുന്നു, അതിന്റെ ദുരിതം പേറുന്നത് സ്ത്രീകളും പെൺകുട്ടികളുമാണ്. ജലം ശേഖരിക്കുന്നവരും അത് കൈകാര്യം ചെയ്യുന്നവരും പരിചരിക്കുന്നവരും എന്ന നിലയിൽ അവരുടെ പങ്ക് വളരെ വലുതും കഠിനവുമാണ്. വെള്ളം ശേഖരിക്കുക എന്നത് തന്നെ അപകടങ്ങൾ നിറഞ്ഞതാണ്. വിജനമായ സ്ഥലങ്ങളിലുള്ള ജലസ്രോതസ്സുകളിലേക്കുള്ള ദീർഘദൂര യാത്രകൾ സ്ത്രീകളെയും പെൺകുട്ടി കളെയും ശാരീരികവും ലൈംഗികവുമായ അതിക്രമങ്ങൾക്ക് ഇരയാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കൂടാതെ, തീവ്രമായ ജലക്ഷാമമുള്ള സാഹചര്യങ്ങളിൽ, ജലം ഒരു ചൂഷണോപാധിയായി മാറുകയും ചെയ്യുന്നു.

എങ്കിലും, ഈ പോരാട്ടങ്ങൾക്കിടയിലും പരിഹാരങ്ങളുടെ പരിവർത്തന ശക്തിക്ക് തെളിവു

കളുണ്ട്. കേരളത്തിന്റെ സ്വന്തം യാത്ര ഇതിനൊരു മാതൃകയാണ്. കഴിഞ്ഞ പതിറ്റാണ്ടുകളിൽ ജല വിതരണ ശൃംഖലയിൽ നടത്തിയ പൊതുനിക്ഷേപം ജലലഭ്യത ഗണ്യമായി വർദ്ധിപ്പിച്ചു. എന്റെ സ്വന്തം ഗ്രാമത്തിലും സംസ്ഥാന ത്തുടനീളവും ഇതിന്റെ ആഘാതം വളരെ വലുതാണ്. സുരക്ഷിത മായ കുടിവെള്ളം വീടിനടുത്ത് എത്തിക്കുക എന്ന ലളിതമായ പ്രവൃത്തി ഒരു നിശ്ശബ്ദ വിപ്ലവമായി മാറി. ഇത് ജലജന്യ രോഗങ്ങൾ കുറയ്ക്കുകയും സാമ്പത്തിക സാധ്യതകൾ തുറന്നുകൊടുക്കുകയും ചെയ്തു.

എങ്കിലും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് കൊണ്ടുമാത്രം പോരാ. ജലം കൈകാര്യം ചെയ്യുന്ന രീതിയിൽ തന്നെ ഒരു മാറ്റം ആവശ്യമാണ്. പലപ്പോഴും വെള്ളം കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളിൽ ഗ്രാമീണ ജല സമിതികൾ മുതൽ മന്ത്രാലയങ്ങൾ വരെ സ്ത്രീകൾ തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്നും നേതൃത്വത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്നു. വീടുകളി ലെ ജല ആവശ്യങ്ങളെക്കുറിച്ച് ഏറ്റവും കൂടുതൽ അറിവുള്ളവ രും അത് ഉപയോഗിക്കുന്നവരും സ്ത്രീകളാണെന്നിരിക്കെ, അവരെ ആസൂത്രണത്തിൽ നിന്ന് ഒഴിവാക്കുന്നത് അനീതി മാത്രമല്ല, അത് കാര്യക്ഷമമല്ലാത്തതുമാണ്.

അതുകൊണ്ട്, നമ്മുടെ മുന്നോട്ടു ള്ള പാത ഒരു അവകാശ അധി ഷ്ഠിത സമീപനമായിരിക്കണം. സ്ത്രീകളെ കേവലം ഗുണഭോ ക്താക്കളായി കാണുന്നതിന് പകരം അവരെ മാറ്റത്തിന്റെ വക്താക്കളായി അംഗീകരിക്ക ണം. അതിനായി താഴെ പറയുന്ന വ അത്യാവശ്യമാണ്:

***തുല്യ പ്രാതിനിധ്യം:*** ജല ഉപഭോ ക്തൃ സംഘടനകളിലും നയരൂപീ കരണ സമിതികളിലും ഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് പകുതി പ്രാതിനിധ്യം ഉറപ്പാക്കുക. അവരുടെ അനുഭവങ്ങൾ ഓരോ നയരൂപീകരണത്തിലും പ്രതിഫ ലിക്കണം.



***നേതൃപാടവം വളർത്തുക:*** സ്ത്രീകളെ വാട്ടർ എഞ്ചിനീയർ മാരും ടെക്നീഷ്യന്മാരും ശാസ്ത്രജ്ഞരുമായി വളർത്താൻ വിദ്യാഭ്യാ സത്തിലും പരിശീലനത്തിലും നിക്ഷേപം നടത്തുക. ഇന്ത്യയിലെ 'ജൽ ജീവൻ മിഷൻ' പോലുള്ള പദ്ധതികൾ ഇതിന് മികച്ച വേദിയാണ്.

***അടിസ്ഥാന കാരണങ്ങൾ പരിഹരിക്കുക:*** വെള്ളം ശേഖരി ക്കാനുള്ള ചുമതല സ്ത്രീകളു ടെയും പെൺകുട്ടികളുടെയും മാത്രമാണെന്ന സാമൂഹിക ധാര ണയെ ചോദ്യം ചെയ്യുക. വീട്ടു ജോലികൾ പങ്കിടുന്നതിലും ജലസു രക്ഷ ഉറപ്പാക്കുന്നതിലും പുരുഷന്മാരെയും ആൺകുട്ടിക ളെയും പങ്കാളികളാക്കുക.

ജലത്തിന്റെ കഥ നമ്മുടെ ഭാവി കൂടിയാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വരൾച്ചയും പ്രളയവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പകുതിവരുന്ന ജനവിഭാഗത്തിന്റെ കഴിവിനെ മാറ്റി നിർത്താൻ നമുക്കാവില്ല. എന്റെ അമ്മയുടെ മുടങ്ങിപ്പോയ വിദ്യാഭ്യാസം അമ്മയുടെ മാത്രം നഷ്ടമല്ല, അത് നമ്മുടെ സമൂഹത്തിന്റെ കൂടി നഷ്ടമായി രുന്നു. ഇന്ന് ദശലക്ഷക്കണക്കിന് പെൺമക്കൾ ഇതേ നഷ്ടം നേരിടുന്നു.

***ഈ ലോക ജലദിനത്തിൽ, ഒരു പെൺകുട്ടിയുടെയും വിദ്യാഭ്യാസം ഒരു കുടം വെള്ളത്തിനായി ബലികഴിക്കപ്പെടാത്ത ഒരു ഭാവി ഉറപ്പാക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. ജലം കേവലം ഒരു വിഭവമല്ല, മറിച്ച് അത് ഉറപ്പാക്കപ്പെടേണ്ട ഒരവകാശമാണെന്ന് ആരോഗ്യത്തിന്റെയും വിദ്യാഭ്യാസ ത്തിന്റെയും ലിംഗസമത്വത്തിന്റെയും അടിസ്ഥാനമാണെന്ന് നമുക്ക് തിരിച്ചറിയാം. കേരളത്തിലെ പുരോഗതിയിൽ നിന്നുള്ള പാഠങ്ങൾ മുതൽ ലോകമെമ്പാടുമുള്ള വരണ്ട പ്രദേശങ്ങളിലെ ആവശ്യ ങ്ങൾ വരെ നൽകുന്ന സന്ദേശം വ്യക്തമാണ്.***

എല്ലാവർക്കും ജലം ലഭ്യമാക്കുന്നതിലൂടെയും സ്ത്രീകളെ അതിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിലൂടെയും നമ്മൾ ഒരു പ്രതിസന്ധി പരി ഹരിക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് എല്ലാവർക്കും പ്രയോജനപ്പെടുന്ന രീതിയിൽ മനുഷ്യവിഭവ ശേഷിയുടെ ആഴത്തിലുള്ള ഉറവിടങ്ങൾ തുറന്നുവിടുകയാണ് ചെയ്യുന്നത്.

# കോന്നുള്ളി അച്ചൻ



ഫാ. ആന്റണി ചെറിയകടവിൽ

വിവിധ ശാസ്ത്രരംഗങ്ങളിൽ, പ്രത്യേകിച്ച് ഗണിതശാസ്ത്രരംഗത്തും ദൈവശാസ്ത്രരംഗത്തും, ഒരു ആഗോള അനന്യബഹുമുഖ പ്രതിഭയായിരുന്നു ഡോ. അഗസ്റ്റിൻ കോന്നുള്ളിയച്ചൻ. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന്, ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം ആദ്യമായി കരസ്ഥമാക്കിയത് കോന്നുള്ളിയച്ചനാണ്.

**കുട്ടിക്കാലം, വിദ്യാഭ്യാസം**

1917 ആഗസ്റ്റ് 18-ാം തീയതി, കോന്നുള്ളി ഔസോ-ഫിലോമി ദമ്പതികളുടെ പുത്രനായി, ചാത്ത്യാത്ത് അയ്യപ്പൻകാവിൽ അഗസ്റ്റിൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ചാത്ത്യാത്ത് പ്രൈമറി സ്കൂളിലായിരുന്നു. പഠനത്തിലും സ്വഭാവത്തിലും മിടുക്കനും മാതൃകയുമായിരുന്ന അഗസ്റ്റിൻ അദ്ധ്യാപകരുടെയും സഹപാഠികളുടെയും പ്രിയങ്കരനായി വളർന്നു വന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം, എറണാകുളം സെന്റ് ആൽബർട്ട് ഹൈസ്കൂളിൽ പൂർത്തിയാക്കി. പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. പത്താം ക്ലാസ്സിൽ പാസാകുക തന്നെ വളരെ ദുഷ്കരമായിരുന്ന കാലമാണത്. 10-ാം ക്ലാസ്സിൽ ഫസ്റ്റ് ക്ലാസ്സിൽ വിജയിച്ച 3 വിദ്യാർത്ഥികളിൽ ഏറ്റവും ഉയർന്ന മാർക്കു വാങ്ങിയത് അഗസ്റ്റിനായിരുന്നു. തൃശിനാപ്പിള്ളി സെന്റ് ജോസഫ് കോളേജിലാണ്, ഉപരിപഠനം നടത്തിയത്; മാത്തമാറ്റിക്സിൽ ഓണേഴ്സിൽ പാസ്സായി. പഠനത്തോടൊപ്പം സ്വന്തം നിലയിൽ ഗവേഷണവും നടത്തിപ്പോന്നു. ഡിഗ്രി കരസ്ഥമാക്കുന്നതിനു മുൻപ് തന്നെ 2 തിയറംസ് കണ്ടുപിടിച്ച് കോളേജിൽ ആദരിക്കപ്പെടുന്ന ഒരു വിദ്യാർത്ഥിയായി അഗസ്റ്റിൻ.

വൈദികനാകാനുള്ള ആഗ്രഹം കുട്ടിക്കാലം മുതൽ തന്നെ അഗസ്റ്റിനുണ്ടായിരുന്നു. സിലോൺ കാന്റി പേപ്പൽ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി ചേർന്നു. 1948 ആഗസ്റ്റ് 24-ാം തീയതി വൈദിക പട്ടം സ്വീകരിച്ചു.

**ഡോക്ടറേറ്റ് ബിരുദം**

വിദ്യാർത്ഥി പ്രതിഭയായ അഗസ്റ്റിൻ, ഒരു ഗൈഡിന്റേയും സഹായമില്ലാതെയാണ് ഗവേഷണം നടത്തിയിരുന്നത്. ഒരു യൂണിവേഴ്സിറ്റിയിലും രജിസ്റ്റർ ചെയ്തില്ല. ഗവേഷണഫല ലേഖനങ്ങൾ, കേരള യൂണിവേഴ്സിറ്റിയിൽ അയച്ചുകൊടുത്തു എങ്കിലും, അവയൊന്നും പ്രസിദ്ധീകരിക്കാതായപ്പോൾ, ജർമ്മനി, ഇംഗ്ലണ്ട്, ഇറ്റലി, അമേരിക്ക, ഓസ്ട്രേലിയ മുതലായ രാജ്യങ്ങളിലേക്ക് അയച്ചു; അവിയെടൊക്കെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അമേരിക്കയിലെ ഒരു യൂണിവേഴ്സിറ്റി, ലേഖനങ്ങൾ പഠിച്ചിട്ട് കേരള യൂണിവേഴ്സിറ്റിക്ക് അയച്ചുകൊടുത്തു. അതിൻപ്രകാരം കേരള യൂണിവേഴ്സിറ്റി അഗസ്റ്റിനച്ചനെ വിളിച്ചു വരുത്തി, ഡോക്ടറേറ്റ് ഡിഗ്രി നൽകി ആദരിച്ചു. 'ജ്യോമെട്രി ഓഫ് ദി സിംപ്ലക്സ്' എന്ന പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. കേരള യൂണിവേഴ്സിറ്റി മാത്തമാറ്റിക്സിൽ നൽകിയ ആദ്യത്തെ ഡോക്ടറേറ്റ് ഡിഗ്രിയായിരുന്നു അത്.

**സേവനരംഗം**

1949-ൽ ഡോ. കോന്നുള്ളിയച്ചൻ, സെന്റ് ആൽബർട്ട് കോളേജിൽ ഗണിതശാസ്ത്ര അദ്ധ്യാപകനായി സേവനം ചെയ്തു. ഒരു വർഷം, സെന്റ് ആൽബർട്ട് സ്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്. 1973 മുതൽ, 1978-ൽ വിരമിക്കുന്നതുവരെ കോളേജിൽ പ്രിൻസിപ്പളായി സേവനം ചെയ്തു. വിരമിച്ചുവെങ്കിലും, യു.ജി.സി. യുടെ പ്രത്യേക ആവശ്യപ്രകാരം, പ്രൊഫസർ എമിരിറ്റസ് ആയി 5 വർഷം കൂടി ഗണിതശാസ്ത്ര അദ്ധ്യാപകനായി കോളേജിൽ തുടർന്നു.

**വിദേശ പ്രസിദ്ധീകരണങ്ങൾ**

ഡോ. അഗസ്റ്റിൻ കോന്നുള്ളിയച്ചൻ

സ്വയം കണ്ടെത്തിയ തിയറംസ് കൂടുതലും വിദേശത്താണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

*1. ജേർണൽ ഓഫ് ദി ലണ്ടൻ മാത്തമാറ്റിക്കൽ സൊസൈറ്റി (1964)*

*2. ജേർണൽ ഓഫ് ദി ഓസ്ട്രേലിയൻ മാത്തമാറ്റിക്കൽ സൊസൈറ്റി (1971)*

*3. ഇറ്റലിയിലെ നാഷണൽ അക്കാദമി (1974)*

മുപ്പതിലധികം തിയറങ്ങളാണ് കോന്നുള്ളിയച്ചൻ ഗണിതശാസ്ത്രത്തിന് സംഭാവന നൽകിയിട്ടുള്ളത്. അതായത് 30 പി.എച്ച്.ഡി. ബിരുദങ്ങളാണ് ഡോ. അഗസ്റ്റിനച്ചന് ലഭിക്കേണ്ടത്. ഇതുപോലൊരു മഹാപ്രതിഭ ലോകത്തിൽ കാണാനില്ല.

കോന്നുള്ളിയച്ചന്റെ വളരെ പ്രസിദ്ധമായ ഒരു പ്രബന്ധമാണ്, 'വാട്ട് ദെൻ ഈസ് ടൈം.' പ്രസിദ്ധ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തത്തിന്റെ തെറ്റുകൾ വെളിച്ചത്തുകൊണ്ടുവരികയുണ്ടായി. അച്ചന്റെ തിയറങ്ങളെല്ലാം, കോന്നുള്ളി തിയറംസ് എന്ന് അറിയപ്പെടുന്നു.

**പ്രസിദ്ധ ഗ്രന്ഥങ്ങൾ**

വിശ്രമജീവിതം ഗ്രന്ഥരചനയിലാണ് ചെലവഴിച്ചത്. വിശ്രമ ജീവിതത്തിനു മുൻപ് ഗണിതശാസ്ത്രപരമായ ഗ്രന്ഥങ്ങളാണ് രചിച്ചതെങ്കിൽ വിശ്രമജീവിതകാലത്ത് തത്ത്വശാസ്ത്ര-ദൈവശാസ്ത്ര ഗ്രന്ഥ രചനയിലേക്ക് ശ്രദ്ധ തിരിച്ചു. തത്ത്വശാസ്ത്ര ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രസിദ്ധ ഗ്രന്ഥമായ, 'ഇൻ സർച്ച് ഓഫ് എ കംപ്ലീറ്റ് ഫിലോസഫി; ന്യൂയോർക്ക്, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിക്കുകയുണ്ടായി.

**ദൈവശാസ്ത്ര രചനകൾ**

ദൈവശാസ്ത്ര രംഗത്തും കോന്നുള്ളിയച്ചൻ ഈടുറ്റ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ചിലത്:



*1. ലോഡ്സ് പ്രെയർ ഇൻ ഇറ്റ്സ് തിയളോജിക്കൽ കോൺടെക്സ്റ്റ്.*
*2. ദി മിസ്റ്ററി ഓഫ് മാൻഡ്‌ലൈഫ് ഓൺ എർത്ത് (രണ്ട് വാല്യം)*
*3. മേരി ആൻഡ് ചർച്ച്, വൺ കോ-മിസ്റ്ററി*
*4. ഡിസ്കവറിംങ് ദി മിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി*
*5. ഓൺ വൺ വാട്ട് റിലീജിയൻ ഈസ്.*

**ഒരനുഭവം**

ഡോ. കോന്നുള്ളിയച്ചൻ കോളേജിൽ പ്രിൻസിപ്പളായി സേവനം ചെയ്യുന്ന കാലം. ഒരുദിവസം സെന്റ് ആൽബർട്ട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് കാണാനിടയായി. അച്ചൻ എങ്ങോട്ട് പോകുന്നു എന്ന് ചോദിച്ചു. ഈശോഭവനിലേക്ക് പോകുന്നു എന്ന് മറുപടി പറഞ്ഞു. അച്ചൻ സംസാരം തുടർന്നു. 'ഞാൻ സയൻസിനെപ്പറ്റി ഒത്തിരി എഴുതി. ആത്മീയകാര്യങ്ങളെപ്പറ്റി എഴുതിയിട്ടില്ല. ഞാനിപ്പോൾ ആത്മീയകാര്യങ്ങളെക്കുറിച്ച് എഴുതുകയാണ്. പ്രാർത്ഥനയെപ്പറ്റി ഒരു ഗ്രന്ഥം എഴുതിക്കഴിഞ്ഞു. വിശ്വാസ സത്യങ്ങളെക്കുറിച്ച് എഴുതുകയാണ്.

**കോളേജിൽ അച്ചടക്കം**

കോന്നുള്ളിയച്ചൻ കോളേജിൽ പ്രിൻസിപ്പലായിരുന്ന കാലഘട്ടം. കുട്ടികളുടെ ഇടയിൽ മാതൃകാപരമായ അച്ചടക്കം ഉണ്ടായിരുന്നു. ഇത് സാധിച്ചത്, കുട്ടികളുടെ ജീവിതത്തിലുള്ള ഫലപ്രദമായ ഇടപെടലുകളാണ്. 2000-ത്തോളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അവരെല്ലാവരുടെയും പേരുകൾ അച്ചന് അറിയാമായിരുന്നു. ഓരോ വിദ്യാർത്ഥിയെയും പേരുചൊല്ലി വിളിക്കുമായിരുന്നു. വിദ്യാർത്ഥികളെ മാത്രമല്ല, വിദ്യാർത്ഥികളുടെ മാതാപിതാക്കളെയും അറിയാമായിരുന്നു.

**അനുഭവം**

മുട്ടിനകം പള്ളിയിൽ സേവനം ചെയ്യുന്ന കാലത്ത്, പള്ളിസ്കൂളിന്റെ അറ്റകുറ്റപ്പണിയെപറ്റി സംസാരിക്കാൻ ജനറൽ മാനേജരച്ചനെ കാണാൻ പോകുകയായിരുന്നു. അച്ചൻ താമസിച്ചിരുന്നത് ഈശോഭവനിലായിരുന്നു. അഗസ്റ്റിൻ കോന്നുള്ളിയച്ചൻ എതിരെ വരുന്നു. അടുത്തെത്തിയപ്പോൾ അച്ചൻ പറഞ്ഞത് ഇപ്പോഴും മനസ്സിൽ നിറഞ്ഞുനില്ക്കുന്നു: അഗസ്റ്റിനച്ചൻ പറഞ്ഞു: "ആന്റണി ചെറിയകടവിലച്ചൻ മുട്ടിനകം ഇടവകയിലാണല്ലേ? സുഖമാണോ?"

ഞാൻ വിസ്മയത്തോടെ ചോദിച്ചു: അച്ചൻ, എന്റെ പേര് എത്ര കൃത്യമായി പറയുന്നു? അഗസ്റ്റിനച്ചന്റെ മറുപടി കൂടുതൽ അമ്പരപ്പിച്ചു. അച്ചൻ പറഞ്ഞു. ആന്റണിയച്ചന്റെ പേരു മാത്രമല്ല, വരാപ്പുഴ അതിരൂപതയിലെ എല്ലാ വൈദികരുടെ പേരുകളും എനിക്കറിയാം."

**മോഷണശ്രമം**

ശിഷ്യന്മാർ തന്നെ കോന്നുള്ളിയച്ചന്റെ പ്രബന്ധങ്ങൾ മോഷ്ടിക്കാൻ ശ്രമം നടത്തി. അച്ചൻ തന്റെ വാസസ്ഥലം മാറ്റുവാൻ തീരുമാനിച്ചു. അച്ചൻ താമസിച്ചിരുന്ന ഈശോഭവനിൽ നിന്നും സെന്റ് ആൽബർട്ട്സ് കോളേജിനോട് ചേർന്നുണ്ടായിരുന്ന മുറിയിലേക്ക് മാറി താമസിക്കുകയുണ്ടായി.

**ഗണിതശാസ്ത്ര ദൈവശാസ്ത്ര ജ്ഞൻ**


ഗണിതശാസ്ത്രത്തിൽ ലോകത്തിന്റെ സ്പന്ദനം ദർശിച്ച ഒരു ആത്മീയ പ്രതിഭയാണ്, അഗസ്റ്റിനച്ചൻ. സയൻസിൽ ദൈവസാന്നിധ്യം അച്ചൻ തിരിച്ചറിഞ്ഞു. വിശ്വാസങ്ങൾക്ക് ഗണിതശാസ്ത്രത്തിൽ ശൂന്യസ്ഥലം (സ്പേയ്സ്) ഉണ്ടെന്ന് അച്ചൻ കണ്ടെത്തി. ശാസ്ത്രത്തിലെ ഈ ശൂന്യത നിറക്കുന്നത് വിശ്വാസങ്ങളാണ്-ദൈവസാന്നിധ്യമാണ്. ആധുനിക ഗണിതശാസ്ത്ര തത്ത്വങ്ങൾ, ക്യാമോസ് തിയറി (ക്രമവും, ചിട്ടയും ഇല്ലാത്ത അവസ്ഥ) പോലുള്ള അവസ്ഥയുള്ള പ്രപഞ്ചത്തിൽ ദൈവത്തിന്റെ ഡിസൈൻ (പദ്ധതിയും ആസൂത്രണവും) ഗ്രഹിക്കുവാൻ അച്ചൻ ഉപയോഗിച്ചു. പ്രകൃതിയിൽ കാണുന്ന ദൈവത്തിന്റെ വെളിപാടുകളെ വ്യാഖ്യാനിക്കാനും ഗ്രഹിക്കുവാനും ശാസ്ത്രത്തെ ഉപയോഗിക്കാമെന്നും, ഉപയോഗിക്കണമെന്നും, ഈ ഗണിതശാസ്ത്ര-ദൈവശാസ്ത്ര വിസ്മയം വിശ്വസിച്ച് ജീവിച്ചു.

**രോഗിയായി ലൂർദ് ആശുപത്രിയിൽ**

രോഗം ബാധിച്ച് ആശുപത്രിയിലായിരുന്ന അവസരത്തിലും കോന്നുള്ളിയച്ചൻ എഴുത്തു തുടർന്നു. അവസാനം എഴുതിയ, മിസ്റ്ററി ഓഫ് മാൻസ് ലൈഫ് ഓൺ എർത്ത്-(മനുഷ്യന്റെ ഭൂമിയിലെ ജീവിതത്തിന്റെ രഹസ്യം) എഴുതി തീർത്തു. ഈ ഗ്രന്ഥത്തെപ്പറ്റി അഗസ്റ്റിനച്ചൻ ഇപ്രകാരമാണ് എഴുതിയത്. "ഈ ഗ്രന്ഥം എഴുതുവാൻ ക്രിസ്തു എന്നോട് ആവശ്യപ്പെട്ടു." ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ പല സ്ഥലങ്ങളിലേക്കും അയച്ചു കൊടുത്തു. ഒന്ന് പാപ്പയ്ക്കും അയച്ചു കൊടുത്തു. പാപ്പായുടെ മറുപടിയും അച്ചനു വന്നു.

1998 ഫെബ്രുവരി 3-ാം തീയതി, ആഗോള യുഗപ്രതിഭയായ ഡോ. അഗസ്റ്റിൻ കോന്നുള്ളിയച്ചൻ, യഥാർത്ഥ ജ്ഞാനത്തിന്റെയും വിജ്ഞാനത്തിന്റെയും പക്കലേക്ക് തിരിച്ചുപോയി. മരണശേഷം ഡോ. കോന്നുള്ളിയച്ചന്റെ നാമത്തിൽ, ഒരു വിദ്യാഭ്യാസ സ്കോളർഷിപ്പ് ഐസാറ്റ് സ്ഥാപിച്ചിട്ടുണ്ട്.








**ഓർമ്മച്ചെപ്പ്**

*ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസിന്റെ മൃതസംസ്കാര ശുശ്രൂഷ തിരുകർമ്മങ്ങൾ*

*മരണം: 2004 മാർച്ച് 20*

# നോ സ്മോക്കിംഗ്



സിനിമകളിൽ നായകന്മാർ സിഗരറ്റെടുത്ത് കത്തിച്ച് പുക ഊതുന്നത് വളരെ സ്റ്റൈലായി ചിത്രീകരിക്കാറുണ്ട്. സ്ക്രീനിന്റെ പ്രധാന ഭാഗത്ത് വളരെ വലിപ്പത്തിൽ സിഗററ്റ് കാണുമ്പോൾ, അതുപയോഗിച്ചാലുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് ഒരു വശം ചേർന്ന് ചെറുതായും കാണാം. എന്നാൽ അത്ര ചെറുതായി കാണേണ്ട വിഷയമല്ല പുകവലി എന്നത്. പുകവലിയെ ഹീറോയിസമായി കണ്ടാൽ അത് നമ്മെ കൊണ്ടുചെന്നെത്തിക്കുക സീറോയിസത്തിലേക്കാകും.

**പുകവലി മൂലം ഉണ്ടായേക്കാവുന്ന അപകടങ്ങളെക്കുറിച്ച് ബോ ധവത്കരണം നടത്താൻ യു.കെ.യിലെ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും പുകവലി വിരുദ്ധ സംഘടനകളുടെ പ്രവർത്തകരും ചേർന്നാണ് പുകവലി വിരുദ്ധ ദിനത്തിന് (**No Smoking Day**) തുടക്കമിട്ടത്. കാലക്രമേണ ഈ ദിനം ആ ദേശത്തെ ദേശീയ ബോധവൽകരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കപ്പെട്ടു.**

**ഈ ആചരണം പിന്നീട് മറ്റു പല രാജ്യങ്ങളിലെയും പുകവലി വിരുദ്ധ പ്രവർത്തനങ്ങളെ സ്വാധീനിച്ചു. 1984 ലെ ക്ഷാര ബുധനാഴ്ച്ചയിലാണ് ആദ്യമായി പുകവലി വിരുദ്ധ ദിനം ആഘോഷിച്ചത്. എന്നാൽ പിന്നീട് അത് മാർച്ച് മാസത്തിലെ രണ്ടാം ബുധനാഴ്ച്ചയിലേക്ക് ക്രമീകരിക്കപ്പെട്ടു.**

പുകവലി ശീലമാക്കിയ ഒരാൾ തന്നെത്തന്നെയും, അയാളുടെ കുടുംബത്തെയും അയാളെ ഉൾക്കൊള്ളുന്ന സമൂഹത്തെത്തന്നെയും ആരോഗ്യപ്രശ്നങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നു. പുകവലിക്കുന്ന പല ആളുകളും ഈ ശീലം ആരംഭിക്കുന്നത് അവരുടെ യൗവനത്തിലാണ്. പല തെറ്റിദ്ധാരണകളും, മുതിർന്നവരുടെ ദുർമാതൃകയും, സമപ്രായക്കാരുടെ സമ്മർദ്ധവും, എന്താണെന്നറിയാനുള്ള ജിജ്ഞാസയും, മാധ്യമ സ്വാധീനവുമൊക്കെ ചെറുപ്രായത്തിൽത്തന്നെ കുട്ടികളെ പുകവലിയിലേക്ക് നയിക്കുന്ന ഏതാനും ചില കാരണങ്ങളാണ്. എന്നാൽ, വിദ്യാർത്ഥികളും യുവജന ങ്ങളും പുകവലിയുടെ ദോഷവശങ്ങളെക്കുറിച്ച് ബോധവാന്മാരായാൽ, ജീവിതത്തിലെ ചില സാഹ ചര്യങ്ങളിൽ ശരിയായ തീരുമാനങ്ങളെടുക്കാൻ അവർക്ക് സാധിക്കും.

***പുകവലിയുടെ ചില മാരക പ്രത്യാഘാതങ്ങൾ ഇവയാണ്,***

*1. പുകവലി ശ്വാസകോശകലകളെ നശിപ്പിക്കുകയും ശ്വസനശേഷി കുറയ്ക്കുകയും ചെയ്യുന്നു.*
*2. പുകവലി ഹൃദയമിടിപ്പും രക്തസമ്മർദ്ദവും വർദ്ധിപ്പിച്ചുകൊണ്ട് കാലാന്തരത്തിൽ ഹൃദ്രോഗ സാധ്യതകൾ കൂട്ടുന്നു.*
*3. നിക്കോട്ടിൻ തലച്ചോറിന്റെ പ്രവർത്തനങ്ങളിൽ മോശമായി സ്വാധീനിക്കുന്നു.*
*4. പുകവലി സ്റ്റാമിന, ഊർജ്ജനില, മൊത്തത്തിലുള്ള ഒരു വ്യക്തിയുടെ ശാരീരിക പ്രകടനം എന്നിവ കുറയ്ക്കുന്നു*



ഫാ. ഗാരിസൺ പൈവ

***പുകവലി പോലുള്ള ദുഃശീലങ്ങൾ ഒഴിവാക്കാൻ വിദ്യാർത്ഥികളുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ചില പ്രയോഗിക ജീവിതപാഠങ്ങൾ ഇവയാണ്.***

*1. ധൈര്യപൂർവ്വം വേണ്ട എന്ന് പറയാൻ പഠിക്കുക.*
*2. ആരോഗ്യപരമായ നല്ല ശീലങ്ങൾ സ്വായത്തമാക്കുക. ഉദാ: കലാ-കായികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.*
*3. നല്ല സുഹൃത്തുക്കളെ കണ്ടെത്തുക.*
*4. ശരിയായ അറിവ് ഓരോ കാര്യത്തെക്കുറിച്ചും ഉണ്ടായിരിക്കുക.*

ഈ പുകവലി വിരുദ്ധ ദിനം ആചരിക്കുന്നത് ആരേയും വിധിക്കാനല്ല. മറിച്ച്, ശക്തവും ആരോഗ്യകരവുമായ തിരഞ്ഞെടുപ്പുകൾ നടത്താൻ വേണ്ടിയാണ്. വിദ്യാർത്ഥികൾ പുകവലി രഹിത ജീവിതം തിരഞ്ഞെടുക്കുന്നത്, മികച്ച പഠനത്തിനും, ശക്തമായ ശാരീരിക ക്ഷമതയ്ക്കും, ശോഭനമായ ഭാവിക്കും സഹായിക്കും. നമ്മളോർക്കണം, ഇന്നത്തെ ആരോഗ്യകരമായ തിരഞ്ഞെടുപ്പുകൾ നാളെ ശക്തമായ ശീലങ്ങളായി മാറും എന്ന്.

# വാർത്തകൾ
NEWS

### *ഫാ. സ്റ്റീഫൻ ആലത്തറ ഭാരതസഭയുടെ ചരിത്രത്തിലേക്ക് നാലാമതും ഡെപ്യൂട്ടി സെക്രട്ടറി ജനറൽ*

റവ.ഡോ. സ്റ്റീഫൻ ആലത്തറയെ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയായ സി.സി.ബി.ഐ. യുടെ ഡെപ്യൂട്ടി ജനറലായി നാലാമതും നിയമിച്ചു. 2030 വരെയാണ് പുതിയ കാലാവധി. ഭാരത സഭയുടെ ചരിത്രത്തിൽ ഇത് ആദ്യമായാണ് മൂന്നാം വട്ടവും നാലാം വട്ടവും ഒരു വൈദികനെ തുടർച്ചയായി ഈ പദവിയിൽ മെത്രാൻ സമിതി നിയോഗിക്കുന്നത്.

2014 ൽ ദേശീയ മെത്രാൻ സമിതിയുടെ ഡപ്യൂട്ടി സെക്രട്ടറി ജനറലായി ചുമതലയേറ്റ ഫാ. ആലത്തറയെ 2018–ലും, 2022–ലും 2026 ലും മെത്രാൻ സമിതി തുടർച്ചയായി നിയമിക്കുകയായിരുന്നു. ഡൽഹിയിലും ബാംഗ്ലൂരിലും ഗോവയിലുമുള്ള സി.സി.ബി.ഐ. യുടെ കാര്യാലയങ്ങളുടെ ഡയറക്ടറായും അദ്ദേഹം തുടരും. 2007 മുതൽ 2014 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഡപ്യൂട്ടി സെക്രട്ടറി ജനറലായിരുന്ന അദ്ദേഹത്തെ കെ.സി.ബി.സി. യും തുടർച്ചയായി മൂന്നുവട്ടം നിയമിച്ചിരുന്നു.



സി.സി.ബി.ഐ. യുടെ സെക്രട്ടറിയേറ്റുകളായ ഗോവയിലെ ശാന്തി സദൻ, ഡൽഹി ഫരീദാബാദിലെ ബദാനിയ, ബാംഗ്ലൂരിലെ പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയുടെ പുതിയ ഓഫീസ് സമുച്ചയം ന്യൂഡൽഹിയിലെ നവീകരിച്ച സി.സി.ബി.ഐ യുടെ കേന്ദ്രകാര്യാലയം എന്നിവയ്ക്ക് ആരംഭം കുറിച്ചതും ഫാ. ആലത്തറയുടെ കാലഘട്ടത്തിലാണ്.

പതിനെട്ടിലധികം പുസ്തകങ്ങളുടെ രജയിതാവായ അദ്ദേഹത്തിന്റെ "മതബോധന ശാസ്ത്രത്തിന് ഒരു ആമുഖം" എന്ന ഇംഗ്ലീഷ് ഗ്രന്ഥം ഭാരതത്തിലേയും

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

| | |
|---|---|
| ST.SEBASTIAN CHURCH KADAVANTHRA | 10000.00 |
| SABANPURAM PANANGAD | 5000.00 |
| ST.PATRIC CHURCH VYTTILA | 15000.00 |
| ST.SEBASTIAN'S CHURCH EDAYAKUNNAM | 10000.00 |
| ST.SEBASTIAN'S CHURCH BOLGHATTY | 5000.00 |
| VIMALALAYAM CONVENT ERNAKULAM | 10000.00 |
| ST.SEBASTIAN CHURCH KADAVANTHRA | 15000.00 |
| ST.SEBASTIAN'S CHURCH PUTHUVYPE | 10000.00 |
| ST.JAME'S CHURCH CHERANALLOOR | 25000.00 |
| OUR LADY OF ROSARY CHURCH MALOTH | 20000.00 |
| ST.SEBASTIAN'S CHURCH MADAVANA | 10000.00 |
| ST.SEBASTIAN'S CHURCH GANDHINAGAR | 25000.00 |
| ST.SEBASTIAN'S CHURCH CHERIYAKADAMAKUDY | 5000.00 |
| LOURDES INSTITUTIONAL STAFF | 500000.00 |
| RECTOR,DON BOSCO VADUTHALA | 50000.00 |
| WINNY VALLARPADAM | 2000.00 |
| TOTAL | 7,17,000.00 |

വിദേശ രാജ്യങ്ങളിലും മേജർ സെമിനാരികളിൽ പാഠപു സ്തകമാണ്. വരാപ്പുഴ അതിരൂപത വൈദികനായ ഫാ. സ്റ്റീഫൻ ആലത്തറ ആലുവ മരിയാപുരം ഇടവക അംഗ മാണ്

# വാർത്തകൾ NEWS

**അന്താരാഷ്ട്ര അംഗീകാരമുള്ള ഓർത്തോപീഡിക് സ്പൈൻ സർജൻ ഡോ. രാജിഷ് ജോർജ്ജ് 2025-ലെ ഏറ്റവും സ്വാധീനമുള്ള 50 എഴുത്തുകാരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു.**



സിംഗപ്പൂരിൽ സേവനമനുഷ്ഠിക്കുന്ന അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടിയ ഓർത്തോ പീഡിക്സ് സ്പൈൻ സർജനും, അക്കാദമിഷ്യനുമായ ഡോക്ടർ രാജീഷ് ജോർജ്ജ് 2025 ലെ ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള 50 എഴുത്തുകാരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു. സാധാരണക്കാർക്ക് സങ്കീർണമായ സ്പൈൻ രോഗങ്ങളെ ലളിതമായി അവതരിപ്പിക്കുന്ന വി ഗോട്ട് യുവർ ബാക്ക് (We Got Your Back) എന്ന പുസ്തകത്തിലൂടെയാണ് ഈ മഹത്തായ അംഗീകാരം അദ്ദേഹത്തിന് ലഭിച്ചത്.

രാജഗിരി സ്കൂൾ, തേവര സേക്രഡ് ഹാർട്ട് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിന് ശേഷം ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നിന്നും ബിരുദം നേടി. ഇപ്പോൾ സിംഗപ്പൂരിൽ നാഷണൽ യൂണിവേഴ്സിറ്റി ഹെൽത്ത് സിസ്റ്റത്തിൽ (NUHS) ഓർത്തോപീഡിക് വിഭാഗത്തിൽ പ്രിൻസിപ്പൽ റെസിഡന്റ് ഫിസിഷ്യനായി സേവനം ചെയ്യുന്നു. എൻഡോസ്കോപിക് സ്പൈൻ ശസ്ത്രക്രിയകളിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള അദ്ദേഹം 1500-ലധികം സ്പൈൻ ശസ്ത്രക്രിയകളിൽ പങ്കാളിയായിട്ടുണ്ട്.

സിങ്കപ്പൂർ സർക്കാരിന്റെ നിരവധി പുരസ്കാ രങ്ങൾ നേടിയിട്ടുള്ള ഡോ. രാജിഷിന്റെ ജീവിതം ക്രൈസ്ത മൂല്യങ്ങളിൽ അധിഷ്ഷിഠിതമാണ്. കമ്പ്യൂട്ടർ വിദ്യാഭ്യാസ മേഖലയിൽ പ്രഗത്ഭരായിരുന്ന KETEES സ്ഥാപനങ്ങളുടെ ഉടമ കെ.ടി. ജോർജ്ജ് ഭാര്യ ഡെയ്സി എന്നിവരാണ് മാതാപിതാക്കൾ. ആലുവ എട്ടേക്കർ സെന്റ് ജൂഡ് ഇടവകാംഗങ്ങളാണ്. സഹോദരൻ രൻജിത്ത് ജോർജ്ജ്. Y2 K TOTS എന്ന ചാരിറ്റബിൾ സംഘടനയുടെ മാനേജിംഗ് പാർട്നറാണ്.



***പാർശ്വവൽകരിക്കക്കരിക്കപ്പെട്ടവരുടെ പക്ഷം ചേരാൻ ജനപ്രതിനിധികൾ തയ്യാറാവണം: ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ***

*ജനപ്രതിനിധികൾക്ക് വരാപ്പുഴ അതിരൂപതയുടെ ആദരം*

കുടുംബത്തിലും സമൂഹത്തിലും സഭയിലും രാഷ്ട്രീയത്തിലും മികച്ച മാതൃകകളായി പാർശ്വവൽകരിക്കപ്പെട്ടവരുടെ ശബ്ദമായി മാറാൻ ജനപ്രതിനിധികൾക്ക് സാധിക്കണമെന്ന് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പറഞ്ഞു. വരാപ്പുഴ അതിരൂപത രാഷ്ട്രീയകാര്യ സമിതിയുടെ നേതൃത്വത്തിൽ വരാപ്പുഴ അതിരൂപതാംഗങ്ങളായ ജനപ്രതിനിധികൾക്ക് നൽകിയ സ്വീകരണ സമ്മേളനം തദ്ദേശാദരം 2026 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ഭരണനിർവഹണ സംവിധാനങ്ങളിൽ

# വാർത്തകൾ

NEWS

തദ്ദേശ ഭരണകൂടങ്ങൾക്ക് അതിയായ പ്രാധാന്യമുണ്ട്.

എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി ലഭ്യമാക്കുന്നതിനും അധികാരത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ജനപ്രതിനിധികൾക്ക് ലഭിക്കുന്ന അവസരങ്ങൾ പരമാവധി ഉപയോഗിക്കണമെന്ന് ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് പാപ്പാളി ഹാളിൽ വച്ച് നടന്ന ആദര സമ്മേളനത്തിൽ വരാപ്പുഴ അതിരൂപത രാഷ്ട്രീയകാര്യസമിതി ചെയർമാൻ ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. KRLCC വൈസ് പ്രസിഡൻറ് ജോസഫ് ജൂഡ് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത വികാരി ജനറൽ മോൺ മാത്യു കല്ലിങ്കൽ, ടി ജെ വിനോദ് എംഎൽഎ, മേയർ വി.കെ. മിനിമോൾ, അതിരൂപത പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ്, എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിൻഡ ജേക്കബ്, ജില്ലാ പഞ്ചായത്ത് അംഗം മേരി വിൻസെന്റ്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.പി ക്ലീറ്റസ്, സംഘാടകസമിതി ചെയർമാൻ ഫാ. യേശുദാസ് പഴമ്പിള്ളി, ജനറൽ കൺവീനർ റോയ് ഡിക്കൂഞ്ഞ, കെഎൽസിഎ അതിരൂപത ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ എന്നിവർ പ്രസംഗിച്ചു.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വരാപ്പുഴ അതിരൂപത അംഗങ്ങളായ128 പേരെയാണ് സമ്മേള നത്തിൽ ആദരിച്ചത്. അതിരൂപത രാഷ്ട്രീയകാ ര്യസമിതിയിലെ അൽമായ സംഘടനകളായ കെഎൽസിഎ, കെസിവൈഎം, കെഎൽസി ഡബ്ലിയുഎ, സി എസ് എസ്, കെ എൽ എം, ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ എന്നീ സംഘടനകളാണ് ആദരവ് സമ്മേളനത്തിന് നേതൃത്വം നൽകിയത്.

.......................................................................................................

.

***ലൂർദ് ആശുപത്രിയിൽ അത്യാധുനിക റോബോട്ടിക് പാർക്കിംഗ് സംവിധാനം ഉദ്ഘാടനം ചെയ്തു***



.......................................................................................................

. എറണാകുളം ലൂർദ് ആശുപത്രിയിൽ ഹോം

.......................................................................................

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന മാർച്ച് മാസത്തെ പരിപാടികൾ:**

.......................................................................

വിവാഹ ഒരുക്ക കോഴ്സ് : മാർച്ച് 2, 3, 4 & 16, 17, 18
രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

മാതൃവേദി കൂട്ടായ്മ: മാർച്ച് 10, ശനിയാഴ്ച രാവിലെ 10.00 ന്

വിധവ സംഗമം (അൽമാന): മാർച്ച് 10, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്

ഏശസ്ഥ കൂട്ടായ്മ : മാർച്ച് 15, വ്യാഴാഴ്ച, രാവിലെ 10.00 ന്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 മാർച്ച് 29 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

ഡേ ആഘോഷത്തോടനുബന്ധിച്ച് വിപുലീകരിച്ച അത്യാധുനിക റോബോട്ടിക് പാർക്കിംഗ് സംവിധാനം ഉദ്ഘാടനം ചെയ്തു. 233 കാറുകൾക്ക് ഒരേസമയം പാർക്ക് ചെയ്യാൻ സാധിക്കും. റോബോട്ടിക് പാർക്കിംഗ്, സൗത്ത് ഇന്ത്യൻ ബാങ്ക്, സി.എസ്.ആർ. പദ്ധതിയുടെ ഭാഗമായി ലൂർദ് ആശുപത്രിയിൽ നടപ്പിലാക്കുന്ന സോളാർ വാട്ടർ ഹീറ്റർ പദ്ധതി, ഓട്ടോമാറ്റിക് ക്ലീനിംഗ് മെഷീൻ എന്നിവയുടെ ആശീർവാദകർമ്മം വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ നിർവഹിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജരും റീജിയണൽ ഹെഡുമായ ശ്രീമതി ടൈനു ഈഡൻ അമ്പാട്ട് ഓട്ടോമാറ്റിക് ക്ലീനിംഗ് മെഷീനും, സോളാർ വാട്ടർ ഹീറ്ററും ലൂർദ് ആശുപത്രിക്ക് കൈമാറി. വൈദികർ, കന്യാസ്ത്രീകൾ, ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ എന്നിവർ സന്നിഹിതരായിരുന്നു. ലൂർദ് ആശുപത്രിയിൽ നടപ്പിലാക്കുന്ന റോബോട്ടിക് പാർക്കിംഗ് സംവിധാനം എറണാകുളം ജില്ലയിലെ ആശുപത്രികളിൽ ഏറ്റവും വലുതാണെന്നും സൗത്ത് ഇന്ത്യൻ ബാങ്കുമായി ചേർന്ന് നടപ്പിലാക്കുന്ന സോളാർ വാട്ടർ ഹീറ്റർ പദ്ധതി ആശുപത്രിയുടെ ഗ്രീൻ ഇനീഷ്യേറ്റീവിന്റെ തുടർച്ചയാണെന്നും ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. ജോർജ് സെക്വീര, അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് എന്നിവർ അറിയിച്ചു.

***വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ***

1. സെന്റ് അഗസ്റ്റിൻ ചർച്ച്, മൂലമ്പിള്ളി – 25,000/
2. സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, കലൂർ – 2,00,000/
3. സെന്റ് മൈക്കിൾസ് ചർച്ച്, ചെമ്പു മുക്ക് – 90,000/
4. സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, പോണേൽ – 39,336/
5. അമലോത്ഭവ മാതാ ദൈവാലയം, നെട്ടൂർ – 1,25,000/
6. സെന്റ് ജൂഡ് ഷ്രൈൻ, എട്ടേക്കർ – 1,00,000 /
7. സെന്റ് ആന്റണീസ് ചർച്ച്, അത്താണി, നെടുമ്പാശ്ശേരി – 5,000/
8. ഔർ ലേഡി ഓഫ് ഡോളേഴ്സ്, മാഞ്ഞാലി – 10,000/
9. സെന്റ് ആന്റണീസ് ചർച്ച്, കൊങ്ങോർപ്പിള്ളി – 1,00,000 /
10. സെന്റ് സെബാസ്റ്റിൻ ചർച്ച്, പുതുവയ്പ്പ് – 60,000/
11. വിമലാലയം കോൺവെന്റ് – 15,000/
12. ഹൗസ് ഓഫ് പ്രവിഡൻസ് – 5,000/
13. മേരിമാതാ കെബ്രേരിയ, പാലാരിവട്ടം – 1,00,000/
14. സെന്റ് സെബാസ്റ്റ്യൻ തിരുനാൾ കമ്മിറ്റി, മാടവന – 62,540/

***ലൂർദ്സ് കോളേജ് ഓഫ് നഴ്സിംഗ് "ചലനം" കലാമേളയ്ക്ക് തുടക്കം***

എറണാകുളം സിഡ്ഡി സദൻ ലൂർദ്സ്

# വാർത്തകൾ

NEWS



കാളേജ് ഓഫ് നഴ്സിംഗ് സംഘടിപ്പിക്കുന്ന യൂണിറ്റ് തല കലാമേള "ചലനം" ആരംഭിച്ചു. പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. ജിസ് ജോയ് കലാമേള ഉദ്ഘാടനം ചെയ്തു. ലൂർദ് ആശുപത്രി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. വിമൽ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ലൂർദ്സ് കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ റവ. സിസ്റ്റർ റുഫീന, സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷൻ സെക്രട്ടറി മിസ്. ആഷ്ലി ഷാജു മിസ്. ഗായത്രി വിശ്വംഭരൻ എന്നിവർ പ്രസംഗിച്ചു.



മലയാളമനോരമ സംഘടിപ്പിച്ച അഖിലകേരള ബാലജനസഖ്യ പ്രസംഗമത്സരത്തിൽ മൂന്നാം സമ്മാനം ലഭിച്ച ആന്റണി ഗർവാസിസിന് അഭിനന്ദനങ്ങൾ. വരാപ്പുഴ അതിരൂപത വടുതല സെന്റ് ആന്റണീസ് ഇടവക കപ്പിത്താൻപറമ്പിൽ അനൂപിന്റെയും ആൻസിയുടെയും മകനായ ആന്റണി പച്ചാളം സെന്റ് ജോസഫ് സ്കൂൾ വിദ്യാർഥിയാണ്.

**വരാപ്പുഴ അതിരൂപത സെന്റ് വിൻസെന്റ് ഡി പോൾ – പുതിയ ഭാരവാഹികൾ**



Central Council President
*T.M. Joseph*



Gen. Secretary
*Nelson Correya*



Treasurer
*Francis Joseph*

ബൈബിൾ
വിചിന്തനം

# ഊട്ടുതിരുനാൾ

മത്താ 1: 18-24



ഡോ. വിൻസെന്റ്
വാര്യത്ത്

**1262** മുതൽ 1268 വരെ ഇറ്റലിയിലെ സിസിലിയിൽ കനത്ത വരൾച്ച ഉണ്ടായി. വരൾച്ചയെ തുടർന്ന് കൊടും പട്ടിണിയും ക്ഷാമവും. ആ നാട്ടിലെ ഭക്തരായ ആളുകൾ തൊഴിലാളികളുടെ പ്രത്യേക മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും വരൾച്ച മാറ്റിത്തന്നാൽ യൗസേപ്പിതാവിന്റെ ഓർമ്മത്തിരുനാൾ ആഘോഷിക്കാം എന്ന് നേർച്ച നേരുകയും ചെയ്തു. മഴ പെയ്യുകയും കൃഷി പൂർവ്വസ്ഥിതിയിലേക്ക് മാറുകയും ചെയ്തതോടു കൂടി സന്തോഷത്തിമർപ്പിലായ ആളുകൾ മാർച്ച് 19-നു വി. യൗസേപ്പിതാവിന്റെ ബഹുമാനാർത്ഥം ഊട്ട് തിരുനാൾ (Tavolata) ആഘോഷിക്കുവാൻ തുടങ്ങി. അന്നേദിനം അവർ വി. യൗസേപ്പിതാവിന്റെ വിരുന്നു മേശ (La Tavola di San Giuseppe) തയ്യാറാക്കി അതിൽ പച്ചക്കറി വിഭവങ്ങൾ നിരത്തുകയും ഒരു ഗ്രാമം ഒരുമിച്ച് നന്ദിയോടെ, സ്നേഹത്തോടെ വിരുന്നിൽ പങ്കുചേരുകയും ചെയ്തു. ഈ രീതി പിന്നീട് ലോകം മുഴുവൻ പ്രചരിച്ചു. ഈ ഊട്ട് തിരുനാൾ ദിനത്തിന് ഉണ്ടായിരുന്ന നാല് പ്രത്യേകതകളാണ് നമ്മളിന്ന് വിചിന്തന ത്തിനായി എടുക്കുന്നത്.

### *1.നന്ദി ദിനം*

ദൈവം വി. യൗസേപ്പിതാവിലൂടെ നൽകിയ നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു കൊണ്ട് എല്ലാവരും ഭക്ഷണം ഒരുക്കുന്ന തിനും വിളമ്പുന്നതിനും കഴിക്കുന്നതിലും എല്ലാം ഒരു കുടുംബമായി പങ്കുചേരുന്നു. ഈ വിരുന്നിൽ ഉടനീളം നന്ദിയുടെ ഒരു അന്തരീക്ഷമാണ് ഉണ്ടാകേണ്ടത്. കൃതജ്ഞതയുടെ വിരുന്നിലാണ് നാം പങ്കുചേരുക!

### *2.പിതൃദിനം*

ഇറ്റലി, സ്പെയിൻ, പോർച്ചുഗൽ, ക്രൊയേഷ്യ എന്നീ കത്തോലിക്കാ രാജ്യങ്ങളിലൊക്കെ മാർച്ച് 19 പിതൃദിനം കൂടി ആണ്. യൗസേപ്പിതാവിനെ പ്രത്യേക സ്നേഹാദരവോടു കൂടി ആദരിക്കുന്ന ദിനത്തിൽ ഓരോ കുടുംബനാഥനെയും ആദരിക്കുകയും സ്നേഹിക്കുകയും വേണം എന്ന് സാരം. ഈ പറഞ്ഞ രാജ്യങ്ങളിൽ വിരുന്നിനിടയിൽ പിതാക്കന്മാരെ പ്രത്യേകം ആദരിക്കുന്ന ചടങ്ങുകൾ സംഘടിപ്പിക്കാറുണ്ട്. പിതാക്കന്മാർക്ക്, അവർ ചെയ്യുന്ന വിലമതിക്കാനാവാത്ത സേവനങ്ങൾക്ക് നന്ദി ചൊല്ലി സമ്മാനങ്ങൾ കൊടുക്കുന്ന പതിവുണ്ട്. സെന്റ് ജോസഫ് ഡേ, ഫാദേഴ്സ് ഡേ കൂടിയായി ആഘോഷിക്കുവാൻ ശ്രമിക്കുന്നത് നന്നായിരിക്കും. ഇന്നു വായിച്ചു കേട്ട വചനഭാഗം ഓർമ്മപ്പെടുത്തുമ്പോലെ ദൈവസ്വരം ശ്രവിച്ചു, ദൈവം പറയുന്ന വഴിയിൽ മാത്രം നടക്കാൻ ഓരോ കുടുംബനാഥനും ശ്രദ്ധിക്കണം.

### *3.കൂട്ടായ്മ ദിനം*

ഒരു ഗ്രാമം മൊത്തത്തിൽ ഒരു പള്ളിയിൽ ഒരുമിച്ചുചേർന്ന് വിരുന്ന് നടത്തുന്ന പതിവാണ് യൂറോപ്പിൽ ഉണ്ടായിരുന്നത്. എല്ലാവരും ചേർന്ന് ഭക്ഷണം തയ്യാറാക്കുന്നു, അൾത്താര ഒരുക്കുന്നു, പള്ളി അലങ്കരിക്കുന്നു, വിരുന്നു മേശകൾ ഒരുക്കുന്നു, വിരുന്ന് തയ്യാറാക്കി ഒരുമിച്ച് ഭക്ഷിക്കുന്നു. അങ്ങനെ ഒരു കൂട്ടായ്മയുടെ ആഘോഷം കൂടിയായി ഇതു മാറുന്നു. നമ്മുടെ ഇടവകകളിലും അങ്ങനെ തന്നെയാണ്. എല്ലാവരെയും ഉൾപ്പെടുത്തവാൻ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ നാട്ടിൽ മറ്റു മതസ്ഥരായ ധാരാളംപേർ ഈ ഭക്ഷണം കഴിക്കുവാൻ എത്താറുണ്ട് അതൊരു മതസൗഹാർദ ത്തിന്റെ വേദിയായി മാറാറുണ്ട്.

### *4. ഉപവിദിനം*

ഊട്ടു വിരുന്ന് ഒരു ഉപവിയുടെ വിരുന്നായിരുന്നു. പ്രത്യേകമായിട്ട് വൃദ്ധരെയും കുഞ്ഞുങ്ങ ളെയും കൂട്ടുവാനും അവർക്ക് വിരുന്നിൽ പ്രാമുഖ്യം നൽകുവാനും ശ്രമിച്ചിരുന്നു. ഒരാളെയും ഭക്ഷണം കഴിക്കാതെ പറഞ്ഞുവിടാൻ പാടില്ല എന്ന നിബന്ധന ഉണ്ടായിരുന്നു. അനാഥാലയങ്ങളിലും മറ്റുമുള്ള കുഞ്ഞുങ്ങളെ സംഘാടകർ തന്നെ



*ദൈവം*
*വി. യൗസേപ്പിതാ*
*വിലൂടെ നൽകിയ*
*നിരവധിയായ*
*അനുഗ്രഹങ്ങൾക്ക്*
*നന്ദി പറഞ്ഞു കൊണ്ട്*
*എല്ലാവരും ഭക്ഷണം*
*ഒരുക്കുന്നതിനും*
*വിളമ്പുന്നതിനും*
*കഴിക്കുന്നതിലും*
*എല്ലാം ഒരു*
*കുടുംബമായി*
*പങ്കുചേരുന്നു.*
*ഈ വിരുന്നിൽ*
*ഉടനീളം*
*നന്ദിയുടെ ഒരു*
*അന്തരീക്ഷമാണ്*
*ഉണ്ടാകേണ്ടത്.*

കൂട്ടി കൊണ്ടുവന്ന് അവരെ ഊട്ടി പുതിയ വസ്ത്രങ്ങൾ നൽകി തിരികെ കൊണ്ടുചെന്ന് ആക്കുന്ന പതിവുണ്ടായിരുന്നു. അതിന്നും തുടരുന്നു.എല്ലാ പള്ളികളിലും ഊട്ടുതിരുനാൾ ആഘോഷപൂർവ്വം നടത്തുമ്പോൾ ഒരിക്കലും വിളമ്പി തീരാത്ത, വിരുന്ന് ഒഴിയാത്ത ഊട്ടു പുരകളായി നമ്മളും മാറണമെന്ന ചിന്ത മനസ്സിലേക്ക് കൊണ്ടുവരുന്നത് വളരെ നന്നായിരിക്കും.

**ചോദ്യങ്ങൾ**

*1. വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഊട്ടുസദ്യ ആരംഭിച്ചത് എവിടെ? എപ്പോൾ? എങ്ങനെ?*

*2. തുടക്ക കാലത്തെ ഊട്ടുതിരുനാളുകളിലെ 4 പ്രത്യേകതകൾ എന്തൊക്കെയായിരുന്നു?*


*3. നമ്മുടെ ഊട്ടുതിരുനാളുകളുടെ നല്ല വശങ്ങളും മോശം വശങ്ങളും എന്തൊക്കെയാണ്?*

പിൻമൊഴി

# ഒരു ജെൻ-സീ വിയാ സാക്ര
## (A Gen-Z Via Sacra)



**ഫാ. സാബു നെടുനിലത്ത്**



*'ഞങ്ങളുടെ കാലത്ത്' എന്ന് വാദിക്കുന്ന
ഓൾഡ് പ്ലാറ്റ്ഫോമിൽ നിന്നു വരുന്ന
വൈബില്ലാത്ത (അ)ന്യായ വിധിയുടെ
നോട്ടിഫിക്കേഷൻ ടോൺ കേട്ട്,
സ്കിപ് ചെയ്യാൻ പറ്റാത്ത പ്രതീക്ഷകളുടെ
ലോഡുമായി പോകവേ
ആദ്യമായി ലൈഫിൽ വീണത് അപ്ഡേറ്റ്സ്
ഇൻസ്റ്റോൾ ആകാത്തത് കൊണ്ട്.*

*മമ്മിയും പപ്പയും സൈലന്റ് മോഡിൽ പോയപ്പോൾ
ഹെൽപ്പായി എത്തിയ ഗെയിമിലും അജ്ഞാത
ലിങ്കുകളിലും ക്ലിക്ക് ചെയ്ത് ആശ്വസിച്ചു.
ചുറ്റും എൽ.ജി.ബി.ടി.ക്യൂ. രോദനങ്ങൾ
നിറഞ്ഞപ്പോൾ പോസ്റ്റ് ഇട്ടു, പിന്നെ ബ്ലൂ വെയിൽ,
കൊറിയൻ ആപ്പ്. വീണ്ടും ബാലൻസ് പോയത്
റീസെറ്റ് ചെയ്യാതിരുന്നതുകൊണ്ട്.*

*ചങ്കുകളും ബെസ്റ്റീകളും ഓൺലൈനിൽ എത്തി
ബാക്കപ്പ് തന്നെങ്കിലും ആകെ ഡൗൺ ആയപ്പോൾ
ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പോസ്റ്റുകൾ തുണിയുരിഞ്ഞു.
ചാറ്റ്സും കമന്റ്സും കുരിശിൽ ലോക്ക് ചെയ്തു.
ലോഗ് ഔട്ട് ആകാൻ എല്ലാം ലീവ് ചെയ്തു, അൺ ഇൻസ്റ്റോൾ
ചെയ്തു,
മരുന്നെടുത്തു, സ്റ്റഡി എബ്രോഡ് ട്രൈ ചെയ്തു.
ഒടുവിൽ ഒരു മെസേജ് ഇട്ട് ലൈഫ് തന്നെ മ്യൂട്ട് ആക്കി.*

*എല്ലാം ഡ്രെയിൻ ആയപ്പോൾ കൗൺസലിംഗ് മടിയിൽ
ജീവിതം പവർ സേവ് മോഡിലായി.
ഇനി കുറച്ചുകാലം സ്ലീപ് മോഡ്.
മൂന്നാം നാൾ റീസ്റ്റാർട്ട് ആകും.
ഒടുവിൽ എല്ലാം റീ ഇൻസ്റ്റോൾ ചെയ്ത്
ഒരു ഫ്രഷ് സ്റ്റാർട്ട്.*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

## ASHIS SUPER MERCATO

## ASHIS RESTO CAFÉ

# ASHIS BAKERS

FROM THE OVEN OF ASHIS SUPER MERCATO

### ASHIS@TRITVAM

TIME: 9.00 AM–9.00 PM

SUNDAY-10.00 AM–8.00 PM

### ASHIS@ABAD MARINE PLAZA

TIME: 9.00 AM–9.00 PM

SUNDAY-10.00 AM–8.00 PM

### ASHIS@PURVA GRANDBAY

TIME: 9.00 AM–9.00 PM

SUNDAY-10.00 AM–8.00 PM

**ORDERS ACCEPTED PREMIUM QUALITY, PROMPT DELIVERY**

**HOME DELIVERY @ ASHIS**

TIMING: 10.00 AM–06.00 PM
SUNDAY HOLIDAY

+91 85908 36533

**ASHIS SUPER MERCATO**

TIMING: 9.30 AM–10.00 PM • SUNDAY HOLIDAY

Shanmugham Road, Marine Drive, Ernakulam, Kochi, Kerala 682 031

+91 80890 40909, +91 85908 36533

0484 2361403, 97787 36118

# verticalleap
SCAFFOLDING

*Construction on Heights Made Easy*



**VERTICALLEAP SCAFFOLDING PVT. LTD.**

114 B, Convent Road, Eloor North, Udyogamandal PO, Kochi 683 501, Kerala, India.
Mob: +91 94464 86797, +91 73061 31811, +91 73061 41537,
Email: verticalleapscaffolding@gmail.com
Website: www.verticalleap.co.in, www.viscaffolding.com
vertical Leap scaffolding pvt. Ltd.
+91 94464 86797